
യൂണിറ്റ് 1

# വിശ്വാസവീരന്മാര്

സണ്ടേസ്കൂള്




## അദ്ധ്യാപകന്റെ പുസ്തകം

എല്ലാ പ്രായത്തിലുള്ളവര്ക്കും

# വിശ്വാസവീരന്മാർ

വിശ്വാസവീരന്മാര്

സണ്ടേസ്കൂള്

കുട്ടികൾ പ്രാധാന്യമുള്ളവർ എന്നതിൽ നിന്നുള്ള സണ്ടേസ്കൂൾ പാഠ്യപദ്ധതി

**അദ്ധ്യാപകന്റെ പുസ്തകം**

**എല്ലാ പ്രായത്തിലുള്ളവർക്കും**

**യൂണിറ്റ് -1 പാഠങ്ങൾ 1-13 വരെ**

**വെബ് :**

**www.ChildrenAreImportant.com/heroes/**


"കുട്ടികൾ പ്രാധാന്യമുള്ളവർ" എന്ന എല്ലാ ടീമംഗങ്ങൾക്കും നന്ദി!

ചീഫ് എഡിറ്റർ: ക്രിസ്റ്റീന ക്രൂസ്
ക്രിയേറ്റീവ് ടീം: അബ്രീൽ പലാസിയോസ് കാമച്ചോ, ൈവൈറ്റ് ക്രാസ്, ജെന്നിഫർ സാഞ്ചെസ് നീറ്റോ, ജൂലിയോ സാഞ്ചെസ് നീറ്റെ, മൈക് കാംഗസ്, മോൺസെരാറ്റ് ഒരാൻ ഡിയാസ്, സുക്കി കാംഗസ്, വെറോനിക്ക തോജ്, വിക്കി കംഗാസ്.
ഈ പ്രോഗ്രാമിലെ വിസ്മയ സംഗീതത്തിന് റൂബൻ ഡാരിയോയ്ക്ക് നന്ദി.
പരിഭാഷാ ടീം:
അലീൻ സേവ്യർ, അൻപാമ വാങ്കഡെ, അരോമ പബ്ളിക്കേഷൻസ്, ബ്ലെസ്സി ജേക്കബ്, കാർല മയൂമി, ക്രിസ്ബ്രൻസ്ലഹാൻ, ഡേവിഡ് രാജു, എഫ്രയിം നഉന മിറോബി, ഫിന്നി ജേക്കബ്, ജിനാവ്, ജേക്കബ് കുറുവില്ല, ക്രൂസ് 1, മാർക്കോസ് റോച്ച, മാത്യു ദാസ്, നാസിം ബൗഗ്ടിയ, പോൾ മ്ങംഗി, പോൾ സെബാസ്റ്റ്യൻ, റുബീന റായി, സബ്രീന ബെന്നി ജോൺ, സബ് ടീച്ചർ മെ.

# ആമുഖം

വിശ്വാസത്തിന്റെ വീരന്മാർ എന്ന സണ്ടേസ്കൂളിലേക്ക് സ്വാഗതം- ഈ പഠനപരമ്പരയിൽ എബ്രായർ 11-ൽ കാണുന്ന വിശ്വാസത്തിന്റെ വീരന്മാരുടെ പട്ടിക നമുക്ക് നോക്കാംനമ്മുടെ ഭൌമിക ജീവിതത്തേക്കാൾ ആത്മീക ജീവിതം കൂടുതൽ പ്രാധാന്യമേറിയിരിക്കുന്നതിനാൽ എങ്ങനെ ഒരു വിശ്വാസ ജീവിതം നയിക്കാം എന്നത് പഠന വിധേയം ആക്കാൻ കഴിയും എന്തുകൊണ്ട് ആത്മീയ തീരുമാനങ്ങൾ ജീവിതത്തിന്റെ സാധാരണ തീരുമാനങ്ങളെക്കാൾ പ്രാധാന്യമേറിയവ ആയിരിക്കുന്നു എന്ന് ഞങ്ങൾ വിശകലനം ചെയ്യും. ദൈവത്തിൽ വിശ്വസിക്കയും ദൈവത്തോട് സംസാരിച്ച് അവനുവേണ്ടി ജീവിച്ച സ്ത്രീ പുരുഷന്മാരുടെ ജീവിതം പരിശോധിക്കുന്നതിലൂടെ ഈ ചോദ്യങ്ങൾക്കുള്ള പ്രതികരണം ഞങ്ങൾ നൽകും. അവർ നമുക്കൊരു മാതൃകയാണ് ചിലപ്പോൾ അവർ ചെയ്ത നല്ല കാര്യങ്ങൾ കാണുകയും മറ്റുചില അവസരങ്ങളിൽ അവർക്ക് സംഭവിച്ച തെറ്റുകൾ മനസ്സിലാക്കി അതിൽ നിന്നും ചില കാര്യങ്ങൾ നാം പഠിക്കും.
കൊച്ചുകുട്ടികൾ മുതൽ കൌമാര പ്രായത്തിലുള്ളവർക്കുവരെ ആണ് ഈ ക്ലാസ്സുകൾ നല്കുന്നതെങ്കിലും പഴയ നിയമത്തിലെ രസകരമായ വിഷയങ്ങളിലൂടെ അവരോടൊപ്പം പഠനത്തിന്റെ മനോഹാരിത നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. എല്ലാറ്റിനും ഉപരി നമ്മുടെ ദൈനംദിന ജീവിതത്തിൽ ഈ നൂതന ആശയങ്ങൾ എങ്ങനെ പ്രയോഗത്തിൽ വരുത്തുവാൻ കഴിയും എന്നത് ആശ്ചര്യകരമായ ഒന്നത്രേ. ഈ വസ്തുതകൾ എഴുതിയപ്പോൾ ദൈവത്തെക്കുറിച്ചും ക്രിസ്തീയജീവിതത്തെക്കുറിച്ചും കൂടുതൽ പഠിക്കുന്നത് ഞങ്ങൾ വളരെ ആസ്വദിച്ചു.

ദൈവത്തിലുള്ള വിശ്വാസത്തെക്കുറിച്ച് നമ്മൾ സംസാരിക്കാൻ ആരംഭിക്കുമ്പോൾ അതിനെ നിർവചിച്ചുകൊണ്ടു നമുക്ക് ആരംഭിക്കാം. നാം പ്രധാനമായി അതിനായി ഉപയോഗിക്കുന്ന വാക്യം എബ്രായർ 11:1 ആണ്. "വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു". അവനിൽ വിശ്വാസം ഉണ്ടാകണമെങ്കിൽ അവനെ കാണാൻ കഴിയാത്തപ്പോൾ തന്നെ അവന്റെ ആസ്തിക്യത്തിൽ ഉറപ്പുണ്ടായിരിക്കണം. ആ വിശ്വാസം സാധാരണമായി ബൈബിളിലൂടെ ദൈവത്തിൽ നിന്നുവരുന്നു.

ആ വിശ്വാസത്താൽ അവനിലും അവന്റെ വാഗ്ദത്തങ്ങളിലും വിശ്വസിക്കുവാനും അവന്റെ ഇച്ഛ കൊണ്ട് ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുവാൻ കഴിയുന്ന എല്ലാ കിസ്ത്യാനികൾക്കും വളരെ പ്രാധാന്യമേറിയ ഒരു പുസ്തകം ആണ് ബൈബിൾ എന്നാൽ അത് ഒരു ബൃഹത്തായ ഗ്രന്ഥമാണ്. നമ്മിൽ എല്ലാവരും തന്നെ അത് മുഴുവനായി വായിച്ചിട്ടില്ല. എവിടെ, എപ്പോൾ സംഭവിച്ചു എന്നറിയാതെ കുഴക്കുന്നതും അതിശയിപ്പിക്കുന്നതുമായ വിധത്തിൽ അദ്ധ്യാപകരായ ഞങ്ങൾക്കുപോലും ബുദ്ധിമുട്ടുണ്ടാക്കുന്നതരത്തിൽ അത്രയ്ക്ക് വലിയതാണ് ബൈബിൾ. അങ്ങനെയങ്കിൽ കുട്ടികൾക്ക് അത് എങ്ങനെ അനുഭവപ്പെടും എന്ന് ചിന്തിക്കുക. ഇതിനു നമുക്ക് സഹായകമായിത്തീരേണ്ടതിന് പഴയനിയമപുസ്തകങ്ങളെക്കുറിച്ച് ഒരു അവലോകനം നടത്തിയതിനുശേഷം എബ്രായർ 11 ലെ വിഷയങ്ങളിലേക്ക് കടക്കാം. നാം ഇത് പഠിക്കുന്നതോടൊപ്പം അവ നമ്മുടെ ആത്മീയ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുവാനും കഴിയും.



പഴയനിയമ പുസ്തകങ്ങളുടെ പേരുകൾ ഹൃദിസ്ഥമാക്കുകയും ചില പ്രധാന സംഭവങ്ങൾ, ദിവസങ്ങളും സംഭവങ്ങളും തമ്മിലുള്ള അന്തരങ്ങൾ അധികം കുഴപ്പിക്കാത്ത്ത വിധത്തിൽ ചരിത്രപരമായ ക്രമത്തിൽ കുട്ടികൾക്ക് പഠിക്കാൻ കഴികയും ചെയ്യും.

അതിശയം ജനിപ്പിക്കുന്നതുമായ കഥകളും ഇന്നത്തെ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കേണ്ട നിർദ്ദേശങ്ങളും പഴയനിയമത്തിൽ ഉള്ളതുകൊണ്ടാണ് അത് പഠിക്കേണ്ട പ്രധാന കാരണം ആയിരിക്കുന്നത്. ദൈവം തന്റെ വചനം നമുക്ക് നൽകിയിരിക്കുന്നതിനാൽ നമ്മുടെ ദൈനംദിനജീവിതത്തിൽ ദൈവത്തേയും മറ്റുള്ളവരേയും സേവിച്ച് വിശിഷ്ട വീരന്മാരാകുവാൻ നമുക്ക് കഴിയും. നിങ്ങളുടെ പ്രഥമ ദൌത്യം, അത് അംഗീകരിക്കുവാൻ തിരഞ്ഞെടുത്ത് ഓരോ പാഠങ്ങളും നിങ്ങളുടെ ദൈനംദിനജീവിതത്തിൽ പകർത്തി വീട്ടിലും ക്ലാസ്സിലും സഭയിലും ഒരു മാതൃക ആയിത്തീരുക എന്നതാണ്.

നിങ്ങളുടെ കുട്ടികൾ ബൈബിൾ വചനങ്ങൾ മന:പാഠമാക്കുന്നു എന്നിരുന്നാലും പ്രധാന ദൌത്യം ഓരോ ആഴചയിൽ അവർ പഠിക്കുന്നതിനനുസരിച്ച് ജീവിക്കുക എന്നതാണ്. ഈ പാഠങ്ങൾ അവരുടെ ജീവിതത്തിൽ ആഴ്ന്നിറങ്ങി അവരുടെ ജീവിതത്തിൽ പ്രായോഗികം ആക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുക എന്നതാണ് നിങ്ങൾക്കുള്ള ദൌത്യം. നിങ്ങളുടെ മറുപടി ഇപ്പോൾ തന്നെ ഞങ്ങൾക്ക് ആവശ്യമാണ്. ഈ നോട്ടുകൾ 10 സെക്കന്റുകൾകൊണ്ട് തനിയെ ഇല്ലാതാകും.

"വിശ്വാസവീരന്മാർ" എന്ന ഈ പഠനത്തിലൂടെ നിങ്ങൾക്ക് ചുറ്റുമുള്ള കുട്ടികളേയും കൌമാരപ്രായത്തിലുള്ളവരേയും നയിക്കുവാൻ ദൈവം നിങ്ങളുടെ ജീവിതത്തെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

കുട്ടികൾ പ്രാധാന്യമുള്ളവർ ക്രിയേറ്റിവ് റ്റീം



# വസ്തുക്കൾ എങ്ങനെ ഉപയോഗിക്കാം

## കഥ ആവശ്യമാണ്/പ്രമേയം

*"ഒരു മഹാനായ അധ്യാപകൻ വിദ്യാർത്ഥികൾക്ക് അറിവ് നൽകുന്നവനല്ല, മറിച്ച് അവരുടെ താത്പര്യം ഉണർത്താനും തങ്ങളെത്തന്നെ പിന്തുടരുന്നതിൽ താല്പര്യമുള്ളവരുമാണ്." – എം. ജെ. ബെറിൽ*

**പട്ടിക**

തുറക്കുക:

- സ്വാഗതം
- സ്റ്റോറി ആവശ്യമാണ്
- ഗാനം

പ്രധാന പാഠം
പ്രവർത്തനം (ഓപ്ഷണൽ)
ആവശ്യകതയുടെ പ്രമേയം

കുട്ടികളുടെ പുസ്തകം

- ടൈംലൈൻ
- പ്രവർത്തന പേജ്

ചോദ്യങ്ങളും ഉത്തരങ്ങളും (പഴയ വിദ്യാർത്ഥികൾ)
ഗെയിം (ഓപ്ഷണൽ)
ഹാജർ
അസൈൻമെന്റ്

നിങ്ങളുടെ വിദ്യാർത്ഥികൾക്ക് ക്ലാസ് മുറികളിൽ മാത്രം ശ്രദ്ധകൊടുക്കുക എന്നതല്ല. അവർ ഹൃദിസ്ഥമാക്കിയ കാര്യങ്ങൾ അവരുടെ ജീവിതത്തിൽ പ്രായോഗികം ആക്കുവാൻ ഉള്ള പ്രചോദനവും നൽകണം. മധുരം കൊടുത്തോ സമ്മാനങ്ങൾ കൊടുത്തോ കുട്ടികളെ പ്രോത്സാഹിപ്പിക്കുവാൻ ചിലർ ശ്രമിക്കുകയോ ശ്രദ്ധിക്കാതെ വന്നാൽ ശിക്ഷിക്കുകയോ ചെയ്യുന്നു. ഈ രണ്ടു മാർഗ്ഗങ്ങളിലൂടെ ക്ലാസ് മുറിയിൽ നല്ല സ്വഭാവത്തോടെ ഇരിക്കാൻ അവസരം ഒരുക്കുമെങ്കിലും, അവർ വീട്ടിൽ എത്തുമ്പോൾ അവർ പഠിച്ച തത്വങ്ങൾ ജീവിതത്തിൽ പ്രായോഗികം ആക്കാൻ ഒന്നും അവർ ചെയ്യുന്നില്ല. ക്രിസ്തീയ സഭകളിലെ കുട്ടികളുടെ അദ്ധ്യാപകർ എന്ന നിലയിൽ മുതിർന്നവരുടെ യോഗങ്ങളിൽ ശല്യക്കാർ ആകാതിരിക്കാം നാം അവരെ ഗൗനിക്കാറില്ല. പകരം ദൈവത്തെ അറിയുകയും, സേവിക്കയും, പിൻപറ്റുകയും ചെയ്യുന്ന ഒരു പുതിയ വിശ്വാസികളുടെ തലമുറയെ ഉയർത്തിക്കൊണ്ടുവരാനാണ് നാം ശ്രദ്ധിക്കുന്നത്. അത് നമ്മിൽ ഓരോരുത്തർക്കും പ്രയാസമേറിയ ഒന്നാണെങ്കിലും നാം ചെയ്യുന്നതിനേക്കാൾ ഉപരിയായി ദൈവം ഓരോ കുട്ടിയേയും കരുതുന്നു എന്ന് മാത്രമല്ല ഓരോ കുട്ടിയുടെ ജീവിതത്തിൽ അവർക്ക് ഉത്തേജനം നൽകി അവരെ ശുശ്രൂഷിക്കുവാനുള്ള ശക്തിയും ബുദ്ധിയും തുടർമാനമായി നമ്മിൽ പകരുന്നു. വിദ്യാർത്ഥികൾക്ക് ഉത്തേജനം നൽകുന്നതിനു ദൈവത്തെക്കുറിച്ചുള്ള ആവശ്യം അറിഞ്ഞ് അവർ പഠിക്കുന്ന കാര്യങ്ങൾ അവരുടെ ഭവനത്തിലെ യഥാർത്ഥ ജീവിതത്തിൽ പ്രായോഗികം ആക്കുന്നതിനും ആവശ്യമായ കഥ ഓരോ കഥയുടെയുംതുടക്കത്ത്തിൽ നൽകിയിട്ടുണ്ട് 5 കാൽപനിക കഥാപാത്രങ്ങളെ ഞങ്ങൾ സൃഷ്ടിച്ചെടുത്തിട്ടുണ്ട് എന്നതാണ് ഓരോ കഥയുടേയും സവിശേഷത. അവരുടെ പേരുകൾ ആവശ്യാനുസരണം മാറ്റാവുന്നതാണ്. ഓരോ ആഴ്ചയിലും വോളന്റിയർമാർ ഓരോ കഥകളും അഭിനയിച്ച് കാണിക്കുന്നത് ഒരു നല്ല ആശയമാണ്. അത് പ്രായോഗികം അല്ലെങ്കിൽ കുട്ടികളെ

കഥ ഉറക്കെവായിച്ചു കേൾപ്പിക്കാവുന്നതാണ്. പ്രശ്ന പരിഹാരത്തിന് ഉള്ള അഭിപ്രായങ്ങൾ കുട്ടികളോട് നിങ്ങൾക്ക് ചോദിക്കാം. അവരുടെ ആശയങ്ങൾ നല്ലതാണെന്നോ മോശമാണെന്നോ തെറ്റാണെന്നോ ശരിയാണെന്നോ ഒന്നും അവരോടു പറയാതെ അതുവരെ ഒരു പരിഹാരവും നിർദ്ദേശിക്കരുത്. പരിഹരിക്കപ്പെടാത്ത പിരിമുറുക്കം (ടെൻഷൻ) പാഠത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനുള്ള പ്രചോദനം ആകട്ടെ.

പരിഹാര ഭാഗം പാഠത്തിനു ശേഷം ആണ് ഉള്ളത് കുട്ടികൾ കുറേ നേരമായി ഇരിക്കുകയാണെങ്കിൽ റസലൂഷൻ സെഗ്മെന്റിനു മുമ്പ് ഒരു പ്രവൃത്തി ചെയ്യുക. ഒരുങ്ങിക്കഴിയുമ്പോൾ ആവശ്യമുള്ള കഥ കുട്ടികളെ ഓടിപ്പിച്ച് റെസലൂഷനുവേണ്ടി അഭിനേതാക്കൾ രംഗത്തെത്തുകയോ ലഘുവായി വിവരിക്കുക്കയോ ചെയ്യുക. ആവശ്യമുള്ള കഥയുടെ ഭാഗീകമായ കഥയുടെ പിരിമുറുക്കം ഇത് കുറയ്ക്കുകയും സ്കൂളിലും വീട്ടിലും അവർ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് ഇവ സഹായകം ആകുകയും ചെയ്യും ഇതേ രീതിയിൽ കുട്ടികളുടെ ദൈനംദിന ജീവിതത്തിൽ പാഠഭാഗങ്ങൾ പ്രായോഗികം ആക്കുവാൻ നിങ്ങൾ പ്രചോദനം നൽകുന്നു!


## പ്രധാനപാഠം

ഈ പാഠ്യക്രമത്തിൽ പഴയനിയമത്തിന്റെ പൊതുവായ പഠനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അനേക പാഠങ്ങളിലും ബൈബിളിലെ ഒരു വ്യക്തിയുടേയോ ഒരു ഹീറോയുടെയോ പൂർണ്ണ ജീവിതമാണ് നാം നോക്കിക്കാണുന്നത്. ഒരു അദ്ധ്യാപകൻ എന്ന നിലയിൽ രേഖപ്പെടുത്തപ്പെട്ട വേദഭാഗങ്ങൾ മുൻകൂട്ടി വായിച്ച് പഠന വിധേയമാക്കി ഒരു പുത്തൻ ഉൾക്കാഴ്ചകൂടി ലഭ്യമാകത്തക്കവണ്ണം ഉപയോഗിക്കാവുന്നതാണ്. ഓരോ ഹീറോയുടെയും ജീവിതത്തിന്റെ രത്നച്ചുരുക്കം പ്രധാന പാഠത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അവരുടെ ഓർമ്മയിലുള്ള ആ ഹീറോ (വീരപുരുഷൻ) യെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ കുട്ടികളോട് ചോദിച്ച് അവരിൽ താല്പര്യം ഉളവാക്കാൻ ശ്രമിക്കുക.

കഥയുടെ ഭാഗങ്ങൾ ചുരുക്കിയാൽ പ്രധാന പോയിന്റ് വിജ്ഞാപനം പ്രയോഗം അവതരിപ്പിക്കുവാൻ സമയം ലഭിക്കും. ഓരോ പാഠത്തിന്റെ അവസാനവും കുട്ടികൾക്ക് ഒരു തീരുമാനം എടുക്കുവാനുള്ള അവസരം ഉണ്ട്. ഒരു ഫുട്ബോളിൽ(സോക്കർ) ഗോൾ അടിക്കുന്നതുപോലെ ആ തീരുമാനം മുഴുവൻ പാഠത്തിന്റെ പ്രധാന പോയിന്റ് ആണ്. നിങ്ങൾ ആ ഗയിം നന്നായി കളിച്ചാൽ മറ്റു കൂട്ടുകാർക്ക് നല്കുയും മറ്റു റ്റീമിലെ അംഗങ്ങൾ സൂക്ഷിക്കുകയും ഒരിക്കലും ഗോൾ അടിക്കാതിരിക്കയും ചെയ്താൽ നിങ്ങൾക്ക് വിജയി ആകുവാൻ ഒരിക്കലും കഴിയില്ല. കുട്ടികളുടെ ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താവുന്ന ആപ്ലിക്കേഷനിലേക്ക് നിങ്ങൾ എത്തിച്ചേരുന്നു എന്നുറപ്പുവരുത്തുക. യാക്കോബ് 1:22-24 വരെയുള്ള ഭാഗങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു. എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്നു ഉടനെ മറന്നുപോകുന്നു. 1 കൊരിന്ത്യർ 10 അദ്ധ്യായത്തിൽ വായിക്കുന്ന പഴയനിയമ കഥകൾ നാം എന്തുചെയ്യണം എന്തു ചെയ്യരുത് എന്നിവയുടെ ഉദാഹരണങ്ങൾ ആണ്. പഴയ വീരപുരുഷന്മാരെ നാം ശ്രദ്ധിക്കുന്നത് നമ്മെത്തന്നെ കണ്ണാടിയിൽ നോക്കി അവരുടെ ജീവിതത്തെക്കുറിച്ചുള്ള പഠനത്തിന് ഒരു അവസരം നൽകുന്നു. അവരുടെ ജീവിതത്തിൽ സംഭവിച്ച പരാജയങ്ങളെ ഉദാഹരണമാക്കി അതിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് ദൈവത്തിനുവേണ്ടി ജീവിതം നയിക്കാൻ നമുക്ക് കുട്ടികളെ അഭ്യസിപ്പിക്കാം.

## സമയ രേഖ( ടൈം ലൈൻ)

ഓരോ ആഴ്ചയിലും അവരുടെ പുസ്തകത്തിലെ സമയരേഖയിൽ ഹീറോയുടെ ബൈബിൾ കഥകളെ പ്രതിപാദിക്കുന്ന ഒരു രേഖ കുട്ടികൾ വരയ്ക്കുക. ഒന്നാം പാഠത്തിൽ അവർ ആദാമിന്റെ ജീവിതത്തെ ഒരു പാഠത്തിൽ 1 എഴുതിയ രേഖ വരയ്ക്കുകയാണ്. പാഠത്തിൽ തന്നിരിക്കുന്ന അക്കങ്ങൾ ഉപയോഗിച്ച് എവിടം മുതൽ ആണ് രേഖ ആരംഭിക്കേണ്ടതെന്നും എത്ര നീളം അതിനുണ്ടായിരിക്കണം എന്നും കുട്ടികൾ കണക്കുകൂട്ടുക എന്ന ആശയമാണ് ഇതിനു പിന്നിലെ ഓരോ സമചതുരവും 100 വർഷത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഉദാഹരണത്തിനു ആദാമിന്റെ ജീവിതം ആറാം ദിവസത്തെ സൃഷ്ടിയോടെ ആരംഭിക്കുകയും 930 വർഷം കൊണ്ട് അവസാനിക്കുകയോ സമയ രേഖയിൽ 920 1/3 സമചതുരവും ആയിരിക്കുകയോ ചെയ്യും. ഓരോ ഹീറോയുടെയും ജീവിതവും അതിശയിപ്പിക്കുന്ന വിവരണങ്ങളും രസകരമാണെങ്കിലും ആദാമിന്റെ കാലം മുതൽ നോഹയുടെ മരണം വരെയുള്ള കാലം അബ്രഹാമിന്റെ കാലം മുതൽ യേശുവിന്റെ കാലം വരെ തന്നെ ദീർഘമാണെന്ന സത്യം ആയിത്തന്നെ നിലകൊള്ളുന്നു.




* ബൈബിളിൻറെ ടൈംലൈനിനായുള്ള ഏകദേശ തീയതി

* ഓരോ വരിയും 100 വർഷമാണ്.


## അസൈന്മെന്റ് (കർത്തവ്യം)

കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള മറ്റൊരുപാധി ഓരോ ആഴ്ചയിലും പഠിക്കുന്ന പാഠങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്ന ഗൃഹപാഠം നൽകുക എന്നതാണ്. ആഴ്ചയിലെ മദ്ധ്യഭാഗത്ത് ചെയ്യത്തക്ക ഒരു പ്രവർത്തി ഓരോ പാഠത്തിനുമുണ്ട്.

യോഹ. 14:23-ൽ യേശു പറഞ്ഞു "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും."

ഈ അസൈന്മെന്റിനോടൊപ്പം, ദൈവത്തെ ആഴ്ച മദ്ധ്യത്തിൽ കുട്ടികൾ സഭയിൽ മാത്രമല്ല അവരുടെ ജീവിതത്തിലും ദൈവത്തെ കൊണ്ടുവരുവാൻ കഴിയും എന്നതാണ്. മുതിർന്ന കുട്ടികൾക്ക് ബൈബിളിൽ നിന്നുള്ള വായനയ്ക്കുള്ള ഒരു അസൈന്മെന്റ് കൂടി ഉണ്ട്. ഗൃഹപാഠം അസൈന്മേന്റിനെക്കുറിച്ച് ചർച്ച ചെയ്യുവാൻ അല്പ സമയം എടുക്കുകയും അത് ക്ലാസ്സിൽ അഭ്യസിക്കുവാൻ അവസരം നല്കുകയും ചെയ്യുക. കഴിഞ്ഞ ആഴ്ചത്തെ അസൈന്മെന്റ് പൂർത്തീകരിച്ചവർക്ക് ചെറിയ കാൻഡിയോ സമ്മാനമോ പ്രതിഫലമായി നൽകുക.

## ഹാജർ/ഹീറോയുടെ ഗയിം





ഇത് ഓരോ ആഴ്ചയിലും ഹാജറിന് വേണ്ടി ഉള്ള ഓരോ കൂട്ടം കാർഡുകൾ ആയാണ് ഉള്ളത്. ഇത് ഹാജർ കാർഡുകളോ സ്റ്റിക്കറുകളോ ആവാം. അതും ഒരു ഗയിം ആക്കാൻ കഴിയും. യൂണിറ്റിന്റെ അവസാന സമയത്ത്(13 പാഠങ്ങളോ 3 മാസങ്ങളോ) ഈ കാർഡുകൾ കൊണ്ട് കുട്ടികൾക്ക് ഒരു ഗയിം കളിക്കാൻ കഴിയും ഗയിമിലുള്ള നിർദ്ദേശങ്ങൾ കൂടുതൽ വിശദീകരണം ലഭിക്കുന്നതിനായി വായിക്കുക.

**ഇതര ഗയിം:**




ഒരു കടലാസിൽ 1-10 വരെയുള്ള സംഖ്യകൾ കുട്ടികൾ എഴുതട്ടെ. ഗയിമിന്റെ നിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള 10 ചോദ്യങ്ങൾ അദ്ധ്യാപകൻ അപ്പോൾ ചോദിക്കുന്നു. പാരന്തസിസിലെ(ആവരണ ചിഹ്നം) വിശേഷണം പറയരുത്. ഓരോ ചോദ്യത്തിനും ഏത് യോഗ്യതയാണോ വിശേഷ ലക്ഷണം ആണോ ആ സാഹചര്യത്തിന് ഇണങ്ങിയതെന്ന് വിദ്യാർത്ഥികൾ എഴുതണം. ശക്തി, നിർമലത, അനുസരണം, സൗമ്യത, ഹൃദയം അല്ലെങ്കിൽ വിശ്വാസം. ഏറ്റവും കൂടുതൽ ശരിയായി അനുമാനിക്കുന്നവർക്ക് കാൻഡിയോ സമ്മാനമോ ലഭിക്കും.

# 1.ദൈവത്തിൽ വിശ്വസിക്കുക



**ബൈബിൾ കഥ : സൃഷ്ടി**

ഉല്പത്തി 1:1-2:3, എബ്രായർ 11:1-3

## മന:പാഠ വാക്യം 1

എബ്രായർ 11:1 "വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു"

## ആവശ്യമായ കഥ 1



സണ്ടേസ്കൂളിൽ ബ്രൂസ്സിനെ അവർ സൃഷ്ടിയെക്കുറിച്ച് പഠിപ്പിച്ചു. ഈ മുഴുലോകവും 6 ദിവസങ്ങൾകൊണ്ട് ദൈവം സൃഷ്ടിച്ചു എന്ന് അവർ അവനോടു പറഞ്ഞു. അല്പ ദിവസങ്ങൾക്ക് ശേഷം കുട്ടികളുടെ ജീവശാസ്ത്ര പുസ്തകം എടുത്ത് നാം കുരങ്ങിൽ നിന്നാണ് വന്നതെന്ന് പരിണാമ സിദ്ധാന്തം അവനെ കാണിച്ചു. ഇത് ബസ്സിൽ കാര്യമായ സ്വാധീനം ചെലുത്തി. അവൻ പറഞ്ഞു സഭയിൽ അവർ എന്നെ ഒരു രീതിയിൽ പഠിപ്പിച്ചു. സ്കൂളിൽ മറ്റൊരു രീതിയിലും.

### പ്രധാന പാഠം 1

വിശ്വാസവീരന്മാർ എന്ന പുതിയ സണ്ടേസ്കൂൾ പാഠ്യപദ്ധതിയിലേക്ക് സ്വാഗതം. പൌലോസ് വിശ്വാസവീരന്മാരുടെ പട്ടിക നിരത്തുക എബ്രായർ 11 അദ്ധ്യായം എന്ന ലെൻസിലൂടെ പഴയനിയമത്തിന്റെ പൊതുവായ പഠനം നാം നടത്തും. ഈ പഴയ നിയമ പഠനത്തിൽ വിവിധ തൊഴിലിലും ജോലിയിലും ഉള്ളവരെ നമുക്ക് കാണുവാൻ കഴിയും കൃഷിക്കാർ, മാതാക്കൾ, പാസ്റ്ററന്മാർ, പാചകക്കാർ, രാജാക്കന്മാർ, ദാസന്മാർ തുടങ്ങി അങ്ങനെ പല പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടുള്ളവർ ഓരോരുത്തരുടെ വ്യക്തിപരമായ ജീവിതത്തിൽ ഭൌമിക ജോലിയെക്കാളും ദിനംതോറുമുള്ള ജീവിതത്തെക്കാളും അവരുടെ ആത്മീയ തീരുമാനങ്ങൾക്ക് പ്രസക്തി ഉണ്ടായിരുന്നു. നിങ്ങൾ വളർന്നു വരുമ്പോൾ നിങ്ങൾ ആരായിത്തീരും എന്ന് നിങ്ങൾക്കറിയാമോ അഗ്നിശമനസേനാംഗം, ഡോക്ടർ, എഞ്ചിനിയർ, പാസ്റ്റർ, അദ്ധ്യാപകൻ, മെക്കാനിക്ക്(യന്ത്രവിദഗ്ദൻ) എന്നിവരിൽ ആരായിത്തീരുവാനാണ് താല്പര്യം.

നമ്മുടെ ജീവിതത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ നമ്മുടെ ജോലി പദവി സമൂഹത്തിലുള്ള നില എന്നിവയൊക്കെ നാം ചിന്തിക്കുന്ന നമ്മുടെ ഹൃദയ നിലവാരത്തോടും നമ്മുടെ അവനോടുള്ള ബന്ധത്തോടും ഒപ്പം ഈ കാര്യങ്ങൾ അത്ര പ്രാധാന്യമുള്ളവയല്ല. നിങ്ങളുടെ ജീവിതത്തെ സംബന്ധിച്ച് ദൈവത്തിനു ഒരു പ്രത്യേക പദ്ധതി ഉണ്ട്.

ഇന്നത്തെ ബൈബിൾ കഥയിൽ സൃഷ്ടിയെക്കുറിച്ച് നാം പഠിക്കുന്നു. ഈ ആഴ്ച ദൈവം ലോകത്തിന്റെ അസ്തിത്വത്തെക്കുറിച്ച് സംസാരിച്ചു. വിശ്വാസത്താൽ ദൈവത്തിന്റെ കല്പനയാൽ ഈ ലോകം രൂപം കൊണ്ടു എന്ന് ബൈബിളിൽ പറയുന്നു. അതിനാൽ നാം കാണുന്നത് നിർമ്മിച്ചത് ദൃശ്യമായ ഒന്നിൽ നിന്നല്ല എന്നതാണ് വാസ്തവം (എബ്രാ. 11:3) ഉല്പത്തി 1ഉം 2 ഉം

അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന പോലെ ആദിയിൽ 6 ദിവസംകൊണ്ട് ഭൂമി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു.

ദിവസം-1 രാത്രിയും പകലും

ദിവസം-2 സൂര്യനും സമുദ്രവും

ദിവസം-3 കരയും വൃക്ഷലതാതികളും

ദിവസം-4 സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ,

ദിവസം-5 കടൽ ജന്തുക്കളും പക്ഷികളും

ദിവസം-6 കരയിലെ ജന്തുക്കളും മനുഷ്യനും.

ലോകത്തിൽ ആരംഭത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വിവരണവും നാം എങ്ങനെ സൃഷ്ടിക്കപ്പെട്ടു എന്ന് ബൈബിൾ വ്യക്തമാക്കുന്നു. ലോകത്തെയും സർവ്വ ചരാചരങ്ങളെയും ദൈവം സൃഷ്ടിച്ചിട്ട് ആദ്യ മനുഷ്യരായി ആദാമിനേയും ഹവ്വയേയും സൃഷ്ടിച്ച് അവരെ ഏദൻ തോട്ടത്തിൽ ആക്കി. എഴാം ദിവസം ദൈവം പ്രവൃത്തി സമാപിപ്പിച്ചു സ്വസ്ഥനായി.

മനുഷ്യൻ അനേകവിധത്തിലുള്ള കാര്യങ്ങൾ വിശ്വസിച്ചു. ബുസ്സിനെപ്പോലെ സ്കൂളിൽ പോകുമ്പോൾ പരിണാമത്തെക്കുറിച്ചുള്ള കാര്യങ്ങളും ലക്ഷക്കണക്കിന് വർഷങ്ങൾ ലോകത്തിനു പ്രായം ഉണ്ടെന്നും നിങ്ങൾ കേൾക്കുന്നു. ചിലപ്പോൾ ചിലർ ശാസ്ത്രത്തെ വളച്ചൊടിച്ച് ദൈവത്തെ വിശ്വസിക്കുന്നത് ഒഴിവാക്കാൻ നമ്മുടെ ആസ്തികത്തെപ്പറ്റി പല വിശദീകരണങ്ങൾ വഴി തെളിയിക്കാൻ ശ്രമിക്കാറുണ്ട്. ലോകത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ചരിത്രം പറയുന്ന ബൈബിൾ  എന്ന പേരിലുള്ള പുസ്തകത്തിൽ നാം വിശ്വസിക്കുന്നതിനാൽ നാം മുൻകാലങ്ങളെക്കുറിച്ച് അത്ര അന്ധകാര അവസ്ഥയിലല്ല.

ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു, ദൈവം ലോകത്തെ സൃഷ്ടിച്ചു എന്നും ബൈബിൾ കൃത്യമായ ചരിത്രം വെളിവാക്കുന്നു എന്നും ഞാൻ വിശ്വസിക്കുന്നു. ദൈവത്തിനു എന്റെ ജീവിതത്തെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. അതിനാൽ അവനിൽ വിശ്വസിക്കുവാൻ ഞാൻ തീരുമാനിക്കുന്നു.

## റെസെല്യൂഷൻ 1 (പ്രസ്താവം)

ആളുകൾ വിശ്വസിക്കുന്ന പല കാര്യങ്ങൾ ഉണ്ടെന്നു ബുസിന് അറിയാൻ കഴിയും. ഭൂമി പരന്നതാണെന്നു ജനങ്ങൾ വിശ്വസിച്ചിരുന്നു. ഉദാഹരണത്തിന് ഇപ്പോൾ നാം അങ്ങനെ വിശ്വസിക്കുന്നില്ല. ദൈവം ലോകത്തേയും അതിലുള്ള എല്ലാറ്റിനേയും ഉളവാക്കി എന്ന് ഇന്ന് നാം പഠിക്കുന്നു.



## പ്രവർത്തനം-1

**നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്നതെന്താണ്?**

ഓരോ ദിവസത്തെ സൃഷ്ടിയിൽ ഇഷ്ടപ്പെട്ടത് എന്താണെന്നും അവർ എന്തുചെയ്യുമെന്നും ഓരോ കുട്ടിയോടും ചോദിക്കുക.



ദിവസം 1. നിങ്ങൾക്ക് കൂടുതൽ ഇഷ്ടം എന്താണ്: ഇരുളോ വെളിച്ചമോ?
ദിവസം 2. നിങ്ങൾ മത്സ്യത്തെപ്പോലെ നീന്തുകയാണോ അതോ

പറക്കുകയാണോ?
ദിവസം 3. നിങ്ങൾ രാത്രിയാണോ പകലാണോ കൂടുതൽ ഇഷ്ടപ്പെടുന്നത് ?
ദിവസം 4. നിങ്ങൾക്കിഷ്ടമുള്ള ചെടിയോ മരമോ ഏതാണ്?
ദിവസം 5 ഏത് തരത്തിലുള്ള പക്ഷികളെയും മത്സ്യങ്ങളേയും ആണ് നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നത്.?
ദിവസം 6 നിങ്ങളുടെ ഇഷ്ടമൃഗം ഏതാണ്?
ദിവസം 7 അവധി ദിനത്തിൽ നിങ്ങൾ എന്താണ് ചെയ്യാറുള്ളത് ?

## സമയ രേഖ 1

ആദാമിന്റെ ജീവിതത്തെ സംബന്ധിച്ച ഒരു രേഖ വരയ്ക്കുക

ചോദ്യം: എന്നാണ് ആദാം ജനിച്ചത്? ഉത്തരം- സൃഷ്ടിയുടെ ആറാം നാളിൽ

ചോദ്യം: ആദം എത്രകാലം ജീവിച്ചിരുന്നു? ഉത്തരം:

930 വർഷം

## പ്രശ്നോത്തരി 1

ആദിയിൽ ദൈവം വെളിച്ചം സൃഷ്ടിച്ച നല്ലത് എന്ന് കണ്ട് വെളിച്ചത്തെ പകലെന്നും ഇരുളിനെ രാത്രി എന്നും വിളിച്ചു. രണ്ടാം ദിവസം സ്വർഗ്ഗങ്ങളെ ദൈവം സൃഷ്ടിച്ചു.

മൂന്നാം ദിവസം പ്രതലത്തെ ദൈവം സൃഷ്ടിച്ചു വെള്ളത്തെ സമുദ്രം എന്നും ഉണങ്ങിയ നിലത്തെ കര എന്നും പേർ വിളിച്ചു. അതിനുശേഷം വിത്തുള്ള സസ്യങ്ങളെയും ഫലം നൽകുന്ന വൃക്ഷങ്ങളെയും ദൈവം സൃഷ്ടിച്ചു.

നാലാം ദിവസം നക്ഷത്രങ്ങളെയും, സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചു.

അഞ്ചാം ദിവസം കടലിലെ ജീവജാലങ്ങളെയും പക്ഷികളെയും അവൻ സൃഷ്ടിച്ചു.

ആറാം ദിവസം, കാട്ടുമൃഗങ്ങളെ സൃഷ്ടിച്ചു.; അവൻ പുരുഷനേയും സ്ത്രീയെയും സൃഷ്ടിച്ചു. അവരെ അനുഗ്രഹിച്ച താൻ ഉണ്ടാക്കിയ എല്ലാറ്റിന്മേലും അധികാരം നൽകി.





| | | | | | | | |
|---|---|---|---|---|---|---|---|
| മ | 6 | ക | ട | ൽ | ന | സൂ | ഷ്ട |
| ലോ | നു | ര | 6 | ദി | വ | സം | ക്ക |
| 6 | വം | ഷ്യ | മ്മ | മാ | യ | സ്വ | പ്പെ |
| ദൈ | സൂ | ര്യ | ൻ | ഗ | ക | ർഗ്ഗ | ട്ട |
| സൃ | ഷ്ടി | 6 | ദി | വ | ങ്ങ | ങ്ങ | ശ്ര |
| ഷ്ടി | ശ്രേ | ന | ക്ഷ | ത്ര | ങ്ങ | ൾ | ഷ്ഠ |
| ക്ക | 6 | ഷ്ഠ | ർഗ്ഗ | ന | കം | യ | മ |
| പ്പെ | ദി | വ | മാ | ലോ | ക്ഷ | ത്ര | ങ്ങ |
| ട്ടു | മ്മ | ഗ് | ങ്ങ | യ | ർഗ്ഗ | സൂ | ൾ |

## ചോദ്യോത്തരങ്ങൾ 1

നമ്മെ യന്ത്രമനുഷ്യരായി ദൈവം സൃഷ്ടിച്ചിരുന്നുവെങ്കിൽ നാം എങ്ങനെ ആയിരിക്കുമായിരുന്നു? ( ആരും മദ്യപിക്കുകയില്ല, പുകവലിക്കയില്ല തുടങ്ങി) എന്നാൽ അത് നമുക്കുള്ള സന്തോഷത്തെ നശിപ്പിക്കും. നമ്മൾ അടിമകളെപ്പോലെ ആയിരിക്കും, നമ്മൾ സ്വതന്ത്രർ ആയിരിക്കില്ല).

ഭാവിയിൽ ദൈവത്തെ എങ്ങനെ സേവിക്കാനാണ് ആഗ്രഹിക്കുന്നത്?
(ഈ വിഷയം ചർച്ച ചെയ്യുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക) ദൈവം ഓരോരുത്തർക്കും വിവിധ കഴിവുകൾ നൽകിയിരിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭുജം ഒരു കണ്ണിനേക്കാൾ ഉത്തമം അല്ലെങ്കിൽ മറിച്ചും).

നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനം എന്താണ്? (ആത്മീയ തീരുമാനങ്ങൾ, ദൈവത്തോടുള്ള അനുസരണം, ആരെ വിവാഹം ചെയ്യണം, ചെറിയ കാര്യങ്ങളിൽ പോലും ദൈവത്തെ അനുസരിക്കുക തുടങ്ങിയവ.

എവിടെ നിന്നാണ് മനുഷ്യൻ വന്നത്. ഒരു കുരങ്ങൻ, ഒരു സ്‌ഫോടനം, അതോ ദൈവത്തിൽ നിന്നോ? (ശരിയായ ഉത്തരം നേടുന്നതിന് മുമ്പായി ചർച്ച ചെയ്യുക).

## ഗയിം-1

**ബീൻ ബാഗ്**

വാക്യങ്ങൾ ചെറിയ ഭാഗങ്ങൾ ആക്കിയ ഒരു വലിയ പോസ്റ്റർ ബോർഡ് ഉണ്ടാക്കുക. ഈ ഗയിമിൽ കുട്ടികൾ വാക്യങ്ങൾ പറയുന്നതിന് പരിശീലിക്കും.



- ഒരു ബീൻ ബാഗോ ഒരു ബോളോ(പന്ത്) കുട്ടിക്ക് എറിഞ്ഞുകൊണ്ട് അദ്ധ്യാപകൻ ഗയിം ആരംഭിക്കുന്നു. കുട്ടി എഴുന്നേറ്റുനിന്ന് വാക്യത്തിന്റെ ആദ്യഭാഗം ഉറക്കെപ്പറയണം

- വാക്യത്തിന്റെ ആദ്യവാചകം കുട്ടി പറഞ്ഞതിനുശേഷം മറ്റൊരു കുട്ടിക്ക് എറിഞ്ഞുകൊടുത്തു പിടിക്കുന്ന കുട്ടി വാക്യത്തിന്റെ അടുത്ത ഭാഗംപറയുക
- വാക്യഭാഗം ശരിയായി പറഞ്ഞില്ലെങ്കിൽ കുട്ടി ഗയിമിൽ നിന്ന് പുറത്തു പോകുന്നു എങ്ങനെയെന്നാൽ
- എഴുന്നേറ്റ് നിൽക്കാതിരുന്നാൽ
- വാചകം ഉറക്കെ പറയാതിരുന്നാൽ(കേൾക്കാത്ത വിധത്തിൽ പറഞ്ഞാൽ)
- മുൻപുള്ള കുട്ടി പറഞ്ഞ ഭാഗം ആവർത്തിച്ചാൽ
- എല്ലാവർക്കും ഓരോ അവസരം ലഭിച്ചതിനുശേഷം, വീണ്ടും വീണ്ടും വേഗത കൂട്ടി കളിക്കാവുന്നതാണ്

## ഹാജർ -1




ക്ലാസ്സിൽ ഹാജരാകുന്നതിനു ഇന്നത്തേക്കുള്ള കാർഡ് കുട്ടികൾക്ക് നൽകുക. വീരന്മാരുടെ ഗയിം കളിക്കത്തക്കവിധം കാർഡുകൾ ലഭിക്കുവാൻ അടുത്ത ആഴ്ചയിൽ വരത്തക്കവിധം അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക!ഇന്നത്തെ കാർഡ് :

**സൃഷ്ടി**

## ഗൃഹപാഠം-1

**അസൈന്മെന്റ്(കർത്തവ്യം)**

ദൈവം സൃഷ്ടിയുടെ ആദ്യ ആഴ്ചയിൽ ചെയ്ത കാര്യങ്ങളുടെ സെൽഫി എടുക്കുകയോ ലഘുചിത്രം വരയ്ക്കുകയോ ചെയ്യുന്നതാണ് ഈ ആഴ്ചയിലെ നിങ്ങളുടെ അസൈന്മെന്റ്.

തിങ്കൾ: ഒരു സെൽഫി/രാത്രിയിലെയും പകലിലേയും ചിത്രങ്ങൾ വരയ്ക്കുക.
ചൊവ്വ : ഒരു സെൽഫി/സാധ്യമെങ്കിൽ ആകാശം, സമുദ്രം, തടാകം, അല്ലെങ്കിൽ നദി എന്നിവയുടെ ചിത്രം വരയ്ക്കുക.
ബുധൻ: ഒരു സെൽഫി/ ചെടികളും മരങ്ങളും വരയ്ക്കുക
വ്യാഴം : ഒരു സെൽഫി/ സൂര്യ, ചന്ദ്ര, നക്ഷത്രാദികളെ വരയ്ക്കുക
വെള്ളി: ഒരു സെൽഫി/ സാധ്യമെങ്കിൽ മത്സ്യങ്ങളേയും, പക്ഷികളിൽ ഒന്നിനെയും വരയ്ക്കുക
ശനി: ഒരു സെൽഫി/ മൃഗങ്ങളേയും മനുഷ്യനേയും വരയ്ക്കുക
ഞായർ: ഗൃഹപാഠംത്തിനു ഒരു ഇടവേള എടുക്കുന്നു

**വായിക്കുക:**

ഒന്നാം ദിവസം: ഉല്പത്തി 3:1-10
രണ്ടാം ദിവസം: ഉല്പത്തി 3:11-19
മൂന്നാം ദിവസം: ഉല്പത്തി 3:20-4:2
നാലാം ദിവസം: ഉല്പത്തി 4:3-16
അഞ്ചാം ദിവസം: ഉല്പത്തി 4:17-26

# 2.നിന്റെ ഹൃദയം അവനു നല്കുക



**ഹീറോ: ഹാബേൽ**

ഉല്പത്തി 4:1-6, എബ്രാ 11:4

## മന:പാഠവാക്യം 2

മർക്കോസ് 12:30 “നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം, എന്നു ആകുന്നു.”

## ആവശ്യമായ കഥ 2



ശനിയാഴ്ച അതിരാവിലെ കൊമെറ്റിന്റെ പിതാവ് അവന്റെ കിടപ്പുമുറിയിൽ വന്ന് അവനെ ഉണർത്തി ഇപ്രകാരം പറഞ്ഞു. “മോനേ എന്റെ കാർ ഒന്ന് കഴുകണം. എനിക്ക് പിന്നീട് പോകേണ്ടതാണ് എനിക്ക് അതു ചെയ്യാൻ ഇപ്പോൾ സമയമില്ല”. കോമെറ്റ് എഴുന്നേറ്റ് തന്റെ ഗൃഹപാഠം ചെയ്യുവാൻ തുടങ്ങി, വീടിന്റെ നടുമുറ്റം വൃത്തിയാക്കി, ആവശ്യമില്ലാത്തതെല്ലാം എടുത്തു കളഞ്ഞു. അവൻ പിതാവ് അവനോട് ആവശ്യപ്പെട്ട കാര്യം മാത്രം ചെയ്തില്ല. കാരണം അവൻ അതു ചെയ്യുന്നതിൽ താല്പര്യം ഇല്ലായിരുന്നു. മറ്റുകാര്യങ്ങൾ ഒക്കെ ചെയ്തിട്ട് കടയിൽ പോയി അവന്റെ പിതാവിന് ഒരു സമ്മാനവും വാങ്ങിക്കൊണ്ടുവന്നു. അവന്റെ പിതാവ് തിരിച്ചെത്തിയപ്പോൾ കോമെറ്റ് വാതിൽക്കൽ വച്ച് തന്നെ അവനെ കണ്ട് അവൻ വാങ്ങിച്ചുകൊണ്ടുവന്ന സമ്മാനം പിതാവിന് കൊടുത്തു. മകനോട് പറഞ്ഞത് ചെയ്യാഞ്ഞതിനാൽ ആ പിതാവ് വളരെ ദു:ഖിതനായി മകനോട് നന്ദി പറകയോ അവനെ ആലിംഗനം ചെയ്കയോ ചെയ്തില്ല.

## പ്രധാന പാഠം 2

വിശ്വാസവീരന്മാരിലേക്ക് സ്വാഗതം. ഇന്നലെ ദൈവത്തെ വിശ്വസിക്കുന്ന കാര്യം നാം പഠിച്ചു. ദൈവത്തെ നാം വിശ്വസിക്കുന്നു എന്ന് പ്രകടിപ്പിക്കുന്ന രീതിയിൽ ജീവിക്കുന്നതിനു നാം ആഗ്രഹിക്കുന്നു. ദൈവത്തിലുള്ള വിശ്വാസം പ്രകടമാക്കിയ 2 സഹോദരന്മാരെക്കുറിച്ച് ചിന്തിക്കുവാൻ നാം ആഗ്രഹിക്കുന്നു. എന്നാൽ ഒരുവൻ വാസ്തവത്തിൽ ദൈവത്തെ പ്രസാദിപ്പിച്ചു എന്നാൽ മറ്റൊരുവന് അത് കഴിഞ്ഞില്ല.

ഉല്പത്തി അദ്ധ്യായം 4-ൽ ആദാമിനും ഹവ്വായിക്കും 2 മക്കൾ ഉണ്ടായിരുന്നതായി നാം കാണുന്നു. കയീൻ ഒരു കൃഷിക്കാരനും ഹാബേൽ ഒരു ആട്ടിടയനും ആയിത്തീർന്നു. അവരുടെ പ്രവൃത്തി സ്ഥലത്തു നിന്ന് 2 പേരും ദാനങ്ങൾ കൊണ്ടുവന്നു. കയീൻ കൃഷിഫലങ്ങൾ കൊണ്ടുവന്നപ്പോൾ ഹാബേൽ അവന്റെ ആട്ടിൻ കൂട്ടത്തിലെ ആദ്യജാതന്മാരിലെ കൊഴുപ്പുള്ളവയെ ദൈവത്തിനായി കൊണ്ടുവന്നു. ദൈവം കയീന്റെ യാഗത്തിലല്ല “ഹാബേലിന്റെ യാഗത്തിലാണ് പ്രസാദിച്ചതെന്നു മനസിലാക്കിയ കായേനു ഹാബേലിനോട് അവിശ്വസനീയമായ അസ്വസ്ഥത തോന്നി”. ദൈവം അവനു നൽകിയ മുന്നറിയിപ്പുകൾ അവഗണിച്ച് കായീൻ ഹാബേലിനെ കൊന്നു!! അവന്റെ

സഹോദരനെ കൊന്നതിനാൽ ദൈവം കയീനെ ശിക്ഷിച്ച് അവന്റെ കുടുംബത്തിൽ നിന്ന് പുറത്താക്കി അവനു കഠിന വേല നൽകി.

ചില അവസരങ്ങളിൽ, ദൈവത്തെ നാം പിന്തുടരുമ്പോൾ ദൈവത്തെ പ്രസാദിപ്പിക്കത്തക്ക നിയമങ്ങൾ അനുസരിക്കാതെ അവഗണിക്കാറുണ്ട്. നേരത്തെ കേട്ട കോമെറ്റിന്റെ കഥയിലെപ്പോലെ, ദൈവം ഏറ്റവും കൂടുതൽ നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് ചെയ്യാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ പല കാര്യങ്ങളും ചെയ്യാറുണ്ട്; തെറ്റായ വാക്കുകൾ പറയുന്നതിനോ പുകവലിക്കുന്നതിനോ ആരാധനയ്ക്ക് എല്ലാ ആഴ്ചയിലും പങ്കെടുക്കുന്നതിനോ നാം വളരെ ശ്രദ്ധാലുക്കൾ ആണ്. മറ്റു ക്രിസ്ത്യാനികൾ തങ്ങളെക്കുറിച്ച് എന്ത് ചിന്തിക്കും എന്ന് കരുതുന്നതുകൊണ്ടാണ് നാം അങ്ങനെയൊക്കെ ചെയ്യാറുള്ളത്. അങ്ങനെ ചെയ്യുന്നത് ദൈവത്തെ പ്രസാദിപ്പിക്കാനല്ല മറ്റുള്ളവരിൽ നിന്ന് മാനം ലഭിക്കുന്നതിനാണ്(യോഹന്നാൻ 5:44). അവൻ ചെയ്യാൻ പദ്ധതിയിട്ടിരുന്നവയെ ദൈവം പ്രതികരിച്ചപ്പോൾ ദൈവത്തെ പ്രസാദിപ്പിക്കത്തക്കവിധം അവന്റെ സ്വഭാവത്തിന് മാറ്റം വരുത്താൻ കഴിയുമായിരുന്നു. തന്റെ സഹോദരനെ അവൻ ദൈവത്തിനു കൂടുതൽ പ്രിയപ്പെട്ടവനായി കണ്ടപ്പോൾ ദൈവത്തെക്കുറിച്ച് അവൻ കരുതിയതിനേക്കാൾ പദവിക്കും വ്രണപ്പെട്ട അഹങ്കാരത്തിനും ഊന്നൽ കൊടുത്തു.

മർക്കോസ് 12:30-ൽ നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം, എന്നു ആകുന്നു. (ആവർത്തനം 6:5, ലൂക്കോസ് 10:27) ദൈവത്തെ അത്രയ്ക്ക് സ്നേഹിച്ചിരുന്നതിനാൽ ഹാബേൽ ദൈവത്തിനു തന്റെ ഹൃദയം നൽകി അവനുള്ളതിൽ ഏറ്റവും മേല്ത്തരമായത് ദൈവത്തിനു നൽകി. കയീനെപ്പോലെ ശൂന്യമായ ദാനം ആണോ അതോ ഹാബെലിനെപ്പോലെ നിങ്ങളുടെ ഹൃദയം ആണോ ദൈവത്തിനു നൽകുക?

ദൈവത്തിന്റെ ആഗ്രഹംപോലെ ഞാൻ നിൽക്കുവാൻ ആഗ്രഹിക്കുന്നു: എന്റെ ഹൃദയം!

## റെസലൂഷൻ (പ്രസ്താവം) 2



തന്റെ പിതാവ് ഒന്നും പ്രതികരിക്കാതെ വന്നപ്പോൾ കോമറ്റ് ദുഃഖത്തോടെ തന്റെ മുറിയിലേക്ക് പോയി. പിതാവിന് വേണ്ടതെല്ലാമാണ് താൻ ചെയ്തുകൊടുത്തതെന്നു

കോമറ്റ് ചിന്തിച്ചുവെങ്കിലും, അവന്റെ പിതാവ് അവനോട് ഒരു നന്ദിപോലും പറഞ്ഞില്ല.

## പ്രവർത്തനം 2

**സ്നേഹത്തിന്റെ ചേരുവകൾ**

ക്ലാസ്സിലെ ഓരോ കുട്ടിക്കും ലഭിക്കത്തക്കവണ്ണം ചേരുവകളുടെ ചിത്രത്തിന്റെ കോപ്പികൾ എടുക്കുക. കുട്ടികൾ അവയ്ക്ക് നിറം കൊടുത്തു വീട്ടിൽ കൊണ്ടുപോകാവുന്നതാണ്.

2 കപ്പ് സ്നേഹപൂർവ്വമായ പ്രവൃത്തികൾ

2 കപ്പ് അനുസരണം

4 റ്റേബിൾ സ്പൂൺ ഒന്നിച്ചുള്ള ഗുണമേന്മയുള്ള സമയം

1 ഗ്ലാസ് വെള്ളം ദാഹശമനത്തിനു

1 റ്റേബിൾ സ്പൂൺ അടുപ്പം

1 റ്റേബിൾ സ്പൂൺ ഭ്രമിയുടെ ഉപ്പ്.

## സമയ രേഖ 2

1. ഹാബേലിന്റെ ജീവിതത്തിന്റെ രേഖ വരയ്ക്കുക.
2. ചോദ്യം: ഹാബേൽ ജനിച്ചപ്പോൾ ആദാമിന് എത്ര വയസായിരുന്നു? ഉത്തരം കൃത്യ സമയം ഇല്ല. ആദാമിന് 50 വയസായപ്പോൾ ആണ് ഹാബേലിന്റെ ജനനം എന്ന് വിശ്വസിക്കപ്പെടുന്നു.
3. ഹാബേൽ എത്ര കാലം ജീവിച്ചിരുന്നു? ഉത്തരം കൃത്യമായ സമയം ഇല്ല. 50 വർഷം ജീവിച്ചിരുന്നതായി അനുമാനിക്കപ്പെടുന്നു.



## സ്നേഹത്തിന്റെ ചേരുവകൾ

2 കപ്പ് സ്നേഹപൂര്വ്വമായ പ്രവൃത്തികൾ

2 കപ്പ് അനുസരണം

4 റ്റേബിൾ സ്പൂൺ ഒന്നിച്ചുള്ള ഗുണമേന്മയുള്ള സമയം

1 ഗ്ലാസ് വെള്ളം ദാഹശമനത്തിനു

1 റ്റേബിൾ സ്പൂൺ അടുപ്പം


1 റ്റേബിൾ സ്പൂൺ ഭ്രമിയുടെ ഉപ്പ്.




## പ്രശ്നോത്തരി 2



1. ഹാബേൽ ആദമിന്റെയും ഹവ്വയുടെയും രണ്ടാമത്തെ മകൻ ആയിരുന്നു.
2. ഹാബെലിനെക്കാൾ ആടുകളെ കയീൻ ഇഷ്ടപ്പെട്ടിരുന്നു.
3. കായീന്റെയും ഹാബേലിന്റെയും യാഗത്തിൽ ദൈവ പ്രസാദം ഉണ്ടായി.
4. കയീന് തന്റെ സഹോദരനോട് കോപം ഉണ്ടായി.
5. ഹാബേലിന്റെ മരണം ദൈവം ശ്രദ്ധിച്ചില്ല.



| | | | | | | | | |
|---|---|---|---|---|---|---|---|---|
| ആ | കോ | പാ | കു | ല | ഫ | ഹാ | ദ | യി |
| ട്ടി | കൊ | ൻ | ദ | നി | ലം | ക | ബേ | ര |
| ൻകു | ബേ | ട്ട | ത്ത് | ര | ത്തി | സ | ട്ട | ൽ |
| ട്ടം | ത്തു | റ | ക്കു | ക | പാ | ഹോ | യം | ൻകു |
| യി | പ്പ | സാ | നി | ക | ര | ദ | ക | ൻ |
| പ്ര | വ്വ | ത്ത | ദ്ധ്യ | ൻകു | ഹ | ര | ദൈ | വം |
| കോ | പാ | കു | ല | നാ | യി | ൻ | കോ | കു |
| ബേ | പം | കൊ | ട്ട | ക്കു | യി | സാ | ന്നി | ദ്ധ്യം |
| യി | പ്ര | വൃ | ത്തി | കാ | ദൈ | വ | യി | ല |




## ചോദ്യോത്തരങ്ങൾ 2

1. ഏതെല്ലാം സന്ദർഭങ്ങൾ ആണ് ദൈവത്തെ വഞ്ചിക്കാൻ കഴിയുന്നത്? (വിവിധ സന്ദർഭങ്ങൾ നിർദ്ദേശിക്കുവാൻ ശ്രമിക്കുക. ശരിയായ ഉത്തരം ആണെങ്കിലും ആരുമല്ലാത്തത് എന്ന് പറയുക).
2. എല്ലാ നല്ലവരും സ്വർഗ്ഗത്തിൽ പോകും ശരിയല്ലേ? (അല്ല. നല്ലവർ ആയതുകൊണ്ട് നമുക്ക് സ്വർഗ്ഗത്തിൽ പ്രവേശനം ലഭിക്കുകയില്ല. രക്ഷിക്കപ്പെട്ടാൽ മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശം ലഭിക്കുയുള്ളൂ).
3. ഞാൻ ക്രിസ്തുവിനുവേണ്ടി ഭോഷൻ ആകേണ്ടതുണ്ടോ? (ക്രിസ്തുവിനെ അനുഗമിക്കുന്നതിൽ എല്ലാ തൊഴിൽ ചെയ്യുന്നവരിലും ബുദ്ധിമാന്മാരും ഭോഷന്മാരും ഉണ്ട്).

## ഗയിം 2

**ലക്ഷ്യത്തിൽ വെടിവെക്കുക**

ഒരു കുട്ടിയുടെ ചിത്രം പോസ്റ്റർ ബോർഡിൽ കോപ്പി ചെയ്യുക. ഷെയിഡ് ചെയ്തിരിക്കുന്ന ആ ചിത്രത്തിലെ പ്രത്യേകമായി രേഖപ്പെടുത്തിയ ഭാഗങ്ങൾ ലക്ഷ്യത്തിനായി സുഷിരങ്ങൾ ഉണ്ടാക്കുക.



- ഓരോ കുട്ടിക്കു വേണ്ടിയും ഒരു ഷീറ്റോ കടലാസോ ചുരുട്ടി പന്തിന്റ രൂപത്തിൽ ആക്കി നൽകുക.
- ഹൃദയത്തിന്റെ ദ്വാരത്തിന്റെ ഭാഗത്ത് ഈ പന്ത് വയ്ക്കേണ്ടത് എങ്ങനെയെന്നു വിവരിക്കുക. വേറെ എവിടെയെങ്കിലും വച്ചാൽ അവ കാണപ്പെടുകയില്ല.
- പന്തു ഹൃദയത്തിന്റെ ഉള്ളിലേക്ക് പ്രവേശിക്കുമ്പോൾ കുട്ടിക്ക് 1 പോയിന്റ് ലഭിക്കും. ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്ന കുട്ടി ആയിരിക്കും വിജയി.

## ഹാജർ 2

ക്ലാസ്സിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്ക വിധത്തിൽ അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.- ഇന്നത്തെ കാർഡ്




**ഹാബേൽ**

## ഗൃഹപാഠം-2

**അസൈന്മെന്റ് (കർത്തവ്യം)**

നിങ്ങളുടെ ഹൃദയത്തിൽ നിന്ന് ചിലത് നൽകുക എന്നതാണ് ഈ ആഴ്ചത്തെ നിങ്ങൾക്കുള്ള അസൈന്മെന്റ്. നാം മറ്റുള്ളവർക്ക് ചെയ്യുന്നതെല്ലാം യേശുവിനു വേണ്ടിയാണ് ചെയ്യുന്നത്(മത്തായി 25:40) അതിനാൽ മറ്റുള്ളവരെ സഹായിക്കുവാനും അവർക്ക് ആവശ്യമുള്ളവ നൽകുവാനും ഉള്ള അവസരങ്ങൾക്കായി യത്നിക്കുക. നിങ്ങളുടെ മാതാപിതാക്കളുടെ അനുവാദം ഇതിനു ഉണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്. അപകടകരമായ ഒരു കാര്യവും ചെയ്യുവാൻ ശ്രമിക്കരുത്. തിരികെ മറ്റെന്തെങ്കിലും ലഭിക്കും എന്ന് ചിന്തിച്ച ഒന്നും ആർക്കും കൊടുക്കരുത്.

**വായിക്കക**

ദിവസം-1 ഉല്പത്തി 5:1-8

ദിവസം-2 ഉല്പ. 5:9-16

ദിവസം-3 ഉല്പ. 5:17-24

ദിവസം-4 ഉല്പ. 5:25-32

ദിവസം-5 ഉല്പ. 6:1-8

# 3. ദൈവത്തെ പ്രസാദിപ്പിക്കുക



**ഹീറോ- ഹാനോക്ക്**

ഉല്പത്തി 5:21-24, എബ്രായർ 11:5-6

## മന:പാഠവാക്യം 3

യോഹ. 14:2 3 "യേശു അവനോടു എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും."

## ആവശ്യമായ കഥ 3



റ്റാഫിയുടെ ഒരു കൂട്ടുകാരന് മനസിന് വിഷമം തോന്നി ട്ടാഫിയുടെ അടുത്ത് ഉപദേശം ചോദിക്കാൻ പോയി. അവൾ പറഞ്ഞു എന്റെ മാതാപിതാക്കൾ എന്റെ ബന്ധുവിന്റെ കൃഷിയിടത്തിൽ തനിയെ പോകുവാൻ എന്നെ അനുവദിക്കുന്നില്ല. അവരോടു ദൈവവചനം പങ്കുവയ്ക്കുന്നതിനാണ് ഞാൻ അവിടെ പോകാൻ ആഗ്രഹിച്ചത്. അനുവാദമില്ലാതെ പോകണമോ എന്നെനിക്കറിയില്ല, പോകണമെന്നാണ് എനിക്ക് ദൈവത്തിനു വാസ്തവത്തിൽ അത് പ്രസാദപ്രകാരം ആകുമോ എന്നറിയുന്നില്ല. ഞാൻ എന്ത് ചെയ്യണം. സമൂഹമാദ്ധ്യമങ്ങളിൽ ഞാൻ ചെയ്യേണ്ടത് എന്തെന്ന് ചോദിക്കാൻ പോകയാണ്. എനിക്ക് നല്ലതെന്ന് തോന്നുന്നത് ചെയ്‌വാൻ ഞാൻ കണ്ട ചിത്രം എന്നോട് പറഞ്ഞു. എന്റെ ബന്ധുവിന്റെ കൃഷിയിടത്തേക്ക് പോകുന്നതാണ് നല്ലതെന്ന് എനിക്ക് തോന്നുന്നു.

## പ്രധാന പാഠം 3

വിശ്വാസ വീരന്മാരിലേക്ക് വീണ്ടും സ്വാഗതം. ദൈവത്തെ വിശ്വസിക്കുവാനും നിങ്ങളുടെ ഹൃദയം പൂർണ്ണമായി അവനു നൽകുവാനും നാം പഠിച്ചു. ഒരു പടി കൂടി മുന്നോട്ട് പോകാൻ നാം ആഗ്രഹിക്കുന്നു. നിങ്ങളുടെ അദ്ധ്യപകനെയോ പിതാവിനെയോ മാതാവിനെയോ എപ്പോഴെങ്കിലും സന്തോഷിപ്പിച്ചിട്ടുണ്ടോ. നിങ്ങൾ ചെയ്തത് ഒരു നല്ല കാര്യം ആണെന്ന് ആരെങ്കിലും നിങ്ങളോട് പറയുമ്പോൾ നിങ്ങൾക്ക് വളരെ നന്നായിത്തോന്നും. അങ്ങനെയല്ലേ. നിങ്ങളുടെ മുഖത്ത് വലിയൊരു പുഞ്ചിരി ഉണ്ടാകുംവരെ നിങ്ങളുടെ ഉള്ളിൽ നല്ല വികാരങ്ങളുടെ തള്ളൽ അനുഭവപ്പെടും. നമുക്ക് ദൈവത്തെ പപ്രസാദിപ്പിച്ച ഒരു മനുഷ്യനെക്കുറിച്ച് നമ്മുടെ ദൈവത്തെ എങ്ങനെ സന്തോഷിപ്പിക്കാൻ കഴിയും എന്ന് കൂടി നോക്കാം.

അനേകം, അനേകം വർഷങ്ങൾക്ക് മുമ്പ് ഹാനോക്ക് എന്ന പേരുള്ള ഒരാൾ ജീവിച്ചിരുന്നു. അദ്ദേഹത്തെക്കുറിച്ച് അധികം വിവരങ്ങൾ ഒന്നും നമുക്ക് ലഭിച്ചിട്ടില്ലെങ്കിലും അവൻ ഏറ്റവും ശാന്തൻ ആയിരുന്നു എന്നു നാം മനസിലാക്കുന്നു. ഉല്പ. 5:24 ഹാനോക് ദൈവത്തോടുകൂടെ നടന്നു, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. ദൈവം അവനെ വളരെ ഇഷ്ടപ്പെട്ടിരുന്നതിനാൽ അവനെ ദൈവം എടുത്തു(അവൻ എടുക്കപ്പെട്ടു) എത്ര പ്രത്യേകത ഉള്ള കാര്യം. ഒരു ദിവസം അവനെ നാം സ്വർഗ്ഗത്തിൽ വച്ച് കണ്ടു അവനോടൊപ്പം നമുക്കെല്ലാവർക്കും

സമയം ചിലവഴിക്കുവാൻ കഴിയും എബ്രാ. 11:5-6 .''അവൻ ദൈവത്തെ പ്രസാദിപ്പിച്ച'' എന്ന നാം വായിക്കുന്നു. ദൈവത്തെ കാണുമ്പോൾ എങ്ങനെ ആയിരുന്നു എന്നു നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ? ഇതുവരെ ഉണ്ടാകാത്ത ഒരു വലിയ പുഞ്ചിരി ഹാനോക്കിനു ഉണ്ടായിക്കാണും!

ഹാനോക്കിനെപ്പോലെ ദൈവത്തോടൊപ്പം നടന്നു അവന്റെ വചനങ്ങളെ വിശ്വസിച്ച ദൈവത്തെ നമുക്ക് പ്രസാദിപ്പിക്കാൻ കഴിയും എബ്രാ. 11:6 ഇപ്രകാരം പറയുന്നു. ''എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു''. നാം ദൈവത്തിൽ വിശ്വസിക്കുന്നു. ബൈബിളിൽ കൂടെയുള്ള അവന്റെ വചനം പോലെ പ്രവർത്തിക്കുകയും അത് വിശ്വസിക്കുകയും ചെയ്തു അവനെ നാം അന്വേഷിക്കുന്നു.

നേരത്തെ റ്റാഫിയുടെ സ്നേഹിതൻ എന്താണ് ചെയ്യേണ്ടത് എന്ന് അറിവാൻ ആഗ്രഹിച്ചു. ദൈവ വചനം പറയുന്നത് അവളുടെ മാതാപിതാക്കളെ അനുസരിക്കുക അതാണ് അവൾ ചെയ്യേണ്ടുന്ന കാര്യം.

ബൈബിൾ നമുക്കുവേണ്ടിയുള്ള ദൈവ വചനം ആണ്. ഒരിക്കലും തെറ്റുവരാത്ത്ത ദൈവത്തിന്റെ വചനം ആണ് ബൈബിൾ എന്നു നാം വിശ്വസിക്കുന്നു(ഒരു തെറ്റുകളും ഇല്ലാത്തത്) ഈ മനോഭാവത്തിൽ ഇത് നമുക്ക് വായിക്കുകയും അതിൽ രേഖപ്പെടുത്തിയിരിക്കുന്നത് സത്യമാണെന്ന് വിശ്വസിക്കാൻ കഴിയും അത് മാത്രമല്ല. ദൈവത്തിന്റെ ജീവനുള്ള വചനം ആണ്

ബൈബിൾ അതെങ്ങനെ ജീവസുറ്റതായിത്തീരും? ദൈവവചനം ജീവനുള്ളതും പ്രയോജനം ഉള്ളതുമാണ്(എബ്രാ.4:12) നിങ്ങൾ എപ്പോഴെങ്കിലും ബൈബിൾ വായിക്കുകയും വാക്കുകളെ അപ്രത്യക്ഷമാവുകയും ചെയ്തിട്ടുണ്ടോ, തീർച്ചയായും ആ ദിവസം ആവശ്യമുള്ള കൃത്യമായ വാക്കുകളാണോ? ലോകം മുഴുവനുമുള്ള ക്രിസ്ത്യാനികൾക്ക് അങ്ങനെ പലപ്പോഴും സംഭവിക്കാറുള്ളതാണ് യോഹ. 1:14 ഇപ്രകാരം പറയുന്നു യേശു ലോകത്തിൽ വന്നപ്പോൾ ബൈബിളിലെ പോലെ ഒരു വ്യക്തിയായി മനുഷ്യരോടൊപ്പം സഞ്ചരിച്ചു. ദൈവവചനം വായിക്കുകയും വിശ്വസിക്കുകയും ചെയ്യുമ്പോൾ ഹാനോക്കിനെപ്പോലെ നാം ദൈവത്തോടൊപ്പം നടക്കുന്നു!

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ ഞാൻ ബൈബിളിൽ വിശ്വസിക്കുന്നു തെറ്റുകൾ ഒന്നും തന്നെ ഇല്ലാത്തതും ക്രിസ്തീയ ജീവിതത്തിനു എനിക്കുള്ള നിർദ്ദേശങ്ങൾ അടങ്ങിയതുമായ ഗ്രന്ഥം ആണിത്.

## റെസലൂഷൻ 3

റ്റാഫി പറയുന്നു ''അല്ലയോ സ്നേഹിതാ, ''നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം എന്നു ബൈബിൾ പറയുന്നു. നിങ്ങളുടെ മേലുള്ള അധികാരസ്ഥന്മാരെ അനുസരിക്കണം എന്നും ബൈബിൾ പറയുന്നു. ദൈവഹിതം അറിയുന്നതിനുള്ള ശ്രേഷ്ഠമാർഗ്ഗം എന്നോട് ചോദിക്കയോ സമൂഹമാദ്ധ്യമങ്ങളിൽ പരതുകയോ അല്ല ബൈബിൾ വായിക്കുക എന്നതാണ് അവിടെയാണ് നിങ്ങൾ എന്ത് ചെയ്യണമെന്നു ദൈവം സംസാരിക്കുന്നത്''.



## പ്രവർത്തനം 3

**നേതാവിനെ അനുഗമിക്കുക.**

ഈ പ്രവര്ത്തിക്ക് കുട്ടികൾ ജോഡിയായി പങ്കെടുക്കണം ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു എന്നു ബൈബിൾ പറയുന്നു. ദൈവം ഹാനോക്കിനൊപ്പം നടന്നു എന്ന് പറയുന്നതിൽ വ്യത്യസ്ഥമാണ് അത്. മറ്റൊരാളോടൊപ്പം നടക്കണമെങ്കിൽ പിൻഗമിക്കുകയും മുന്നോട്ടു പോകുകയും അല്ലെങ്കിൽ അവർ തിരിയുമ്പോൾ തിരിയുകയും ചെയ്യണം. ജോഡിയായി നിന്ന് ഒരാൾ മറ്റൊരാളെ അല്പസമയം നയിക്കുകയോ പിന്നെ ഒന്ന് നിർത്തി മറ്റെയാൾ ആദ്യത്തെയാളെ നയിക്കുകയും ചെയ്യുക. ഒരാളെ പിന്തുടരുക എന്നത് ചിലപ്പോൾ അത്ര എളുപ്പമുള്ളതല്ല എന്നു തിരിച്ചറിഞ്ഞു ജാഗ്രതയോടെ എന്തിനും തയാറുള്ളവർ ആയിരിക്കുക.



## സമയ രേഖ 3

ഹാനോക്കിനുവേണ്ടിയുള്ള രേഖ വരയ്ക്കുക.


ചോദ്യം- ഹാനോക്ക് ജനിച്ചപ്പോൾ ആദാമിന് എത്ര വയസായിരുന്നു.


ഉത്തരം: 622 വയസ്

ചോദ്യം: ഹാനോക്ക് എത്ര വർഷം ജീവിച്ചിരുന്നു

ഉത്തരം: 365 വർഷം

## പ്രശ്നോത്തരി 3







| | | | | | | | | |
|---|---|---|---|---|---|---|---|---|
| ദൈ | ളു | ത്മ | ലോ | കം | ഇ | ഡ് | ത്സ | ക്ക് |
| ട്ട | വം | ക്ഷ | മാ | യി | ത് | ക്ക് | എ | പ്പ |
| ല | അ | പ്ര | ത്യ | ക്ഷ | മാ | യി | ട്ട | ട്ട |
| ജ | നി | ച്ച | സാ | ജീ | ജീ | ച്ചു | ക്ക | ഖ |
| ഹാ | ക്ക് | സം | ക്ക് | ദി | ക | ഥൂ | പ്പെ | ഛര് |
| നോ | ശ്വാ | ട്ട | ജീ | വി | ച്ചു | ഹാ | ട്ട | ണ |
| വി | അ | ദാം | ട്ട | ഭി | ന | ല്ല | നോ | ഇ |
| മെ | ഥൂ | ശ | ല | ഹ് | ട | ശ്വാ | സം | ക്ക് |
| പ്പെ | ആ | ദാം | പ്ര | ത്യ | ന്ന | പ്പെ | സാ | ക്ഷ്യം |

## ചോദ്യോത്തരങ്ങൾ 3

1. ബൈബിൾ ദൈവം എഴുതി എന്നത് സത്യമാണോ. (ദൈവം എഴുതിയതല്ല ആരെഴുതിയോ അവർക്കുള്ള ആശയങ്ങൾ ദൈവം നൽകി. 40 ആളുകളാൽ 1500 വർഷങ്ങൾ കൊണ്ടാണ് രചന പൂർത്തിയായത്).
2. എന്തുകൊണ്ടാണ് ഞാൻ പൂർണ്ണനല്ല? ( ജീവിതം നാം ആസ്വദിക്കണം എന്ന ദൈവം ആഗ്രഹിക്കുന്നതിനാൽ നമ്മെ യന്ത്രമനുഷ്യർ ആയല്ല ദൈവം സൃഷ്ടിച്ചത് എന്നത് സംസാരിക്കുക).
3. ദൈവത്തെ നമുക്കെങ്ങനെ പ്രസാദിപ്പിക്കാൻ കഴിയും?
   (നിങ്ങളുടെ ഹൃദയം അവനു നൽകി, അവനെ അനുസരിച്ച്, അവനുമായി സമയം ചെലവഴിക്കുകയും ചെയ്യുന്നു).

## ഗയിം 3


**പെന്റാറ്റുക്ക് (പഞ്ചഗ്രന്ഥം) റിലേ:**

5 ഷീറ്റ് കടലാസുകളിൽ ബൈബിളിലെ ആദ്യ അഞ്ചു പുസ്തകങ്ങളുടെ പേരുകൾ എഴുതി അനുബന്ധ ചലത്തിന്റെ ചിത്രം ചുവടെ പരാമർശിക്കുന്നു.

മറ്റൊരു കടലാസിൽ ‘‘പെന്റാറ്റുക്ക് ‘‘എന്നെഴുതുക. ഒരു റിബണിന്റെ കഷണം കൊണ്ടോ കസേര കൊണ്ടോ ആരംഭ രേഖ ചമച്ച്

‘‘പെന്റാറ്റുക്ക്’’ ഷീറ്റ് ഒരു ഗോൾ പോലെ വക്കുക.

ബൈബിളിലെ പുസ്തകങ്ങൾ ഒത്ത് 5 കടലാസ് ഷീറ്റുകൾ ഗോൾവലയത്തിൽ നിന്ന് സ്ഥലം അനുവദിക്കുന്നതുപോലെ വിവിധ സ്ഥാനങ്ങളിൽ വക്കുക



**നീക്കങ്ങൾ(ചേഷ്ട)**

- ഉല്പത്തി- വിടർത്തിയ വിരലുകൾ
- പുറപ്പാട് – കുത്തിയിരുപ്പ്
- ലേവ്യ – ചാട്ടം
- സംഖ്യ – ചുറ്റിത്തിരിയൽ
- ആവർത്തനം – ഒറ്റക്കാലിൽ നിൽക്കുക.

**കളി**

- റിലെ ഓട്ടത്തിന് 2 റ്റീമുകൾ രൂപപ്പെടുത്തുക
- ഓരോ റ്റീമിലെയും ഒരു വിദ്യാർത്ഥി അതെ സമയത്ത് ഓരോ കൊഴ്സിലൂടെ ഓടുന്നു.
- ഓരോ കടലാസിനും അടുത്തെത്തിയതിനു ശേഷം ഒരിക്കൽ ഓരോ വിദ്യാർത്ഥി ബൈബിളിൻറെ പേരുകൾ വിളിക്കുന്നു, ഓരോ അക്ഷരത്തിനും.
- പെന്റാറ്റുക്കിലെ ഓരോ പുസ്തകങ്ങളും പൂർത്തിയായതിനു ശേഷം വിദ്യാർത്ഥി ഓടി ഗോളിൽ തൊടുമ്പോൾ അടുത്ത അംഗം തുടങ്ങുന്നു.
- റ്റീം അംഗങ്ങൾ ഇതുവരെ എത്തിയതിലും മറ്റൊരു പുസ്തകത്തിനു അടുത്തേക്ക് ഓടേണ്ടതാണ്.
- 5 പുസ്തകങ്ങളിലും ഓടിയെത്തി ഗോളിൽ തൊടുന്ന ആദ്യ റ്റീം ആയിരിക്കും വിജയി.

എല്ലാ കുട്ടികളും ആദ്യത്തെ 5 പുസ്തകങ്ങൾ പഠിക്കുന്നതുവരെ കളി തുടരുക.

## ഹാജർ: 3




ഇന്ന് ക്ലാസ്സിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഇന്നത്തെ കാർഡ് നൽകുക. ഹീറോമാരുടെ ഗയിം കളിക്കത്തക്ക വിധത്തിൽ അടുത്താഴ്ച മറ്റൊരു കാർഡ് ലഭിക്കുവാൻ അടുത്താഴ്ച വരത്തക്കവണ്ണം കുട്ടികളെ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഇന്നത്തെ കാർഡ്.
**പെന്റാറ്റുക്ക് (പഞ്ചഗ്രന്ഥങ്ങൾ)**

## ഗൃഹപാഠം :3

**അസൈന്മെന്റ്**

ഈ ആഴ്ച നിങ്ങളുടെ അസൈന്മെന്റ് പുതിയനിയമത്തിൽ ചില കഥകൾ വായിച്ചുകൊണ്ട് യേശു നിങ്ങളോടൊപ്പം നടക്കുകയാണ്. നിങ്ങൾ തന്നോട് ചോദിച്ചതു കൊണ്ടാണ് അവൻ നിങ്ങളെ സഹായിച്ചതെന്ന് കരുതുന്ന സമയത്തെക്കുറിച്ച് എഴുതുക അല്ലെങ്കിൽ മറ്റുള്ളവരെ സഹായിക്കുക. ചിലപ്പോൾ അവൻ നമുക്കു ആശയങ്ങളും തരുന്നു, അതുകൊണ്ട് യേശു നിങ്ങൾക്കു നൽകിയ ആശയങ്ങൾ നിങ്ങൾക്ക് എഴുതാം. ആശയങ്ങൾ ബൈബിളിനോടു യോജിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിങ്ങളുടെ അധ്യാപകനോടൊപ്പം പരിശോധിക്കുക.

**വായനഭാഗം**

ദിവസം 1 : ഉല്പ 6:9-22
ദിവസം 2 : ഉല്പ 7:1-12
ദിവസം 3 : ഉല്പ 7:13-24
ദിവസം 4 : ഉല്പ 8: 1-12
ദിവസം 5 :ഉല്പ 8:13-22

# 4. ദൈവത്തെ അനുസരിക്കുക



**ഹീറോ : നോഹ**
ഉല്പത്തി 6:9-17 എബ്രായർ 11:7

## മന:പാഠവാക്യം 4

യാക്കോബ് 1:22 “എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ”.

## ആവശ്യമായ കഥ 4



കിപ്സിന്റെ മാതാപിതാക്കൾ ഒരു യാത്ര പോയതിനാൽ ബന്ധുവിന്റെ വീട്ടിൽ കിപ്സ് താമസിച്ചു. പോകുന്നതിനു മുമ്പ് അല്പം അപകട സാധ്യത ഉള്ളതിനാൽ രാത്രിയിൽ പുറത്തു പോകരുത് എന്നു കിപ്സിന്റെ പിതാവ് കിപ്സിനോട് പറഞ്ഞു. രാത്രിയിൽ അവൻ പുറത്തു പോകയില്ലെന്ന അറിവോട് കൂടി ഇരുന്നാൽ യാത്രയിൽ അല്പം പിരിമുറുക്കം കുറയുമെന്ന് അവർ കരുതി. ശരി ഡാഡി ഞാൻ എങ്ങും പോകയില്ല എന്ന് കിപ്സ് അവരോടു പറഞ്ഞു. മാതാപിതാക്കൾ പോയിക്കഴിഞ്ഞു അന്ന് രാത്രിയിൽ അവന്റെ ബന്ധുക്കൾ നഗരത്തിൽ അവരോടൊപ്പം ചെല്ലുവാൻ ക്ഷണിച്ചു. അവന് ആ കാര്യം വളരെ ഇഷ്ടമായി. അവരുടെ കൂടെ പോകുവാൻ വസ്ത്രങ്ങൾ ധരിക്കാൻ ആരംഭിച്ചു. ശരി നമുക്ക് പോകാം എല്ലാവരും പറഞ്ഞു.

## പ്രധാന പാഠം-4

വിഷമുള്ള ചിലന്തിയെ എനിക്ക് ഒട്ടും ഭയമില്ല. എപ്പോഴെങ്കിലും ഇങ്ങനെ പറഞ്ഞിട്ടുണ്ടോ. എന്നാൽ അങ്ങനെ ഒന്നിനെ കാണുമ്പോൾ നിലവിളിച്ച് ഓടാൻ തുടങ്ങും. ചെയ്തുകൊള്ളാം എന്നു പിതാവിനോടോ മാതാവിനോടോ പറഞ്ഞിട്ട്, അവരെ അനുസരിക്കാതെ ഇരുന്നിട്ടുണ്ടോ. കഴിഞ്ഞ ആഴ്ചയിൽ ദൈവത്തിന്റെ വചനം വിശ്വസിക്കുന്നതെങ്ങനെയെന്നു പഠിച്ചു. ചെയ്യാമെന്ന് പറയുന്നത് എളുപ്പമാണ് എന്നാൽ അതിൽ പറയുന്നതുപോലെ ചെയ്യാതിരിക്കുന്ന അവസ്ഥ. യാക്കോ. 2:26 പറയുന്നു. പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാകുന്നു. ജീവിക്കുന്ന വിശ്വാസം ഉണ്ടായിരുന്ന ഒരുവനെക്കുറിച്ചു നാമിന്നു പഠിക്കാൻ പോകുന്നു.

ജനം ദുഷ്ടന്മാർ ആയിത്തീർന്നതിനാൽ മുഴുവൻ ലോകത്തെയും ജലപ്രളയത്താൽ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു എന്നു ബൈബിൾ പറയുന്നു. ലോകത്തിലെ ഏക നീതിമാനായിരുന്ന നോഹയോട് ഒരു പെട്ടകം പണിയുന്നതിനു(വലിയ ബോട്ട്) ദൈവംപറഞ്ഞു.
വിവിധ കാരണങ്ങളാൽ ദൈവത്തെ അനുസരിക്കാൻ പ്രയാസം ആണ്. ചിലപ്പോൾ നമുക്ക് അതിനുള്ള താല്പര്യവും ഇല്ല. നോഹ എന്ത് ചിന്തിച്ചു എന്നു ബൈബിൾ പറയുന്നില്ല. എന്നാൽ

ദൈവത്തെ അനുസരിക്കുവാൻ അവന്റെ മനസിന് മാറ്റം വരുത്തുന്നതിന് മുമ്പ് അവൻ പെട്ടകങ്ങൾ(ബോട്ടുകൾ) നിർമ്മിച്ചിരുന്നില്ല.

ചിലപ്പോൾ നമുക്ക് ഗ്രഹിക്കാൻ പ്രയാസം ഉള്ളതുകൊണ്ട് അനുസരിക്കുവാൻ പ്രയാസം ഉണ്ടാകും. ഏകദേശം 100 വർഷം പെട്ടകത്തിന്റെ പണിക്ക് എടുത്തു എന്നാൽ നീലാകാശം എന്നു കണ്ടുകൊണ്ടിരുന്ന നോഹ പ്രളയത്തിന്റെ ഒരു ലക്ഷണങ്ങളും കണ്ടില്ല വളരെ ഒരു തിരക്കേറിയ തെരുവിന്റെ അപകടം ഒരു കൊച്ചുകുട്ടിക്ക് അറിയില്ല. എന്നാൽ അവൻ തന്റെ മാതാപിതാക്കളെ അനുസരിച്ചു. ആ സാഹചര്യത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കേണ്ടതാണ്. നിങ്ങൾക്ക് മനസിലാക്കാൻ ബുദ്ധിമുട്ടുള്ള എന്നെങ്കിലും നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളോട് പറഞ്ഞിട്ടുണ്ടോ?
മറ്റുള്ളവർ എന്ത് ചിന്തിക്കും എന്നു കരുതി ഭയപ്പെടുന്നതിനാൽ ചിലപ്പോൾ ചിലത് അനുസരിക്കാൻ പ്രയാസമുള്ളതാവും. മറ്റുള്ളവർ നോഹയെക്കുറിച്ചു എന്ത് ചിന്തിക്കുമെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ? ഭാവിയിൽ നടക്കാൻ പോകുന്ന കാര്യത്തെക്കുറിച്ചുള്ള അറിവ് അവർക്ക് ലഭിച്ചിരുന്നെങ്കിൽ അവർ നോഹയെ സഹായിക്കുകയും ഒരു യാത്രക്ക് അവസരം ചോദിക്കയും ചെയ്യുമായിരുന്നു!

ചിലപ്പോൾ നാം ചിന്തിക്കും അത് അസാദ്ധ്യം ആയിരിക്കുമെന്ന്. ഓരോ ജോഡി മൃഗങ്ങളേയും പെട്ടകത്തിൽ കയറ്റുവാൻ ദൈവം നോഹയോട് പറഞ്ഞു. പൂച്ച വെള്ളം ഇഷ്ടപ്പെടുന്നില്ല. ബോട്ട് പോലുള്ള ചലിക്കുന്നവ അവർ ഇഷ്ടപ്പെടുകയോ അവർ അത് ശ്രദ്ധിക്കുകയോ ചെയ്യുന്നില്ല. നോഹ പൂച്ചയെ മാത്രമല്ല പ്രവേശിപ്പിച്ചത് സിംഹത്തെയും ആടിനേയും മറ്റെല്ലാ ജീവികളേയും ഒന്നുപോലെ അതിൽ ഉണ്ടായിരുന്നു!
എങ്ങനെയായിരുന്നാലും നോഹ പെട്ടകം പണിതു. മൃഗങ്ങൾ ദൈവത്തെയും അനുസരിച്ചു സ്വയമായി കയറി. ഒരു വർഷവും 10 ദിവസവും ലോകം മുഴുവൻ മഴ പെയ്തു. എല്ലാം തുടച്ചു മാറ്റപ്പെട്ടു. (സദൃശ്യ 19:16) കല്പന പ്രമാണിക്കുന്നവൻ പ്രാണനെ കാക്കുന്നു; നടപ്പു സൂക്ഷിക്കാത്തവനോ മരണശിക്ഷ അനുഭവിക്കും. നോഹയുടെ അനുസരണം മൂലം താൻ മാത്രമല്ല അവന്റെ കുടുംബവും വിവിധ തരത്തിലുള്ള മൃഗങ്ങളും പ്രളയത്തിൽ നിന്ന് രക്ഷപ്പെട്ടു. നിങ്ങൾ ദൈവത്തെ അനുസരിച്ചാൽ അത് മറ്റുള്ളവരുടെ രക്ഷക്കും ഉതകും. നേരത്തെ കിപ്സ് എന്നു പേരുള്ള ഒരു കുട്ടിയെക്കുറിച്ച് കേട്ടു. അവന്റെ ബന്ധുക്കൾ ഒത്ത് പുറത്തുപോകാൻ തുടങ്ങിയപ്പോൾ അവന്റെ
മാതാപിതാക്കൾ അവനോടു പറഞ്ഞത് ഓർത്ത് അവൻ പോകുന്നില്ലെന്ന് ബന്ധുക്കളോട് പറഞ്ഞു.

പ്രളയത്താൽ ഇനി ഭൂമിയെ നശിപ്പിക്കയില്ലെന്നു ഒരു മഴവില്ല് അടയാളമായി നൽകി ദൈവം വാക്കു നൽകി മഴവില്ല് കാണുമ്പോഴൊക്കെയും ദൈവത്തിന്റെ വാഗ്ദത്തത്തെ ഓർത്തു നോഹയെപ്പോലെ ദൈവത്തെ നിങ്ങൾക്ക് അനുസരിക്കാം.

ഞാൻ ദൈവത്തെ അനുസരിക്കാൻ തീരുമാനിക്കുന്ന കാരണം അത് മൂല്യവത്തായ ഒന്നാണ്.



## റസല്യൂഷൻ 4

പോകുന്നതിനു മുമ്പ് കിപ്പ് അവന്റെ പിതാവിന്റെ വാക്കുകൾ ഓർത്ത് അവന്റെ ബന്ധുക്കളോട് അവൻ പോകയില്ലെന്നു പറഞ്ഞു. കിപ്പ് അവന്റെ മാതാപിതാക്കളെ അനുസരിക്കാൻ തീരുമാനിച്ചു.

## പ്രവൃത്തി 4

**നോഹ പറയുന്നു**

“നോഹ പറയുന്നു” എന്ന പേരിൽ ഒരു പ്രവൃത്തി നമുക്ക് ചെയ്യാം അതിൽ കുട്ടികൾ “നോഹ”യെ അനുസരിക്കേണ്ടത് ആവശ്യമാണ്( “ശീമോൻ പറയുന്നു” എന്ന പരിചിതമായ ഗയിം പോലുള്ളത്) പങ്കെടുക്കുന്നവരുടെ മുമ്പിൽ നോഹ നിന്ന് വിവിധ ആംഗ്യങ്ങൾ (ചേഷ്ടകൾ) കാണിക്കത്തക്കവിധത്തിലുള്ള നിർദ്ദേശങ്ങൾ നൽകുന്നു. “നോഹ പറയുന്നു എന്നു പറഞ്ഞിട്ട് ‘മുകളിലേക്കും താഴേക്കും ചാടുക’”, എന്ന് പറഞ്ഞാൽ കുട്ടികൾ അത് ചെയ്യണം. എന്നാൽ നോഹ പറയുന്നു എന്നു പറയാതെ “മുകളിലോട്ടും താഴോട്ടും ചാടുക” എന്നു പറഞ്ഞാൽ കുട്ടികൾ ഒന്നും ചെയ്യേണ്ടതില്ല. “നോഹ പറയുന്നു” എന്നത് കേൾക്കാതെ തെറ്റായി കളിക്കുന്ന ആൾ ചെയ്താൽ ആ ആൾ അയോഗ്യനാക്കപ്പെടും എല്ലാവരും അയോഗ്യമാക്കപ്പെടുകയോ ഒരു കുട്ടി മാത്രം അവശേഷിക്കുകയോ ചെയ്താൽ ഗയിം അവസാനിക്കും.




## സമയരേഖ 4

നോഹയുടെ ജീവിതത്തിന്റെ രേഖ വരയ്ക്കുക

ചോദ്യം: ഹാനോക്ക് ജനിച്ചിട്ട് എത്ര വർഷം കഴിഞ്ഞാണ് നോഹ ജനിച്ചത്? ഉത്തരം 434 വർഷം.


ചോദ്യം: നോഹ എത്ര വർഷം ജീവിച്ചിരുന്നു? ഉത്തരം 950 വർഷം.

## പ്രശ്നോത്തരി 4

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കു | മ്മ | ഗ | ങ്ങ | ശ്വ | ന | മ്മ | പെ | ശ് |
| ട്ടം | ട്ട | ആ | ദ | രി | ക്ക | പ്പെ | ട്ട | ഭ്ര |
| ബം | ഹ | മ | ശ് | മ്മ | നോ | ങ്ങ | കം | ത്ത |
| ദൈ | വം | ഴ | പ്ര | ള | യം | ഹ | ട്ട | ദൈ |
| ഉ | ത്ത | വി | ശ്വ | സി | ച്ച | കൊ | അ | വ |
| മ്മ | വ്യ | ല്ല് | ട്ട | ത്ത | വ്യ | മ്മ | പ്പോ | ്ര |
| കൊ | ഗ | പാ | പം | ര | ന | മ്മ | ശ് | ള |
| ഭ്ര | മി | ങ്ങ | ത്ത | ആ | ദ | രി | രി | പെ |
| പ്പോ | കം | ഉ | ശ് | ന | മ്മ | വാ | ശ | ത്തം |







## ✹ ചോദ്യോത്തരങ്ങൾ 4

1. ഞാൻ എന്താണ് ചെയ്യേണ്ടതെന്ന് എന്റെ മാതാപിതാക്കൾ ഇപ്പോഴും എന്നോട് പറയുന്നത് എന്തുകൊണ്ടാണ്? (അവർ നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ടും ഏറ്റവും നല്ലത് നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നതിനാലും. മാതാപിതാക്കൾ മനുഷ്യർ ആണെന്നും അവർക്കും തെറ്റുകൾ സംഭവിക്കാം എന്നത് ചർച്ച ചെയ്യുന്നത് നന്നായിരിക്കും.)
2. ദൈവത്തെ അനുസരിക്കാതിരിക്കുന്നത് എങ്ങനെയാണ് എന്നെ പ്രശസ്തവും മോടിയുള്ളതും ആക്കിത്തീർക്കുന്നത്? (ഇതുമായി ബന്ധപ്പെട്ട വിവിധ സന്ദർഭങ്ങളെക്കുറിച്ച് സംസാരിക്കുക. ദൈവത്തെ അനുസരിക്കണമോ അതോ പ്രശസ്തർ ആകണോ എന്ന തീരുമാനിക്കേണ്ടി വരുന്ന അവസരങ്ങൾ ഉണ്ടാകുമെന്ന് തിരിച്ചറിയുവാൻ വിദ്യാർത്ഥികളെ സഹായിക്കുക).
3. ഞാൻ സന്തോഷത്തോടെ ജീവിക്കുമോ(ചെറുപ്പകാലത്തെ കെട്ടുകഥകൾ ഭൗമിക കാര്യങ്ങളിലുള്ള സന്തോഷം, ലോകത്തിന്റെ പൂർണ്ണതയുള്ള ജീവിതം എങ്ങനെ ആയിരിക്കും. നിത്യതയിൽ സന്തോഷം എങ്ങനെ ആയിരിക്കും).

## ✹ ഗയിം 4


**രാജാവും രാജ്ഞിയും ചോദിക്കുന്നു!**

- രാജാവിന്റെയും രാജ്ഞിയുടെയും ഭാഗം അഭിനയിക്കാൻ 2 കുട്ടികളെ തിരഞ്ഞെടുക്കുക.
- മറ്റു കുട്ടികളുടെ മുമ്പിൽ സിംഹാസനത്തിൽ ഇരിക്കുന്നത് പോലെ 2 കസേരകളിൽ അവർ ഇരിക്കട്ടെ.
- അവർ ഒരുങ്ങിക്കഴിയുമ്പോൾ, ആദ്യം രാജ്ഞിയോട്, “നിങ്ങൾക്ക് എന്തുവേണം?” എന്ന് അദ്ധ്യാപകൻ ചോദിക്കുന്നു.
- മുറിക്കകത്തുള്ള എന്തോ രാജ്ഞി ആവശ്യപ്പെടുന്നു, എല്ലാ കുട്ടികളും അത് കൊണ്ടുവരാൻ ശ്രമിക്കുന്നു, പെൺകുട്ടികൾ രാജ്ഞിയുടെ അടുത്തും, ആൺകുട്ടികൾ രാജാവിന്റെ അടുത്തും ചെല്ലുക.



- പിന്നീട് അദ്ധ്യാപകൻ താൻ എന്താണ് ആഗ്രഹിക്കുന്നതെന്ന് രാജാവിനോട് ചോദിക്കുന്നു, വിദ്യാർത്ഥികൾ അവരുടെ രാജാവിനു അല്ലെങ്കിൽ രാജ്ഞി ആവശ്യപ്പെട്ട കാര്യം കൊണ്ടുവരാൻ ശ്രമിക്കുന്നു.
- അനുവദിച്ച സമയത്തിനുള്ള ഗെയിം തുടരുക

## ഹാജർ 4




ക്ലാസ്സിൽ ഹാജരുള്ള കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്കവിധത്തിൽ അടുത്തയാഴ്ച വന്ന് മറ്റൊരു കാർഡ് ലഭ്യമാകുന്നതിനായി അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഇന്നത്തെ കാർഡ്

**നോഹ**

## ഗൃഹപാഠം 4

**അസൈന്മെന്റ്**

നിങ്ങൾ ചെയ്യുവാൻ ദൈവം ആഗ്രഹിക്കാത്ത കാര്യം ചെയ്‌വാൻ പ്രലോഭിപ്പിക്കപ്പെട്ടതും എന്നാൽ ദൈവത്തെ പിന്തുടരുവാൻ നിങ്ങൾ തീരുമാനിച്ചതുമായ ഒന്നോ അതിലധികമോ സമയങ്ങൾ രേഖപ്പെടുത്തുക എന്നതാണ് ഈ ആഴ്ചയിലെ നിങ്ങൾക്കുള്ള അസൈന്മെന്റ്.

**വായനഭാഗം**

ദിവസം 1: ഉല്പത്തി 15:1-6

ദിവസം 2: ഉല്പത്തി 15:7-21

ദിവസം 3: ഉല്പത്തി 21:1-6

ദിവസം 4: ഉല്പത്തി 22:1-10

ദിവസം 5: ഉല്പത്തി 22:11-19

# 5 പരീക്ഷയിൽ വിജയി ആകുക



**ഹീറോ: അബ്രഹാം**

ഉല്പ: 12:1-7, 15:1-6, 21:1-3, 22:1-19, എബ്രാ. 11:8-19

## മന:പാഠവാക്യം : 5

യാക്കോബ് 1:12 "പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും."

## ആവശ്യമായ കഥ 5



അത് വളരെ,വളരെ പ്രാധാന്യമേറിയ ഒരു പരീക്ഷ ആണ്. എല്ലാവരും ഇതിനായി ഒരുങ്ങേണ്ടതാണ് കാരണം ഇതിലെ ഫലം അനുസരിച്ചാണ് അറിവിന്റെ ഒളിമ്പിക്സിനു പോകുന്നവർ തിരഞ്ഞെടുക്കപ്പെടുന്നത്. അതിനാലാണ് പെപ്പി പുറത്തു കളിക്കാൻ പോകാതെ മുഴുവൻ ദിവസവും പഠനത്തിനായി ചിലവഴിച്ചത് അവൾക്ക് ഒന്നാംസ്ഥാനം കിട്ടണമെനാണ് ആഗ്രഹം. പ്രതീക്ഷിച്ച ദിനം വന്നെത്തി മൂർച്ചകൂടിയ പെൻസിലുമായി എല്ലാവരും ഒരുങ്ങി അവരവരുടെ സീറ്റുകളിൽ ഇരുന്നു. അദ്ധ്യാപകൻ എത്തി പരീക്ഷ അവർക്ക് നൽകി. അവൾ പഠിച്ച വിഷയം അല്ലാതെ മറ്റൊരു വിഷയം ആയിരുന്നു പരീക്ഷാ വിഷയം എന്നത് പെപ്പിയെ സ്തംബ്ദയാക്കി.

## പ്രധാന പാഠം 5

വിശ്വാസത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഒരാളെക്കുറിച്ച് നമുക്ക് പഠിക്കാം. ഒരു ദിവസം ദൈവം അബ്രഹാമിനെ വിളിച്ച് തന്റെ പിതാവിന്റെ നഗരം വിട്ടു ദൈവത്തെ അനുസരിക്കാൻ പറഞ്ഞതനുസരിച്ച് അബ്രഹാം അനുസരിച്ചു. അബ്രഹാമിനും ഭാര്യക്കും മക്കൾ ഉണ്ടാവില്ല എന്നതായിരുന്നു സ്ഥിതി. അവർ വളരെ പ്രായം ചെന്നവർ ആയിരുന്നെങ്കിലും അവർക്ക് മക്കളെ ലഭിക്കുമെന്ന് അവന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരു സന്ദർഭത്തിൽ ദൈവം വാഗ്ദത്തം കൊടുത്തു. അതു മാത്രമല്ല അവന്റെ അനന്തരാവകാശികൾ ഒരു വലിയ രാഷ്ട്രം ആയിത്തീരുമെന്നും മുഴുലോകവും അവനോലൂടെ അനുഗ്രഹിക്കപ്പെടുമെന്നും ദൈവം വാഗ്ദത്തം ചെയ്തു. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു അത് ദൈവം അവനു നീതിയായി കണക്കിട്ടു.

വർഷങ്ങൾക്കുശേഷം അബ്രഹാമിനും സാറക്കും യിസ്ഹാക്ക് എന്ന ഒരു ആൺകുട്ടി ജനിച്ചു. ചില വർഷങ്ങൾ കഴിഞ്ഞപ്പോൾ ദൈവത്തിന്റെ പൂർത്തീകരിക്കപ്പെട്ട വാഗ്ദത്ത സന്തതിയും താൻ ഏറ്റവും വിലയേറിയവനായി സ്നേഹിക്കുന്നവനുമായ യിസ്ഹാക്കിനെ യാഗം അർപ്പിക്കുവാൻ ദൈവം ആവശ്യപ്പെട്ടു! യിസ്ഹാക്കിനെ രക്ഷിക്കുവാനുള്ള പദ്ധതി ദൈവത്തിന് ഉണ്ടായിരുന്നു,

എന്നാൽ അത് അബ്രഹാമിനോട് അതുവരെ വെളിപ്പെടുത്തിയില്ല. അവനെ എത്രത്തോളം സ്നേഹിക്കുന്നു എന്നറിയാൻ ദൈവം കാത്തിരുന്നു.

ചിലപ്പോൾ നമ്മുടെ ജീവിതത്തിൽ വലിയ പദ്ധതികൾ ദൈവത്തിന് ഉണ്ടായിരിക്കും. എന്നാൽ അത് യാഥാർത്ഥ്യം ആകുന്നതിനു മുമ്പ് ഒരു പരീക്ഷ കടന്നുവരും. നാം ദൈവത്തെ എത്രത്തോളം സ്നേഹിക്കുന്നു എന്നറിവാൻ താൻ ആഗ്രഹിക്കുന്നു. നിങ്ങളോട് ഇന്ന് ദൈവം ആവശ്യപ്പെടുന്നത് എന്താണ്. ചിലപ്പോൾ നിങ്ങളുടെ ജീവിതത്തിലെ തെറ്റായ സ്വഭാവങ്ങളുടെ മാറ്റമോ. തെറ്റായ സ്വാധീനം നിങ്ങളിൽ ചെലുത്തുന്ന ഒരു കൂട്ടുകാരനോ കള്ളം പറയുന്നതും മോഷ്ടിക്കുന്നതും നിർത്തുന്നതോ വീട്ടുജോലിയിൽ മാതാവിനെ സഹായിക്കുന്നത് അങ്ങനെ പലതും ആകാം ദൈവം നിങ്ങളോട് ആവശ്യപ്പെടുന്നത്. അതെപ്പോഴും തെറ്റായ ഒരു കാര്യം ആയിരിക്കണമെന്നില്ല. അബ്രഹാമിന്റെ മകൻ യിസ്ഹാക്ക് ഒരു ചീത്ത സ്വഭാവക്കാരൻ അല്ലായിരുന്നു. ചിലപ്പോൾ ദൈവത്തോടുള്ള സ്നേഹവുമായി മത്സരിക്കുന്ന ചില നല്ല കാര്യങ്ങളും ആവാം. ചില ആളുകൾക്ക് ഒരു വലിയ പേരുണ്ടാക്കാൻ ആഗ്രഹിക്കുന്നതിനാൽ ഉന്നത വിദ്യാഭ്യാസം ഉപേക്ഷിക്കാൻ ദൈവം ആവശ്യപ്പെടാറുണ്ട്. മറ്റുള്ളവർക്ക് ഉന്നത വിദ്യാഭ്യാസത്തിനു താല്പര്യം ഇല്ലെങ്കിലും അതു തുടരാൻ ദൈവം ആവശ്യപ്പെടുന്നു. അത് ഒരു സംഗീത ഉപകരണമോ ആകർഷണമോ (നിങ്ങൾക്കിഷ്ടമുള്ള ചിലരോട്) അല്ലെങ്കിൽ ഇഷ്ടമുള്ള കാർട്ടൂൺ ചിത്രമോ ആകാം. അനേക ക്രിസ്ത്യാനികളും പലതും നൽകാൻ താല്പര്യപ്പെടാതെ പെപ്പിയെപ്പോലെ തെറ്റായ വിഷയം പരീക്ഷയ്ക്ക് പഠിച്ച് അവരുടെ വിശ്വാസത്തിൽ കുരുങ്ങി വളർച്ച മുരടിച്ചതായി മാറുന്നു. ദൈവത്തെയോ മറ്റെന്തെങ്കിലുമോ തിരഞ്ഞെടുക്കേണ്ട നിമിഷം വന്നെത്തുമ്പോൾ നിങ്ങൾ ഏത് തിരഞ്ഞെടുക്കും.

ഏറ്റവും വിഷമമേറിയ ഈ കാര്യത്തിൽ അബ്രഹാം ദൈവത്തെ അനുസരിക്കാൻ തീരുമാനിച്ചു. അവൻ മലയുടെ മുകളിലേക്ക് യിസ്ഹാക്കുമൊത്ത് ചെന്ന് അവനെ കെട്ടി യാഗപീഠത്തിൽ കിടത്തി. അബ്രഹാം കത്തി ഉയർത്തി അവനെ കൊല്ലുവാൻ തുടങ്ങിയപ്പോൾ ദൈവം അവനോടു പറഞ്ഞു നിർത്താൻ. അടുത്ത കുറുങ്കാട്ടിൽ കുടുങ്ങിക്കിടക്കുന്ന കുഞ്ഞാടിനെ ദൈവം അവനു കാണിച്ചുകൊടുത്തു യിസ്ഹാക്കിനു പകരമായി അവൻ അതിനെ യാഗം കഴിച്ചു. ലോകത്തിലെ എന്തിനേക്കാളും അബ്രഹാം ദൈവത്തെ സ്നേഹിച്ചിരുന്നു എന്നത് വ്യക്തമായിരുന്നു. നമ്മുടെ സ്ഥാനത്ത്  മരിക്കുവാൻ തന്റെ പുത്രനെ നൽകിയപ്പോൾ ചെയ്തത് അതെ കാര്യം തന്നെ ആയിരുന്നു.

മത്താ 7:12 മറ്റുള്ളവർ നമുക്ക് ചെയ്യണം എന്നു നാം ആഗ്രഹിക്കുന്നത് നാം അവർക്കുവേണ്ടി ചെയ്യണം എന്ന് യേശു പറഞ്ഞ വാക്ക് അവൻ തന്റെ ജീവൻ നൽകി പ്രവൃത്തി പഥത്തിൽ കൊണ്ടുവന്നു. ദൈവം തനിക്കുള്ളതെല്ലാം നമുക്ക് നൽകി അതുപോലെ നാമും ചെയ്യാൻ അവൻ നമ്മോട് ആവശ്യപ്പെടുന്നു

മുഴുലോകത്തിൽ ഉള്ള എല്ലാറ്റിനെക്കാളും ഞാൻ ദൈവത്തെ സ്നേഹിക്കുന്നു.


## റസലൂഷൻ 5



പരീക്ഷയ്ക്ക് ഉത്തരം നൽകിയപ്പോൾ അവൾ വളരെ വികാരഭരിതയായി. എല്ലാവരും പരീക്ഷ എഴുതിക്കഴിഞ്ഞപ്പോൾ പരിശോധിച്ച് അവർക്ക് റിസൽട്ട് നൽകി പെപ്പി ഒഴികെ എല്ലാവരും പരീക്ഷയിൽ വിജയിച്ചു. സഹപാഠികൾ അത് അറിഞ്ഞപ്പോൾ എല്ലാവരും അവളെ കളിയാക്കി. പപ്പി വളരെ ദുഃഖിതയായിത്തീർന്നു.

## പ്രവർത്തനം 5

**പോപ്പ് ക്വിസുകൾ**



ഈ പ്രവൃത്തി കുട്ടികൾ ലൌകീക കാര്യങ്ങൾ ആണോ ആത്മീക കാര്യങ്ങൾ ആണോ കൂടുതൽ ആഗ്രഹിക്കുന്നതെന്ന് വെളിവാക്കുന്നവയാണ്. ക്ലാസ് സമയത്ത് 3 പോപ്പ് (പ്രശ്നോത്തരികൾ) ഉണ്ടായിരിക്കുമെന്ന് കുട്ടികളോട് പറയുക എന്നാൽ എപ്പോൾ ആണെന്ന് അവർക്ക് അറിവാൻ കഴിയില്ല.

ക്വിസുകൾ(പ്രശ്നോത്തരികൾ):

1. ക്ലാസ് മുറിയിൽ കാണാവുന്നതും എടുക്കാവുന്നതും ആയ സ്ഥലത്ത് നാണയങ്ങൾ ഇട്ടേക്കുക. ആരെങ്കിലും ക്ലാസ് സമയത്ത് അതെടുക്കുന്നുണ്ടോ അത് കാണുമ്പോൾ എന്താണ് അവർ ചെയ്യുന്നത് എന്നും ശ്രദ്ധിക്കുക. നാണയങ്ങൾ എടുക്കാത്ത കുട്ടി ആയിരിക്കും വിജയി.
2. ഓരോ കുട്ടിക്കും ഓരോന്ന് വീതം വ്യത്യസ്ഥതരത്തിലുള്ള ആകർഷണീയ/ ആസ്വാദ്യതയുള്ള വസ്തുക്കൾ കൊണ്ടുവരിക ചിലത് മറ്റുള്ളതിനേക്കാൾ മെച്ചമായവ ആണ്. എല്ലാവർക്കും ഓരോ പ്രത്യേക വസ്തുക്കൾ കരുതിയിട്ടുണ്ടെന്നു പറഞ്ഞു ഓരോരുത്തരായി അതിന്റെ മുമ്പിലൂടെ അതെടുക്കുവാൻ അനുവദിച്ചുകൊണ്ട് കടത്തിവിടുക ഏറ്റവും നല്ലത് എടുക്കാതിരിക്കുന്ന കുട്ടി ആയിരിക്കും വിജയി.
3. വിളമ്പുന്നതിന് ഒരവസരം നൽകുക. ക്ലാസിനു ശേഷം ക്ലാസുമുറി വൃത്തിയാക്കാൻ അവരോടു ആവശ്യപ്പെടുക. ഏറ്റവും നന്നായി വൃത്തിയാക്കുന്ന കുട്ടി ആയിരിക്കും വിജയി.

ഉപസംഹാരം: ഈ മൂന്നു പരീക്ഷകൾ കഴിയുമ്പോൾ എന്തുകൊണ്ടാണ് കുട്ടികൾ വിജയികൾ ആയതെന്നു വിശദീകരിക്കുക.

## സമയ രേഖ 5


അബ്രഹാമിന്റെ ജീവിതത്തിന്റെ രേഖ വരക്കുക

ചോദ്യം: അബ്രഹാം ജനിച്ചപ്പോൾ നോഹക്ക് എത്ര വയസായിരുന്നു? 890 വയസ്

ചോദ്യം : അബ്രഹാം എത്രനാൾ ജീവിച്ചിരുന്നു? 175 വർഷം

## പ്രശ്നോത്തരങ്ങൾ 5






| | | | | | | | | |
|---|---|---|---|---|---|---|---|---|
| പ | ഠ | നം | ആ | ദ | രി | ക്ക | പ്രാ | പം |
| പ്രാ | രീ | ദൈ | ക്രി | സ്ത്യാ | ട്ട | പ്പെ | ധാ | രാ |
| ന്യം | ധാ | ക്ഷ | അ | ന | മ്മ | ൾ | ന്യം | ജ |
| പ | രി | ശോ | ധി | ക്ക | ക | ആ | ശ്ച | ര്യം |
| ങ്ങ | രാ | യം | ക | നി | പ്പെ | അ | ച്ച | യു |
| ൾ | ത്മീ | ജ | സ്ത്യാ | ങ്ങ | അ | ച്ച | ട | ക്കം |
| ആ | പ | ക്രി | പ്പെ | ൾ | റി | ജീ | ക്കം | മ്മ |
| ത്ത | ര | വ്വ | കൊ | ട്ടു | യു | ത്തു | വ | ക |
| ജീ | വ | ൾ | നി | ങ്ങ | ക | ദൈ | വം | ൻ |

## ചോദ്യോത്തരങ്ങൾ 5

1. നിങ്ങൾ ചെയ്തതിനേക്കാൾ ഭംഗിയായി അവർ ചെയ്തതിനാൽ ഒരു നല്ല കാര്യത്തിൽ നിങ്ങളുടെ സ്ഥാനം മറ്റൊരാൾ കൈവശം ആക്കിയാൽ നിങ്ങൾ എന്തുചെയ്യു (അവരോടു കയ്പായി ഇരിക്കാതെ മറ്റൊരാളോടെ അദ്ധ്യാപകനോടോ ക്ഷമിക്കുവാൻ ദൈവത്തിന്റെ സഹായം ആവശ്യപ്പെടുന്നതെങ്ങനെയെന്നു ചർച്ച ചെയ്യുക. ഇനിയൊരു അവസരത്തിനായി എങ്ങനെ ന്നിങ്ങൾക്ക് പഠിക്കുവാനോ കഠിന പ്രയത്നം ചെയ്യുവാനോ കഴിയും എന്നതും ചർച്ചക്ക് വിധേയം ആക്കുക).
2. ദൈവം നിങ്ങൾക്ക് ഏറ്റവും ഒടുവിൽ നൽകിയ പരീക്ഷ എന്തായിരുന്നു? ചെറിയതോ വലിയതോ ആയ കുട്ടികളാണെങ്കിലും ദൈവം അവരെ വിടുവിച്ചതോ സഹായിച്ചതോ ആയ സന്ദർഭങ്ങളിലൂടെ കടന്നുപോയിട്ടുണ്ടാവാം. ഒരു സന്ദർഭം വിവരിക്കുവാൻ അവസരം നൽകുക. ഈ പാഠപദ്ധതിയുടെ രചയിതാവായ ക്രിസ്റ്റീനയുടെ ജീവിതത്തിലെ ഒരു ഉദാഹരണം ഞാൻ ഔർ ചെറിയ കുട്ടി ആയിരുന്നപ്പോൾ നേരിടേണ്ടി വന്ന പരീക്ഷണങ്ങളെ ഞാൻ ഓർക്കുന്നു. ഒരു ഡാൻസ് പരിപാടിക്കും പോകയില്ലെന്നു ഞാൻ ദൈവത്തോട് വാക്കുപറഞ്ഞു. അത് പാലിക്കാൻ വളരെ എളുപ്പം ആണെന്ന് ഞാ കരുതി എങ്കിലും ഞങ്ങളുടെ സഭയിൽ അതിനു ഒരു അവസരം വന്നു. ഒരു ക്രിസ്തീയ പരിപാടിക്ക് പോകാൻ കഴിയാതെ എന്റെ വാക്ക് പാലിക്കുന്നത് പ്രയാസം ആയി).
3. നമ്മുടെ ആത്മീയത്തിൽ എങ്ങനെ എത്താൻ കഴിയും ( ഇവിടെ നമ്മുടെ കുട്ടികളെ പരീശന്മാരായിത്തീരാൻ പരിശീളിപ്പിക്കാതെ മറ്റുള്ളവർ കാണാവുന്ന മതപരമായ കാര്യങ്ങൾ ചെയ്യാവു മതപരമായും ഹൃദയത്തിൽ നിന്ന് യേശുവിനെ പിന്തുടരുന്നതിന്റെയും വ്യത്യാസം തിരിച്ചറിയാൻ അവരെ സഹായിക്കുക. നിങ്ങൾ ചെയ്യുന്നത് മനുഷ്യൻ കാണേണ്ടതിനുള്ള കാര്യങ്ങൾ മാത്രമാണോ. ഞാൻ അങ്ങനെ ചെയ്യുന്നത് മറ്റാരും കാണുന്നില്ലെങ്കിലും ഞാൻ ചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്നതിനാൽ ആണോ).

### ഗയിം 5


**വസ്തു എന്തെന്ന് അനുമാനിക്കുക**

- വിവിധ വസ്തുക്കൾ ശേഖരിക്കുക(പൂക്കൾ, പെൻ, ബട്ടണുകൾ, ബോ, ഇയറിംഗ്) കുട്ടികൾ അത് കാണാതിരിക്കാൻ ശ്രദ്ധിക്കുക.
- കുട്ടികളുടെ കണ്ണുമൂടിക്കെട്ടി മണപ്പിച്ചോ പരിശോധിച്ചോ അത് ഏത് വസ്തു ആണെന്ന് തിരിച്ചറിയുക.
- കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് വസ്തുക്കൾ ഒരു ബാഗിൽ ഇട്ട് ഓരോ ഗ്രൂപ്പിന്റെ അടുത്തുകൂടി ബാഗ് പാസ് ചെയ്ത് അതിൽ എത്രത്തോളം വസ്തുക്കൾ തിരിച്ചറിവാൻ കഴിയുമെന്ന് കണ്ടുപിടിക്കുക.



## ഹാജർ 5

ക്ലാസ്സിൽ ഹാജരുള്ള കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്കവിധത്തിൽ അടുത്തയാഴ്ച വന്ന് മറ്റൊരു കാർഡ് ലഭ്യമാകുന്നതിനായി അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഇന്നത്തെ കാർഡ്.




**അബ്രഹാം**

## ഗൃഹപാഠം 5


**അസൈൻമെന്റ്**

നിങ്ങൾക്ക് നിങ്ങളുടെ ജീവിതത്തിൽ ചെയ്യുവാൻ കഴിയുന്നവയും നിങ്ങളുടെ സ്വപ്നങ്ങളും എഴുതുക എന്നതാണ് ഈ ആഴ്ചത്തെ നിങ്ങൾക്കുള്ള അസൈൻമെന്റ്. വലിയ സ്വപ്നങ്ങൾ കാണാൻ ഭയപ്പെടേണ്ടതില്ല. അത് നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒന്നായിരിക്കാം. ബഹിരാകാശ യാത്രികൻ ആകുക, ഒരു നീന്തൽ താരം, ഒരു പട്ടാളക്കാരൻ, ഒരു ഡോക്ടർ, ഒരു ബിസിനസുകാരൻ അങ്ങനെ പലതും വലിയ സ്വപനങ്ങൾ കാണുക. നിങ്ങളുടെ ദൈവം വലിയവൻ ആണ്, ദൈവത്തിനുവേണ്ടി ഉപേക്ഷിക്കേണ്ട എന്തെങ്കിലും ഉണ്ടെങ്കിൽ ദൈവത്തോട് ചോദിച്ച് നിങ്ങളുടെ അദ്ധ്യാപകനോട് അഭിപ്രായം ചോദിച്ച് ഈ ആഴ്ചയിൽ അത് ചെയ്യുക.

**വായനഭാഗം**

ദിവസം 1: ഉല്പ. 25:19-26
ദിവസം 2: ഉല്പ. 25: 27- 34
ദിവസം 3: ഉല്പ. 27:1-17
ദിവസം 4: ഉല്പ. 27:18-29
ദിവസം :5 ഉല്പ. 27:30-45

# 6 ആത്മീയമായി വിലമതിക്കുക



**വീരപുരുഷൻ (ഹീറോ) : യിസ്ഹാക്ക്**

ഉല്പത്തി 25:19 -34, 27:1-40, എബ്രായർ 11:20

## മന:പാഠ വാക്യം 6

മർക്കോസ് 8:36 "ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളകയും ചെയ്താൽ അവന്നു എന്തു പ്രയോജനം?"

## ആവശ്യമായ കഥ : 6



അതിരാവിലെ ബസിന്റെ അമ്മ തന്റെ വലിയമ്മയുടെ വീട്ടിൽ ചെന്ന് ഒരു കപ്പ പഞ്ചസാര വാങ്ങിക്കൊണ്ടുവരാൻ ബസിനോട് ആവശ്യപ്പെട്ടു. അവൻ എഴുന്നേറ്റ് അവന്റെ വലിയമ്മയുടെ അടുത്തേക്ക് പോയി അവൻ ആദ്യം കണ്ടത് അവിടുത്തെ മേശപ്പുറത്ത് ഒരു നാണയം ഇരിക്കുന്നതാണ്. വലിയമ്മേ വലിയമ്മേ അവൻ ഉറക്കെ വിളിച്ച് എന്നാൽ തിരിച്ച് മറുപടി കിട്ടിയില്ല ബസ് ചിന്തിച്ചു ആരും എന്നെ കാണുന്നില്ല ആ നാണയം എന്റെ കയ്യിൽ ഉണ്ടെങ്കിൽ എനിക്ക് കാൻഡി വാങ്ങിക്കുവാൻ കഴിയും ആരും എന്നെ കളിയാക്കാൻ വരില്ല. ആരും കാണുന്നില്ല അതിനാൽ ഞാൻ അത് എടുക്കും. അൽപ സമയം കഴിഞ്ഞപ്പോൾ അവന്റെ വലിയമ്മ കടന്നുവന്നു ഒരു കപ്പ പഞ്ചസാര അവനു കൊടുത്തു.

## പ്രധാന പാഠം 6

പരീക്ഷയിൽ വിജയിക്കുന്നതെങ്ങനെയെന്ന് കഴിഞ്ഞ ആഴ്ചയിൽ നാം പഠിച്ചു. ഭൌമീക കാര്യങ്ങളേക്കാൾ ആത്മീക കാര്യങ്ങൾക്കുള്ള സ്ഥിരമായ മൂല്യം എന്താണെന്ന് ഇന്ന് പഠിക്കാം.

അബ്രഹാമിന്റെ മകൻ ആയ യിസ്ഹാക്ക് വളർന്ന് കുടുംബസ്ഥൻ ആയിത്തീർന്നു. തന്നെത്താൻ തനിക്കൊരു ഭാര്യയെ എടുക്കുന്നതിനു പകരം അവനുവേണ്ടി ഒരാളെ കണ്ടുപിടിക്കാൻ പിതാവിന് അവസരം നൽകി (ഉല്പ: 24). യിസ്ഹാക്കിനും റിബെക്കക്കും ഇരട്ട കുട്ടികൾ ജനിച്ചു. എശാവും യാക്കോബും ആയിരുന്നു അവർ.

ഒരിക്കൽ വേട്ടകഴിഞ്ഞു മടങ്ങിയെത്തിയപ്പോൾ എശാവിനു വളരെ വിശപ്പുള്ളവനായി കാണപ്പെട്ടു. അവൻ മരിച്ചുപോകുമെന്നു കരുതി. അവൻ ചിലതിനുവേണ്ടി തീവ്രമായി ആഗ്രഹിച്ചു അതിനു എന്തും ചെയ്യാൻ അവൻ ഒരുക്കമായിരുന്നു/ നിങ്ങൾ എന്തും ചെയ്യുവാൻ ഒരുക്കമായ വിധത്തിൽ എന്തെങ്കിലും ആഗ്രഹിച്ചിട്ടുണ്ടോ? യാക്കോബ് ഏശാവിന്റെ അടുത്ത് ഒരു തന്ത്രം പ്രയോഗിക്കാൻ

പദ്ധതിയിട്ടു. അവന്റെ ജേഷ്ഠാവകാശത്തിനു പകരമായി അവനാഗ്രഹിക്കുന്ന ഭക്ഷണം അവൻ നൽകാമെന്നു യാക്കോബ് പറയുകയും യെശാവ് അത് സമ്മതിക്കുകയും ചെയ്തു. ഒരു ചെറിയ പാത്രം സൂപ്പിനു വേണ്ടി ജീവിതം മുഴുവൻ അവൻ കൈമാറ്റം ചെയ്തു!!

അന്നത്തെ കാലങ്ങളിൽ മരണത്തിനു മുമ്പ് പിതാക്കന്മാർ അവരുടെ മക്കളെ അനുഗ്രഹിക്കുന്ന പതിവുണ്ടായിരുന്നു. യിസ്ഹാക്ക് വൃദ്ധനായി കാഴ്ച നഷ്ടപ്പെട്ടപ്പോൾ ഏശാവിനെ അനുഗ്രഹിക്കുവാനായി തീരുമാനിച്ചു. എന്നാൽ യാക്കോബ് അമ്മയുടെ ഉപദേശം അനുസരിച്ച് ഏശാവിനെപ്പോലെ വേഷം ധരിച്ച് ചതിച്ച് അനുഗ്രഹം കൈവശപ്പെടുത്തി. ഒരു ബൌൾ സൂപ്പ് വലിയ മാറ്റങ്ങൾ ഒന്നും വരുത്തുകയില്ലെന്നു എശാവ് വിചാരിച്ചെങ്കിലും അവന്റെ ജേഷ്ഠാവകാശം തിരികെ വേണമെന്ന് ആഗ്രഹിച്ചപ്പോൾ അത് തിരികെ പ്രാപിപ്പാൻ കഴിഞ്ഞില്ല എന്നെന്നേക്കുമായി അത് നഷ്ടപ്പെട്ടു!

യിസ്ഹാക്ക് ആത്മീക മൂല്യങ്ങൾ ഉള്ള കാര്യങ്ങൾ ചെയ്തു അവന്റെ പിൻഗാമികൾ ദേശം കൈവശമാക്കുമെന്നു വിശ്വസിച്ച് യാക്കോബിനെ വാഗ്ദത്തങ്ങളോടുകൂടെ അനുഗ്രഹിച്ചു.

ദൈവത്തിന് ജേഷ്ഠാവകാശവും നമ്മെ ഓരോരുത്തരേയും അനുഗ്രഹിക്കമെന്നുള്ള പദ്ധതി ഉണ്ട്. നാം സൂക്ഷ്മത ഇല്ലാത്തവരായി തീർന്നാൽ നമ്മുടെ തിരഞ്ഞെടുപ്പ് കൊണ്ട് ദൈവീക പദ്ധതികളെ ക്രയവിക്രയം നടത്തുവാൻ കഴിയും. ഒരുവിധത്തിൽ ഇങ്ങനെ ചെയ്യുന്നത് ഒരു പാപമാണ്. നിങ്ങൾ ചെയ്തതിനേക്കാൾ ഒരു വലിയ ഗ്രേഡ് നിങ്ങൾക്ക് ലഭിച്ചു എന്നു വ്യാജം പറയുമ്പോൾ നിങ്ങൾ മാന്യനായി കുറച്ചുനാൾ കാണപ്പെട്ടേക്കാം എന്നാലും നിങ്ങളുടെ വിശ്വാസ യോഗ്യത അതിലൂടെ നഷ്ടപ്പെടുകയാണ്. നേരത്തെ കണ്ടതുപോലെ ബുസ് തന്റെ വലിയമ്മയുടെ നാണയം എടുക്കാൻ പദ്ധതി ഇട്ടു എന്നാൽ പെപ്പി മുറിയിൽ എത്തി അന്നത്തെ ദിവസം അതിൽനിന്നു രക്ഷിച്ചു. ഒരു നാണയത്തെക്കാൾ വിലയേറിയതാണ് തന്റെ ആത്മാവെന്നു അവൾ അവനോടു പറഞ്ഞപ്പോൾ അവൻ ആ നാണയം തിരികെ വെച്ചു.

നിങ്ങൾ പ്രായമാകുമ്പോൾ അത് അപകടസാധ്യതയുള്ളതായിത്തീരും. പല ക്രിസ്ത്യാനികളും വ്യക്തിയുടെ ഹൃദയത്തെ ശ്രദ്ധിക്കുന്നതിനുപകരം കാഴ്ചയെ അല്ലെങ്കിൽ പദവിയെ അടിസ്ഥാനമാക്കി ഒരാളെ വിവാഹം ചെയ്യുന്നു. തുടർന്ന്, ദൈവത്തെ സേവിക്കാൻ ആഗ്രഹിക്കുമ്പോൾ അവരുടെ പങ്കാളികൾ വഴിയിൽ ആയിത്തീരും. വിവാഹം കഴിക്കാനുള്ള തീരുമാനം ശാശ്വതമായിരിക്കും! ഏശാവ് യിസ്ഹാക്കിനെയും റിബെക്കായെയും ഭ്രമിപ്പിച്ച സ്ത്രീകളെ വിവാഹം കഴിച്ചു (ഉല്പത്തി 27:46). എശാവ് വിവാഹം കഴിച്ച സ്ത്രീ യിസ്ഹാക്കിനെ അകറ്റുകയും റിബെക്കയെ ഭ്രാന്തചിത്തയാക്കുകയും ചെയ്തു. വിപരീതമെന്നു പറയട്ടെ യിസ്ഹാക്കും പിന്നീട് അവന്റെ മകൻ യാക്കോബും പങ്കാളിയെ തിരഞ്ഞെടുക്കുന്നതിന് ആത്മീയത്തിനു മൂല്യം കല്പിച്ചു.

ഈ ജീവിതത്തിലെ ആശങ്കകളും സമ്പത്തിന്റെ ചഞ്ചലതയും ഫലവത്തല്ല, നിങ്ങളുടെ ജന്മാവകാശം നേടുന്നതിൽ നിന്ന് നിങ്ങളെ സംരക്ഷിക്കുമെന്ന് യേശു പറഞ്ഞു.(മത്തായി

13:22)നിങ്ങൾക്ക് എത്രത്തോളം താല്പര്യമുള്ള കാര്യമാണെങ്കിലും നിങ്ങളുടെ ജേഷ്ഠാവകാശം തള്ളിക്കളയാതെ മറ്റൊന്നിനും വിൽക്കുകയില്ലെന്നു നിങ്ങൾ ഉറപ്പ് വരുത്തുക.

ഭൌതീക കാര്യങ്ങളെക്കാൾ ആത്മീക ജീവിതത്തിന്റെ മൂല്യങ്ങളെ തിരഞ്ഞെടുക്കുവാൻ ഞാൻ തീരുമാനിക്കുന്നു.

## റെസലൂഷൻ 6



ആ നിമിഷത്തിൽ പെപ്പി മുറിയിൽ എത്തി ആ ദിവസത്തിനു രക്ഷ നൽകി അവൾ ബുസിനോട് പറഞ്ഞു ഒരു നാണയത്തെക്കാൾ നിങ്ങളുടെ ആത്മാവ് ഏറ്റവും വിലയേറിയതാണ്. ബുസ് എന്താണ് ചെയ്യുന്നതെന്ന് തിരിച്ചറിഞ്ഞു ആ നാണയം

തിരികെ വെച്ച് തന്റെ കൂട്ടുകാരി പെപ്പിക്ക് നന്ദി പറഞ്ഞു.

## പ്രവർത്തനം 6

**തീരുമാനത്തിന്റെ സ്മാരകം**

ഈ പ്രവർത്തനത്തിൽ കുട്ടികൾ ഒരു കഷണം റിബണും ഒരു സേഫ്റ്റിപിന്നുമായി ബന്ധിപ്പിച്ച് ആ ആഴ്ചയിൽ എടുക്കുന്ന സുപ്രധാന തീരുമാനങ്ങൾ ഓർക്കത്തക്കവണ്ണം അതിനെ ഉപയോഗിക്കുക. ആ റിബൺ ഒരു വസ്തുവായിട്ടോ തുണിയോടു ചേർത്തോ ബന്ധിപ്പിക്കാവുന്നതാണ്. ആത്മീക തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഓർക്കുന്നതിനായി ദൈവത്തോട് ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുക.



## സമയരേഖ 6

യിസ്ഹാക്കിന്റെ ജീവിത രേഖ വരയ്ക്കുക

ചോദ്യം: യിസ്ഹാക്ക് ജനിച്ചപ്പോൾ അബ്രഹാമിന് എത്ര വയസ്സായിരുന്നു?


ഉത്തരം: 100


ചോദ്യം: യിസ്ഹാക്ക് എത്ര വർഷം ജീവിച്ചിരുന്നു?

ഉത്തരം: 180 വർഷം

## പ്രശ്നോത്തരങ്ങൾ 6

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അ | ഇ | ല്ല | ആ | ഏ | വ | ന | ഭൌ | അ |
| ന | ന്ധ | സ്ഹാ | ത്മീ | ദ | ശാ | ന്ദ | തീ | യാ |
| ന്ത | ദ | ൻ | യം | ർ | ക | വ് | ക | ക്കോ |
| രാ | സ | ഞ്ഞെ | പ | ക്കു | സ | ൽക്കു | മാ | ബ് |
| വ | ഹോ | ൽക്കു | ട്ടു | കാ | നി | പ | യ | ർ |
| കാ | ദ | ഞ്ഞെ | പ | ത്തു | ര | ഹം | ഇ | യ |
| ശം | ര | യി | കാ | ട്ടു | ഗ്ര | ഭൌ | തീ | മാ |
| തി | ൻ | സ്ഹാ | അ | ന്ദ | സ | രി | ക്കു | ക |
| ല്ല | ട്ടു | പ | അ | ത്തു | നി | ൽക്കു | ക | ഹോ |






## ചോദ്യോത്തരങ്ങൾ 6

1. ഭൌമീക ലോകത്തേക്കാൾ ആത്മീക ലോകത്തിനു വില നൽകുന്നു എന്നു കാണിക്കുന്ന ഉദാഹരണങ്ങൾ എന്തൊക്കെയാണ്? ( ചില ആശയങ്ങൾ കുട്ടികൾ തമ്മിൽ ചർച്ച ചെയ്യട്ടെ. കൂട്ടുകാർ, ജോലി, പ്രശസ്തി, സഭയിലെ സേവനങ്ങൾ തുടങ്ങിയവ).
2. ഒരു കാര്യം ശരിയാണെന്ന് അറിഞ്ഞിട്ടും നിങ്ങൾക്ക് അത് ഇഷ്ടമല്ലെങ്കിൽ നിങ്ങൾ എന്താണ് ചെയ്യുന്നത്? കുട്ടികൾക്ക് അവരുടെ ജീവിത അനുഭവങ്ങൾ പറയുവാനുള്ള സമയം നൽകുക).
3. ഞാൻ മാത്രമാണ് പങ്കെടുക്കുന്നതെങ്കിൽ? (മറ്റുള്ളവർ ശരിയായി ചെയ്യാതിരിക്കുമ്പോൾ നമുക്ക് അത് ചെയ്യുന്നതിന് എത്ര പ്രയാസമാണെന്ന് സംസാരിക്കുവാൻ മറ്റുള്ളവർക്ക് അവസരം കൊടുക്കുക, ചില പ്രത്യേക സന്ദർഭങ്ങളെ കുറിച്ച് സംസാരിക്കാൻ സമയമെടുക്കുക).

## ഗയിം : 6

**നല്ലതും ചീത്തയായതും**




നല്ലതും ചീത്തയായതും തമ്മിൽ തിരിച്ചറിയുവാൻ കുട്ടികൾക്ക് പ്രയാസമാണ്. ഈ ഗയിമിൽ ആത്മീയ മൂല്യത്തെ പ്രതിനിധാനം ചെയ്യുന്ന ചിലതിനെ തിരിച്ചറിയുവാൻ നമ്മൾ പരിശീലിക്കും.

2 കണ്ടയിനെർ ഉണ്ട് പകുതി ഭാഗം വേവിക്കാത്ത അരികൊണ്ട് നിറച്ച് ഓരോ ജാറിലും 15 ചെറിയ സേഫ്റ്റിപിന്നുകൾ ഇടുക. എല്ലാ പിന്നുകളും ശരിയായി അടച്ചിരിക്കണം. സേഫ്റ്റിപിന്നുകളും അരിയും കൂട്ടിക്കലർത്തുക. 2 ടീമുകൾക്ക് രൂപം കൊടുക്കുക. ഓരോ ടീമിൽ നിന്നും ഒരു കുട്ടിയുടെ കണ്ണു കെട്ടുക.

ടീച്ചർ, "പോക," എന്നു പറയുമ്പോൾ കണ്ണു മൂടപ്പെട്ട 2 കുട്ടികളും നോക്കാതെ അവരുടെ കൈകൾ കൊണ്ട് അവരെക്കൊണ്ടു കഴിയുന്നത്ര സേഫ്റ്റിപിന്നുകൾ കണ്ടുപിടിക്കാൻ ശ്രമിക്കുക. അവരുടെ കൈകൾ കൊണ്ട് സേഫ്റ്റിപിന്നുകളും അരിയും തമ്മിലുള്ള വെത്യാസം തിരിച്ചറിയുവാൻ വളരെ പ്രയാസമാണെന്ന് മനസിലാകും. ഓരോ കുട്ടിക്കും ലഭിച്ച സേഫ്റ്റിപിന്നുകളും എണ്ണുവാൻ അല്പ സമയം എടുക്കുക. ഏറ്റവും കൂടുതൽ സേഫ്റ്റിപിന്നുകൾ ലഭിക്കുന്ന ടീം ആയിരിക്കും വിജയി.

## ഹാജർ 6

ക്ലാസ്സിൽ ഹാജരുള്ള കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്കവിധത്തിൽ അടുത്തയാഴ്ച വന്ന് മറ്റൊരു കാർഡ് ലഭ്യമാകുന്നതിനായി




അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:

**യിസ്ഹാക്ക്**

## ഹോംവർക്ക് 6

**അസൈന്മെന്റ്**

നിങ്ങളുടെ ജീവിതത്തിൽ വളർച്ച ലഭിക്കത്തക്ക വിധത്തിലുള്ള ജന്മാവകാശത്തെക്കുറിച്ച് എഴുതുന്നതാണ് ഈ ആഴ്ചത്തെ നിങ്ങളുടെ അസൈന്മെന്റ്.

ആദ്യമായി നിങ്ങളുടെ കുംബത്തിലെ ജന്മാവകാശം ഒന്നുമില്ലാത്തതാണെന്ന് ചിന്തിക്കരുത്. അതിനു വലിയ വില ഉണ്ട്. അത് ചിലപ്പോൾ ഒരു മെക്കാനിക്ക് ആയോ എഞ്ചിനിയർ ആയോ നേഴ്സ് ആയോ ആകാം. നിങ്ങളുടെ അയല്പക്കത്തോ രാജ്യത്തിനോ ഒരു വ്യത്യസ്ഥത ഉണ്ടാക്കി എടുക്കാൻ നിങ്ങൾക്ക് കഴിയും. എന്നാൽ നിങ്ങളുടെ ആത്മീയ ജന്മാവകാശത്തെക്കുറിച്ച് കൂടി എഴുതുക. നിങ്ങൾ ദൈവത്തിന്റെ പൈതല്യം പ്രതാപമുള്ള കുടുംബാംഗവുമാണ്; നിങ്ങൾക്ക് പ്രത്യേക കഴിവുകളും ആഗ്രഹങ്ങളും ദൈവം തന്നിട്ടുണ്ട്. നിങ്ങളുടെ ആത്മീക കുടുംബത്ഹ്ടിൽ വിജയം കൊണ്ടുവരാൻ ദൈവത്തിനു അതിലൂടെ പ്രവർത്തിക്കുവാൻ കഴിയും. നിങ്ങൾക്ക് ഇത് നിങ്ങളുടെ അദ്ധ്യാപകനെ കാണിക്കാൻ കഴിയും എന്നാൽ അങ്ങനെ ചെയണമെന്നു നിർബന്ധമില്ല. നിങ്ങളുടെ ഹൃദയം ദൈവത്തിനു വിലയേറിയതാണ്.

**വായനഭാഗം**

ദിവസം 1 : ഉല്പ. 28: 10-15

ദിവസം 2 : ഉല്പ. 28: 16-22

ദിവസം 3 : ഉല്പ. 32: 1-8

ദിവസം 4 : ഉല്പ. 32:22-27

ദിവസം 5 : ഉല്പ. 32:28-32

# 7.ദൈവത്തിന്റെ അനുഗ്രഹം



**വീരപുരുഷൻ (ഹീറോ) : യാക്കോബ്**

ഉല്പത്തി 27:41-28:2, 28:10-15, 28:20-22, 31:3-13, 31:22-24, 32:9-12, 32:22-30, 33:1-11, 35:1-5, എബ്രായർ 11:21

## മന:പാഠ വാക്യം

ലൂക്കോസ് 11:28 "അല്ല, ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ".

## ആവശ്യമായ കഥ 7



എപ്പോഴും വിരുന്നുകൾക്ക് വിളിക്കുന്ന ഒരു സ്നേഹിതൻ കമ്മറ്റിനു ഉണ്ടായിരുന്നു. എന്നാൽ ഒരു ദിവസം വിരുന്നിൽ പങ്കെടുത്ത എല്ലാ കുട്ടികളും മോശമായി പെരുമാറുന്നത് അവൻ കണ്ടു. വിരുന്നിൽ അത് ശരിയല്ലെന്ന് അവനു തോന്നി. കുട്ടികൾ മോശമായി പെരുമാറുന്നത് ദൈവത്തിനു ഇഷ്ടമുള്ളതല്ല എന്ന് അവൻ അറിയാമായിരുന്നു. ഒരു ആവടി ദിവസം അവന്റെ കൂട്ടുകാരനുമൊത്തൊരു വിരുന്നിനു അവനെ ക്ഷണിച്ചു ഇത് ഏറ്റവും നല്ല വിരുന്നായിരിക്കുമെന്നു അവനോടു പറഞ്ഞു. അവനു പോകണമെന്ന് ഉണ്ടായിരുന്നുവെങ്കിലും ഉറപ്പോടെ വരുന്നില്ല എന്നവൻ പറഞ്ഞു. അവന്റെ കൂട്ടുകാരൻ അത് കേട്ടപ്പോൾ നീ എന്നോടു കൂടെ വരുന്നില്ല എങ്കിൽ ഇനി നിന്നോട് ഒരിക്കലും സംസാരിക്കില്ല എന്ന് പറഞ്ഞു നിന്റെ ഏറ്റവും വലിയ കൂട്ടുകാരനെ നിനക്ക് നഷ്ടപ്പെടും. അത് കമറ്റിൽ ദു:ഖം ഉളവാക്കി. അവന് എന്താണ് ചെയ്യേണ്ടതെന്ന് അറിയില്ലായിരുന്നു. വിരുന്നിനു പോകുന്നത് ശരിയല്ലെന്ന് അവന് അറിയാമായിരുന്നെങ്കിലും അവന്റെ കൂട്ടുകാരനെ നഷ്ടപ്പെടുത്തുവാൻ അവൻ ആഗ്രഹമില്ലായിരുന്നു.

## പ്രധാന പാഠം 7

നമ്മുടെ ജീവിതത്തിൽ ജദീക കാര്യങ്ങൾക്ക് വേണ്ടിയോ(ഭൌമീകം) ദൈവത്തിന്റെ അനുഗ്രഹത്തിന്(ആത്മീകം) പോരാടുന്നതിനുള്ള ഒരു തിരഞ്ഞെടുപ്പുണ്ട്. ഏശാവിന്റെ ജന്മാവകാശം കൈക്കലാക്കിയതിനു ശേഷം എശാവ് അവനെ കൊല്ലുമെന്ന് കരുതി(ഭൌതീകം) അവൻ ഓടി പോയി എന്നാൽ അവന്റെ മാതാപിതാക്കളെ അനുസരിച്ച് ദൈവത്തിന്റെ അനുഗ്രഹത്തെ(ആത്മീകം) പിന്തുടരുക കൂടെ ചെയ്യുകയായിരുന്നു. അവന്റെ യാത്രയിൽ അവന്റെ ആകെ സമ്പത്ത് ഒരു വടി(ഭൌതീകം) ആയിരുന്നു എന്നു ബൈബിൾ പറയുന്നു. അവൻ ഉറങ്ങിക്കൊണ്ടിരുന്നപ്പോൾ സ്വർഗ്ഗത്തോളമെത്തുന്ന ഒരു ഗോവേണിയിൽ ദൂതന്മാർ കയറി ഇറങ്ങുന്ന സ്വപ്നം കാണുകയും ദൈവം(ആത്മീകം) അവന്റെ ദേശം അവകാശമാക്കത്തക്ക വണ്ണം അനേക പിൻഗാമികൾ ഉണ്ടാകുമെന്നും വാഗ്ദത്തം ചെയ്തു. എല്ലാത്തിനേക്കാളും മേല്ത്തരമായ ദൈവം അവനോടു കൂടെ ഇരിക്കുവാൻ യാക്കോബ് അപേക്ഷിച്ചു.

21 വർഷം തന്റെ അമ്മയുടെ സഹോദരനായ ലാബാനുവേണ്ടി ജോലി ചെയ്യുകയും വിവാഹം കഴിച്ച് മക്കൾ ഉണ്ടായി കുടുംബത്തെ വിശാലപ്പെടുത്തുകയും ചെയ്തു. പല പ്രാവശ്യം അവന്റെ അമ്മയുടെ സഹോദരൻ അവനെ കബളിപ്പിച്ചു(ഭൌതീകം) എന്നാൽ യാക്കോബിനോടു കൂടെ ഇരുന്നു അവനെ അനുഗ്രഹിച്ചു(ആത്മീകം) ഒരു വലിയ കുടുംബവും സമ്പത്തും(ഭൌതീകം) നൽകി. ലാബാനും യാക്കോബ് മൂലം അനുഗ്രഹിക്കപ്പെട്ടു (ഉല്പത്തി 30:27).

നമ്മുടെ ജീവിതത്തിലെ ദൈവം തന്ന അനുഗ്രഹങ്ങൾ ചിലപ്പോൾ നമ്മുടെ ചുറ്റുമുള്ള ആളുകളേയും സ്പർശിക്കും. എന്നാൽ യാക്കോബ് നിരാശനായി ലാബാനിൽനിന്നു ഓടി പോയപ്പോൾ(ഭൌതീകം) ദൈവം ലാബാനോട് സംസാരിച്ച് യാക്കോബിനെ സംരക്ഷിച്ചു(ആത്മീകം).

യാക്കോബ് ഭവനത്തിലേക്ക് തിരിച്ച് പോകുവാൻ ഭയപ്പെട്ടിരുന്നു. എശാവ് അവനെ ഇപ്പോഴും കൊല്ലുവാൻ ആഗ്രഹിക്കുന്നു എന്നു അവൻ കരുതി. അവന്റെ ഒരു ഗ്രൂപ്പിലെ വസ്തുവകകളും കുടുംബാംഗങ്ങളും കുട്ടികളും ആക്രമിക്കപ്പെട്ടാൽ മറ്റുള്ളവരെ രക്ഷപ്പെടുത്തുവാൻ കഴിയുന്നവിധം(ഭൌതീകം) അവയെ പല ഗ്രൂപ്പുകളായി തിരിച്ചു. രാത്രി മുഴുവൻ അവന്റെ അനുഗ്രഹത്തിന് വേണ്ടി ദൈവവുമായി മല്ലുപിടിച്ചു(ആത്മീകം).

യാക്കോബിനെ അതിശയിപ്പിച്ചുകൊണ്ട് എശാവ് അവന്റെ അടുക്കൽ വന്ന് അവനെ ആലിംഗനം ചെയ്തു. യാക്കോബ് ഒരു വലിയ സമ്മാനം എശാവിനു നൽകി. ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് ഭൌതീക അനുഗ്രഹങ്ങളെക്കാൾ കൂടുതൽ നാം വിലകല്പിക്കുമ്പോൾ മറ്റുള്ളവരെ ഭയപ്പെടുന്നതിനു പകരം അവരോടു ഔദാര്യമായി പെരുമാറാൻ കഴിയും. പിന്നീട് യാക്കൊബിനും അവന്റെ കുടുംബത്തോടും മറ്റെല്ലാ ദൈവങ്ങളിൽ നിന്നും വേർപെടുവാൻ ദൈവം പറഞ്ഞതനുസരിച്ച് അവരുടെ വിഗ്രഹങ്ങളെയും സ്വർണ്ണ മോതിരങ്ങളെയും(ഭൌമീകം) അവർ കുഴിച്ചിട്ടു. അവർ അങ്ങനെ ചെയ്തപ്പോൾ അവരെ നശിപ്പിക്കാൻ ആഗ്രഹിച്ചവർ ഭയപ്പെട്ടുപോയി. യാക്കോബ് പറഞ്ഞു. ഉല്പത്തി. 35:3 നാം പുറപ്പെട്ടു ബേഥേലിലേക്കു പോക; എന്റെ കഷ്ടകാലത്തു എന്റെ പ്രാർത്ഥന കേൾക്കയും ഞാൻ പോയ വഴിയിൽ എന്നോടു കൂടെയിരിക്കയും ചെയ്ത ദൈവത്തിന്നു ഞാൻ അവിടെ ഒരു യാഗപീഠം ഉണ്ടാക്കും എന്നു പറഞ്ഞു.

യാക്കൊബിനെപ്പോലെ ഭൌതീകവും ആത്മീകവുമായ തലങ്ങളുമായി ബന്ധപ്പെട്ടാണ് നമ്മുടെ ജീവിതം നാം നയിക്കുന്നത്. കൂടുതൽ സ്ഥാനമാനത്തിനും കളിക്കോപ്പുകൾക്കും സൗന്ദര്യത്തിനും പ്രശസ്തിക്കും മെച്ചമായ യോഗ്യതകൾക്കും ഇന്ന് മുഴുലോകവും പോരാടിക്കൊണ്ടിരിക്കുന്നു. ഭൌമീക കാര്യങ്ങൾക്കെതിരെ പോരാടുവാനും യേശുക്രിസ്തു നിങ്ങൾക്ക് ദൈവത്തേയും പണത്തെയുംസേവിക്കുവാൻ പറഞ്ഞിട്ടുണ്ടെങ്കിലും ക്രിസ്ത്യാനികൾക്ക് ബൈബിൾ പറയുന്നത് ഞങ്ങൾ അംഗീകരിക്കുന്നു എന്നു സഭയിൽ പോയി പറയുവാനും. (ലൂക്കോസ് 16:13).

ദൈവത്തിന്റെ ആത്മീക അനുഗ്രഹങ്ങൾക്ക് വേണ്ടി പോരാടുന്നത് ഏറ്റവും മേന്മയേറിയതാണ്. ദൈവത്തോട് അടുത്ത് വളർന്ന ദൈവത്തേയും സഭയും സേവിച്ച് സഭയിലെ മറ്റുള്ളവരോട് അവനെക്കുറിച്ച് പറഞ്ഞു നമുക്ക് പോരാടാൻ കഴിയും. ദൈവത്തിൽ നിന്ന് ഒന്നും മറച്ച് വയ്ക്കാതെ പൂർണ്ണമായി നമ്മുടെ ഹൃദയം തുറക്കുന്നതിനു നമുക്ക് പോരാടാം. നമുക്ക് മുകളിൽ മറ്റുള്ളവരെ പ്രതിഷ്ഠിച്ചു ദൈവം പ്രസാദിക്കുന്നത് ചെയ്തു നമുക്ക് പോരാടാൻ കഴിയും. ദൈവത്തിന്റെ വചനം കേട്ട് അനുസരിക്കുന്നവർ അനുഗ്രഹിക്കപ്പെട്ടവരാണെന്ന് യേശു പറഞ്ഞു. (ലൂക്കോസ് 11:28). യാക്കോബിന്റെ ജീവിതത്തിലെ പോലെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ ഭൌമീക വസ്തുക്കളായി നമുക്ക് വന്നുചേരും. ഹൃദയത്തിനു മാറ്റം വരികയോ സുരക്ഷിതത്വം പോലെയും അങ്ങനെ മറ്റുപലതിന്റെയും രീതിയിലും വന്നേക്കാം. നേരത്തെ നാം കണ്ട കോമെറ്റിനെപ്പോലെ

ദൈവത്തിന്റെ അനുഗ്രഹത്തിനായി അങ്ങനെയുള്ള വിരുന്നുകൾക്ക് പോകാതെ ദൈവത്തിന്റെ അനുഗ്രഹത്തിനായി പോരാടാൻ നമുക്ക് കഴിയും.

ഭൗമീക അനുഗ്രഹങ്ങളെക്കാൾ ആത്മീക അനുഗ്രഹങ്ങൾക്ക് വേണ്ടി പോരാടാൻ ഞാൻ തീരുമാനിക്കുന്നു.

## റെസല്യൂഷൻ 7



അവൻ വളരെ ദു:ഖിതനായിരുന്നു. അതിനാൽ ടഫി അവന്റെ അടുത്ത് വന്ന് എന്താണ് സംഭവിച്ചതെന്ന് ചോദിച്ചപ്പോൾ സംഭവിച്ചത് കോമെറ്റ് വിശദീകരിച്ചു. അതിൽ വിഷമിക്കേണ്ട കാര്യമില്ല ദൈവത്തെ പ്രസാദിപ്പിക്കുക എന്നതാണ് ഏറ്റവും നല്ല തീരുമാനം. മറ്റുള്ളവരേക്കാൾ കൂടുതൽ സ്നേഹിതർ ദൈവത്തിനുണ്ട്. ഒരു വിരുന്നിൽ പങ്കെടുക്കാത്തതുകൊണ്ട് കൂട്ടുകാരനെ നഷ്ടപ്പെടുന്നു എന്നോർത്ത് ഭാരപ്പെടേണ്ട. അവന്റെ പുറത്ത് തലോടി അവൾ പോയി. വിരുന്നിനു പോകാതെ ദൈവത്തെ പ്രസാദിപ്പിക്കുന്നതാണ് ശരിയെന്നു കോമെറ്റിന് മനസ്സിലായി അങ്ങനെ തീരുമാനിച്ചു.

## പ്രവർത്തനം 7

**അനുഗ്രഹത്തിനായി പോരാടുക**

“അനുഗ്രഹത്തിനായി പോരാടുക” എന്ന് എഴുതിയ പോസ്റ്റർ ബോർഡ് ഭിത്തിയിൽ പതിപ്പിക്കുക, വിവിധ അനുഗ്രഹങ്ങൾ ഒരു ചെറിയ പേപ്പറിൽ എഴുതുക. എന്തെങ്കിലും സാധനങ്ങളുടെ അടിയിൽ വെക്കുന്ന വിധം ആ അനുഗ്രഹങ്ങൾ വിതരണം ചെയ്യുക. കുട്ടികൾ ആ അനുഗ്രഹങ്ങൾ കണ്ടെത്തി “അനുഗ്രഹങ്ങൾക്കായി പോരാടുന്നു” എന്നു എഴുതിയ കാർഡിൽ അവയെ ഒട്ടിക്കുക. അനുവദിക്കപ്പെട്ട സമയം കഴിയുമ്പോൾ ഓരോരുത്തരായി അവയിൽ എഴുതിയിരിക്കുന്ന അനുഗ്രഹങ്ങൾ ഉച്ചത്തിൽ വായിക്കുക. വായിച്ച എന്തെങ്കിലും അനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ള കുട്ടികൾ ഉയർത്താൻ ആവശ്യപ്പെടുക.

## സമയരേഖ 7

യാക്കോബിന്റെ ജീവിതത്തിന്റെ രേഖ വരയ്ക്കുക


ചോദ്യം: യാക്കോബ് ജനിച്ചപ്പോൾ യിസ്ഹാക്കിനു എത്ര വയസായിരുന്നു?

ഉത്തരം: 60

ചോദ്യം: യാക്കോബ് എത്ര വർഷം ജീവിച്ചിരുന്നു? ഉത്തരം: 147

## പ്രശ്നോത്തരികൾ 7

| | | | | | | | | |
|---|---|---|---|---|---|---|---|---|
| യി | മ | പ | ദ്ദ | ൻ | അ | രാം | സ്രാ | പ്നം |
| ട്ട | സ്രാ | ക | റാ | ഗോ | നു | മ | യാ | സ |
| ദൈ | വം | യേ | ഹേ | ത്ര | ഗ്ര | ക | ക്കോ | ഹോ |
| ദ്ദൂ | ത | ന്മാ | ൽ | ങ്ങ | ഹി | ൾ | ബ് | ദ |
| ഏ | ശാ | വ് | യ്യൂ | ൻ | ക്ക | സ്വ | പ്നം | ര |
| ർ | ഗോ | ചെ | യി | പ | പ്പെ | രാം | ഹേ | ൻ |
| പ്പെ | ദ്ധം | ത്ര | യാ | ക്ക | ട്ട | ബ് | നാ | ദ |
| യ്യ | ഏ | വ് | ങ്ങ | ര | മ | ക | ൻ | ശാ |
| ദ്ദൂ | ത | ന്മാ | ർ | ൾ | ഹി | ദ്ദ | ൻ | അ |





## ചോദ്യോത്തരങ്ങൾ : 7

1. ഏറ്റവും നല്ലത് നമുക്കുവേണ്ടി ആഗ്രഹിക്കുന്നത് തെറ്റാണോ? (ഈ വിഷയങ്ങൾ സംസാരിക്കുന്നതിനായി ശ്രമിക്കുക. ഏറ്റവും നല്ലത് ലഭിക്കുവാനായി പോരാടിയത് യാക്കോബിനു നല്ലതായിരുന്നു. മറ്റുള്ളവർക്ക് മുൻഗണന കൊടുക്കണം. എന്നിരുന്നാലും നമ്മുടെ ജീവിതത്തിലെ ഏറ്റവും നല്ല അനുഗ്രഹങ്ങൾ ആഗ്രഹിച്ച് നമ്മുടെ ആത്മാവിനും മനസിനും നല്ല പരിപാലനം നൽകേണ്ടത് ആവശ്യമാണ്).
2. എല്ലാവരും ഇഷ്ടപ്പെടുന്നത് ഏറ്റവും പ്രാധാന്യമേറിയതാണ്. ശരിയോ? (ദൈവത്തിനു മുൻഗണന നൽകുന്നതിനും അയൽക്കാരനെ സ്നേഹിക്കുന്നതിലും തമ്മിലുണ്ടാകുന്ന സമ്മർദ്ധത്തെക്കുറിച്ച് അവർ ചർച്ച ചെയ്യട്ടെ.( റോമർ 12:18 ബൈബിൾ ഇങ്ങനെ പറയുന്നു. കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടു സമാധാനമായിരിപ്പിൻ (യോഹന്നാൻ 21:22). പ്രത്യേക സന്ദർഭങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക).
3. ഞാൻ തെറ്റ് ചെയ്യുകയോ തെറ്റുകൾ വരുത്തുകയോ ചെയ്താൽ ദൈവത്തിന്റെ അനുഗ്രഹം എനിക്ക് നഷ്ടപ്പെടുമോ?(കഴിഞ്ഞ ആഴ്ചത്തെ പാഠം ഓർക്കുക. അവന്റെ മൂല്യങ്ങൾ തെറ്റായിരുന്നതുകൊണ്ട് യേശാവിനു എല്ലാം നഷ്ടപ്പെട്ടു. പോരാടിയതിനാൽ യാക്കോബിനു കൂടുതൽ അനുഗ്രഹങ്ങൾ ലഭിച്ചു).

## ഗയിം 7

**ബോട്ടിൽ ബാറ്റിൽ (കുപ്പികൾകൊണ്ടുള്ള യുദ്ധം)**

ശൂന്യമായ സോഡാക്കുപ്പിയിൽ കനം ലഭിക്കുന്നതിനായി അല്പം മണൽ നിറക്കുക.

- ഒരു പ്രതലം (ബേസ്) തിരഞ്ഞെടുക്കുക.
- അന്വേഷകനായി ഒരു കുട്ടിയെ തിരഞ്ഞെടുക്കുക.
- എത്രയും കഴിയുന്ന ദൂരത്തിൽ അന്വേഷകൻ കുപ്പി വലിച്ചെറിയും.
- എല്ലാ കുട്ടികളും ഓടി ഒളിക്കുക, എല്ലാ കുട്ടികളും കുപ്പി എറിഞ്ഞതിന്റെ എതിർ ദിശയിൽ ഓടി ഒളിക്കണം. കുപ്പിയുടെ അടുത്ത് ഈ കുട്ടി എത്തുന്നതിനു മുമ്പ് ഒളിക്കേണ്ടതാണ്.
- കുപ്പി തിരിച്ച് ആദ്യം വെച്ചിരുന്ന സ്ഥലത്ത് എത്തിച്ചു കഴിഞ്ഞ് അന്വേഷകൻ ഒളിച്ച കുട്ടികളിൽ ഒരാളെ കണ്ടുപിടിക്കാൻ ശ്രമിക്കുക.
- ഒരാളെ കണ്ടുപിടിച്ചു കഴിയുമ്പോൾ അവർ ബേസിലേക്ക് ഓടുന്നു. അന്വേഷകൻ കുപ്പി എടുത്ത് ബേസിൽ മുട്ടിച്ചു കഴിഞ്ഞ് ഇപ്രകാരം പറയുന്നു. ഉദാഹരണത്തിന് "1,2,3, ലൂസി മരത്തിന്റെ പുറകിൽ. പിന്നീട് മറ്റൊരാളെ കണ്ടുപിടുക്കുവാനായി അന്വേഷകൻ ശ്രമിക്കുന്നു.
- ഇപ്പോളും ഒളിച്ചിരിക്കുന്ന കുട്ടികൾക്ക് മറ്റുള്ളവരെ താഴെ പറയുന്നതുപോലെ രക്ഷിക്കാവുന്നതാണ്. കുട്ടികളെ അന്വേഷകൻ പിടിക്കാതെ ടോണി ബേസിലേക്ക് ഓടി കുപ്പി താഴെ മുട്ടിച്ച് 1 2 3 എനിക്കും എന്റെ കൂട്ടുകാർക്കും എന്നു പറയണം. അന്വേഷകന് മറ്റുള്ളവരെ നഷ്ടപ്പെടുകയും ടോണി കൂട്ടുകാരനെ രക്ഷിക്കുകയും ചെയ്യും.
- ആരും രക്ഷപ്പെടാതെ മറ്റെല്ലാ കളിക്കാരെയുംൻ അന്വേഷകൻ കണ്ടുപിടിച്ചാൽ അവനായിരിക്കും വിജയി.
- വീണ്ടും കളിക്കുന്നതിനായി ആദ്യം കണ്ടുപിടിക്കപ്പെട്ട ആളായിരിക്കും അന്വേഷകൻ.



## ഹാജർ 7

ക്ലാസ്സിൽ ഹാജരുള്ള കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്കവിധത്തിൽ അടുത്തയാഴ്ച വന്ന് മറ്റൊരു കാർഡ് ലഭ്യമാകുന്നതിനായി അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:

**യാക്കോബ്**



## ഹോംവർക്ക് 7

**അസൈന്മെന്റ്**

ഈ ആഴ്ചയിലെ നിങ്ങളുടെ അസൈന്മെന്റ് കഴിഞ്ഞ 2 ആഴ്ചകളിൽ നിങ്ങൾ ചിന്തിച്ചതും എഴുതിയതുമായ കാര്യങ്ങൾ ഓർക്കുക എന്നുമാണ്.

നിങ്ങളുടെ സ്വപ്നങ്ങളും നിങ്ങളുടെ ജന്മാവകാശങ്ങളും അവയെക്കുറിച്ച് വീണ്ടും ചിന്തിക്കുക, ചില കാര്യങ്ങൾ ചെയ്ത് അവയെ നശിപ്പിക്കുവാൻ എങ്ങനെ കഴിയുമെന്ന് കൂടി ചിന്തിക്കുക. നിങ്ങൾ വീട്ടിൽ ഒരു വഴക്കാളി ആണെങ്കിൽ അത് നിങ്ങളുടെ ജനമാവകാഷത്തെ സാരമായി ബാധിക്കാൻ ഇടയുണ്ട്. നിങ്ങളുടെ സ്വപനം ഡോക്ടറോ എഞ്ചിനീയറോ ആണെങ്കിൽ സ്കൂളിൽ ശരിയായി പഠിക്കാതിരുന്നാൽ ആ സ്വപ്നത്തെ നിങ്ങൾക്ക് നശിപ്പിക്കാൻ കഴിയും. നല്ല ആരോഗ്യമാണ് നിങ്ങളുടെ സ്വപ്നമെങ്കിൽ പുകവലിച്ചും ലഹരി ഉപയോഗിച്ചും മദ്ധ്യം ഉപയോഗിച്ചും ആ സ്വപ്നത്തെ നിങ്ങൾക്ക് തകർക്കാൻ കഴിയും. എങ്ങനെയാണ് ജീവിക്കേണ്ടതെന്നും നിങ്ങളുടെ സ്വപ്നത്തേയും ജന്മാവകാശത്തെയും സ്വായത്തമാക്കി എങ്ങനെ ജീവിക്കാമെന്ന് എഴുതുക.

**വായനഭാഗം**

ദിവസം 1: ഉല്പ. 37:1-11
ദിവസം 2 : ഉല്പ. 37:12-24
ദിവസം 3 : ഉല്പ. 37:25-36
ദിവസം 4 : ഉല്പ. 41: 1-13
ദിവസം 5: ഉല്പ. 41:25-41

# 8. ദൈവത്തിൽ വിശ്വസിക്കുക



**വീരപുരുഷൻ(ഹീറോ) യോസേഫ്**

ഉല്പത്തി 37:2-11, 37:17-36, 39:1-41:13, 41:14-16, 41:28-40, 41:56-42:5, 45:1-15, 47:5, എബ്രായർ 11:22

## മന:പാഠ വാക്യം 8

ഗലാത്യർ 6:9 “നന്മ ചെയ്കയിൽ നാം മടുത്തുപോകരുതു; തളർന്നുപോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും.”

## ആവശ്യമായ കഥ 8



സ്കൂളിൽ പെപ്പിയുടെ കൂട്ടുകാരി സിപ് സ്കൂളിൽ അവളിടെ അടുത്തിരിക്കുന്നു. അവർക്ക് സ്കൂളിൽ പോകുന്നത് ഇഷ്ടമാണ്. ഇന്ന് രാവിലെ ഒരു കഥ ഉണ്ടാക്കുവാൻ അദ്ധ്യാപകൻ അവരോടു പറഞ്ഞു. അവൾക്ക് അത് ഇഷ്ടം ആയതിനാൽ വളരെ വേഗത്തിൽ അവൾ അത് ചെയ്തു. അവൾ ആദ്യം എഴുതിത്തീർന്നിട്ടു ടീച്ചറോട് ഞാൻ ചെയ്തു തീരത്ത് ടീച്ചർ എന്നവൾ പറഞ്ഞു. എന്നാൽ എന്താണ് സംഭവിച്ചതെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ. അദ്ധ്യാപകൻ അവൾ പറഞ്ഞത് ഗൌനിക്കുകയോ ഉത്തരം പറകയോ ചെയ്തില്ല. 10 മിനിട്ട് കഴിഞ്ഞപ്പോൾ സിപ് കഥയെഴുതിയിട്ട് ടീച്ചർ ഞാ എഴുതി തീർത്തു എന്നു പറഞ്ഞു. അദ്ധ്യാപകൻ പെട്ടെന്ന് വന്ന് ഇങ്ങനെ പറഞ്ഞു. സിപ് നിന്റെ കഥ വായിക്കുന്നതിന് രസകരം ആയിരിക്കുന്നു. പെപ്പി ദേഷ്യപ്പെട്ട് ഇങ്ങനെ പറഞ്ഞു. അദ്ധ്യാപകൻ എനിക്ക് വേണ്ട ശ്രദ്ധ നൽകുന്നില്ലെങ്കിൽ അവൾ പറയുന്ന ഒന്നും ഞാൻ ചെയ്കയില്ല. ഞാൻ എന്ത് ചെയ്യുന്നു എന്നു അവൾ മനസിലാക്കുന്നപോലും ഇല്ല.

## പ്രധാന പാഠം 8

കഴിഞ്ഞ ആഴ്ചയിൽ നാം പഠിച്ച യാക്കോബിനു 12 മക്കൾ ഉണ്ടായിരുന്നു. യാക്കോബിന്റെ ഇഷ്ടപുത്രൻ യോസേഫ് ആയിരുന്നതിനാൽ അവനു മനോഹരമായ ഒരു അങ്കി നൽകി. അതിനിടയിൽ അവന്റെ സഹോദരന്മാരെ ഭരിക്കുമെന്ന് സ്വപ്നങ്ങൾ കണ്ടിട്ടുണ്ടായിരുന്നതിനാൽ അവനെ അതിയായി വെറുക്കുകയും കൊല്ലുവാനുള്ള പദ്ധതിയിടുകയും ചെയ്തു. അതിനാൽ അവനെ അടിമക്കച്ചവടക്കാർക്ക് വിറ്റു. പലപ്പോഴും ക്രിസ്ത്യാനികൾ കരുതുന്നത് നമുക്ക് ദോഷമായി സംഭവിക്കുന്നതിൽ നിന്ന് ഒഴിവാക്കുന്ന എന്തോ ആണെന്ന്. എന്നാൽ നമ്മെ രൂപപ്പെടുത്തുവാൻ

ദൈവം കഠിന സാഹചര്യങ്ങൾ അവന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഉപയോഗിക്കുകയും അതിനാൽ അവനിൽ ആശ്രയിക്കാൻ കഴികയും ചെയ്യും.



ഈജിപ്തിന്റെ ഗാർഡുകളുടെ ക്യാപ്റ്റൻ ആയിരുന്ന പൊത്തിഫെറിനു യോസേഫിനെ വിറ്റു. ഉത്സാഹമില്ലാത്തവനായി ഇരിക്കുന്നതിനു പകരം അവൻ ദൈവത്തിൽ വിശ്വസിച്ച് ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ പ്രവർത്തിച്ചതിനാൽ പൊത്തിഫെറിന്റെ വീടിന്റെ അധിപതിയാക്കി. പൊത്തിഫെറിന്റെ ഭാര്യ യോസേഫിനെ ഇഷ്ടപ്പെട്ടതിനാൽ തന്നോടൊപ്പം ശയിക്കുന്നതിനു അവൾ ആഗ്രഹിച്ചു. യോസേഫ് ദൈവത്തെ ഭയപ്പെട്ടിരുന്നതിനാൽ തെറ്റു ചെയ്യുവാൻ താൻ ആഗ്രഹിച്ചിരുന്നില്ല. നിങ്ങളെ എപ്പോഴും തെറ്റുചെയ്യുവാൻ ആരെങ്കിലും പ്രേരിപ്പിക്കുന്നുവെങ്കിൽ യോസേഫ് ചെയ്തത് പോലെ ചെയ്യുക. ഒരേ മുറിയിൽ ആ ആളുമൊത്ത് ആണെങ്കിൽ പോലും അത് നിരാകരിക്കുക. യോസേഫ് തെറ്റൊന്നും ചെയ്തില്ലെങ്കിലും അവൾ അവനിൽ കുറ്റം ചുമത്തി ന്യായരഹിതം ആയി തടവിൽ ആക്കി.

യോസേഫ് ദൈവാശ്രയം ഉള്ള ഒരുവൻ ആയിരുന്നതിനാൽ ദൈവം അവനെ അനുഗ്രഹിച്ച് കാരാഗൃഹവും അവനാൽ നിയന്ത്രിക്കപ്പെട്ടു. ഫറവോന്റെ അപ്പക്കാരനും പാനപാത്രവാഹകനും തടവിൽ ആയി ഒരു രാത്രിയിൽ അവർ ഇരുവരും ഓരോ സ്വപ്നങ്ങൾ കണ്ടു. ദൈവം അതിന്റെ വ്യാഖ്യാനം തന്നെ അറിയിക്കുമെന്ന് യോസേഫ് വിശ്വസിച്ചു. യോസേഫ് പറഞ്ഞതുപോലെ അപ്പക്കാരൻ കൊല്ലപ്പെട്ടു പാനപാത്രവാഹകനു തന്റെ സ്ഥാനം തിരികെ ലഭിച്ചു. എന്നാൽ പാനപാത്രവാഹകൻ യോസേഫിനെ മറന്നുപോയി വേണ്ടും ന്യായരഹിതം. 2 വർഷത്തിനു ശേഷം ഫറവോൻ ഒരു സ്വപ്നം കണ്ടു. പാനപാത്രവാഹകാൻ യോസേഫിനെ ഓർത്തു. ദൈവാശ്രയം പരിശീലിച്ച യോസേഫ് ഫറവോന്റെ മുമ്പിലും തന്റെ ദൈവാശ്രയം വെളിപ്പെടുത്തി. 7 വർഷം നന്നായി ധാന്യം വിലയുമെന്നും അടുത്ത 7 വർഷം ക്ഷാമം ആയിരിക്കും എന്നതായിരുന്നു സ്വപ്നത്തിന്റെ വ്യാഖ്യാനം. 13 വർഷത്തെ അടിമത്വത്തിനും കാരാഗൃഹത്തിനും ശേഷം ഫറവോൻ യോസേഫിനെ ഈജിപ്തിന്റെ പ്രധാന മന്ത്രി ആക്കി. രാജ്യത്തെ നയിക്കുവാനുള്ള യോസേഫിന്റെ പ്രയോജനത്തിനല്ല എല്ലാവരേയും രക്ഷിക്കുവാൻ വേണ്ട പരിശീലനം ദൈവം അവനു കൊടുത്തിരുന്നു.

യോസേഫിന്റെ കുടുംബം ഉൾപ്പെടെ എല്ലാവരും പട്ടിണിയിൽ ആകത്തക്കവിധം ക്ഷാമം അത്ര കഠിനം ആയിരുന്നു. യോസേഫിനെ വിട്ട അതെ സഹോദരന്മാർക്ക് ധാന്യം നൽകി രക്ഷിക്കാൻ യോസേഫിനെ  ആവശ്യമായി വന്നു. അവർ അവനെ തിരിച്ചറിഞ്ഞില്ല. എങ്കിലും അവർക്ക് മാറ്റം വന്നിട്ടുണ്ടോ എന്നു യോസേഫ് അവരെ പരീക്ഷിച്ചു. യോസേഫ് അവരോടു ക്ഷമിച്ച് രാജ്യത്തെ ഏറ്റവും നല്ല പ്രദേശം അവർക്ക് നൽകി. ദൈവത്തിൽ നമ്മുടെ ആശ്രയം വെച്ചാൽ മറ്റുള്ളവരോട് ക്ഷമിക്കുവാനും അവരോടു ദയാപൂർവ്വം പെരുമാറുവാനും നമുക്ക് കഴിയും.

യോസേഫിനെപ്പോലെ ന്യായരഹിതമായി യേശുവിനോടും ഇടപെട്ടു. അവൻ തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിലും തെറ്റായ വിധത്തിൽ കുറ്റം ചുമത്തപ്പെട്ടു. അവനെ ക്രൂശിൽ തറച്ചു കൊന്നു. എന്തു സംഭവിച്ചിട്ടും യോസേഫിനെപ്പോലെ അതിലെല്ലാം തന്റെ ദൈവത്തിൽ ആശ്രയം വച്ചു. യോസേഫ് പ്രധാനമന്ത്രിയായി. എന്നാൽ യേശു മുഴുലോകത്തിന്റെ രാജാവായി. ജീവിതത്തിലെ കഠിനവേളകളിലും നമ്മോടൊപ്പം ഉണ്ടാകും എന്നതിനാൽ ദൈവത്തിൽ ആശ്രയം വക്കുവാൻ അവൻ നമ്മോടു ആവശ്യപ്പെടുന്നു. അവനെ സ്നേഹിക്കുന്ന ഏവർക്കും സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന വചനം പറയുന്ന (റോമർ 8:28) ദൈവത്തിന്റെ തിരുഹൃദയത്തിലെപ്പോലെ രൂപപ്പെടുത്തിയെടുക്കാൻ കഠിനവേളകൾക്കായി ദൈവത്തെ അനുവദിക്കുമോ.

കാര്യങ്ങൾ പ്രയാസമുള്ളതായിത്തീർന്നാലും ദൈവത്തിൽ ആശ്രയിക്കാൻ ഞാൻ തീരുമാനിക്കുന്നു.

## റെസല്യൂഷൻ 8




പെപ്പിക്ക് എന്താണ് സംഭവിച്ചതെന്ന് അവളുടെ കൂട്ടുകാരി ബ്രൂസ് തിരിച്ചറിഞ്ഞു. ഓരോ ദിവസം ക്രിസ്ത്യാനികൾക്ക് ഉണ്ടായിരിക്കേണ്ട ഒരു വിശേഷത ആണ് അനുസരണം എന്നു സംസാരിച്ച് അവളെ ബോദ്ധ്യപ്പെടുത്തി ചിലപ്പോൾ അദ്ധ്യാപകൻ അവൾ പറഞ്ഞത് കേൾക്കാഞ്ഞത് കൊണ്ടായിരിക്കും അവളുടെ ജോലി കഴിഞ്ഞപ്പോൾ ഒന്നും പറയാതിരുന്നത്. അവളുടെ മനോഭാവം ശരിയല്ല എന്നു പെപ്പി തിരിച്ചറിഞ്ഞു. അവളുടെ അദ്ധ്യാപകനൊത്ത് തുടർന്ന് നന്നായി സഹകരിക്കാൻ ആരംഭിച്ചു.

## പ്രവർത്തനം 8

**ആത്മവിശ്വാസത്തിന്റെ ജേണൽ**

ആഴ്ചയിലുടനീളം എങ്ങനെയാണ് ദൈവത്തിൽ ആശ്രയിക്കുന്നത് എന്ന ഒരു ജേണൽ തയാറാക്കുക. ഒരു കടലാസിന്റെ 2 കാൽ ഭാഗങ്ങൾ ഓരോ കുട്ടിക്കും നൽകുക കുട്ടികൾ ആ കഷണങ്ങൾ ഒന്നിച്ച് ചേർത്ത് മദ്ധ്യഭാഗം മടക്കി സ്റ്റേപ്പിൾ ചെയ്യുക. പിന്നീട് കവർ അലങ്കരിക്കുക. ഈ ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും ദൈവത്തിൽ എങ്ങനെ ആശ്രയിക്കാൻ കഴിയും എന്നു ജേർണലിൽ എഴുതുക. ക്ലാസ്സിലെ ആദ്യദിനത്തിൽ തന്നെ ചെയ്യുവാൻ അവരെ സഹായിക്കുക.



## സമയരേഖ

യോസേഫിന്റെ ജീവിതത്തിന്റെ രേഖ വരയ്ക്കുക.

ചോദ്യം: യോസേഫ് ജനിച്ചപ്പോൾ യാക്കോബിനു എത്ര വയസായിരുന്നു?


ഉത്തരം: കൃത്യസമയം അറിയില്ല എന്നാൽ ഏകദേശം 100 വയസാണെന്ന് അനുമാനിക്കാം.


ചോദ്യം: യോസേഫ് എത്ര വർഷം ജീവിച്ചിരുന്നു?

ഉത്തരം: 110 വർഷം

## പ്രശ്നോത്തരികൾ 8

| | | | | | | | | |
|---|---|---|---|---|---|---|---|---|
| യോ | ജി | ഈ | ഷം | ർ | ണ | കാ | ഫ് | സ്ത്രം |
| സേ | പ്പ് | ദ്യേ | ന്മാ | ഫ | ഹോ | ദ | വ | ഈ |
| ഫ് | വി | ന്മാ | നി | റ | ങ്ങ | ൾ | യോ | ജി |
| ഫ | റ | ല്ക്ക | പ്പ | വോ | ഉ | പ | സേ | പ്പ് |
| അ | ടി | മ | ക | ൻ | കി | ദ്ധ | ഫ | റ |
| പ | തി | കാ | രം | ണ | പ്ര | തി | കാ | രം |
| സ്വ | പ്പ | ക്കാ | ർ | ൻ | അ | ടി | ന്മാ | വോ |
| ങ്ങ | ന്മാ | സ | ഹോ | ദ | ര | ന്മാ | ർ | ൻ |






## ചോദ്യോത്തരങ്ങൾ 8


1. ദൈവത്തിനു ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ഉണ്ടോ? (ഇല്ല. ദൈവം സർവ്വശക്തനാണെന്ന് ബൈബിൾ പറയുന്നു. കാലത്തിന്റെ ആദ്യം മുതൽ ഇന്നും നാളെയും ഉള്ള എല്ലാം മനസിലാക്കാനും എല്ലാം കാണുവാനും അവനു കഴിയുന്നു.)
2. ദോഷകരമായ കാര്യങ്ങൾ നമുക്ക് സംഭവിക്കുവാൻ ദൈവം എന്തിനു അനുവദിക്കുന്നു? ( യോസേഫിനോടു ഉള്ള ബന്ധത്തിൽ ദൈവം ആഗ്രഹിക്കുന്ന സ്ഥലത്ത് എത്തിച്ചേരാൻ പരിശീലിക്കപ്പെടുവാനും ദോഷമേറിയ കാര്യങ്ങൾ ദൈവം ഉപയോഗിച്ചു. ദോഷമുള്ള പല കാര്യങ്ങളും നമുക്ക് ദോഷം ഉണ്ടാക്കുന്നില്ല എന്നാൽ അവൻ നമ്മുടെ ആത്മാവിനെ കരുതുന്നതുകൊണ്ട് അത് നമുക്ക് നന്മയ്ക്കായി തീരുന്നു. പാപം നിറഞ്ഞ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നതെന്ന് മനസിലാക്കുന്നത് നല്ലതാണ്. ഈ ഭൂമിയിൽ സഞ്ചരിക്കുവാൻ സാത്താനെ ദൈവം അനുവാദം കൊടുത്തിരിക്കയാണ്. അതിനാൽ മരണവും യുദ്ധങ്ങളും ഭൂമികുലുക്കങ്ങളും അത്യാഹിതങ്ങളും തെറ്റു ചെയ്യുന്ന അനേക ആളുകളും എല്ലാം വിശ്വാസികളെയുംഅവിശ്വാസികളേയും ബന്ധിക്കുന്നു).
3. എന്തുകൊണ്ട് മറ്റു മതങ്ങൾ നല്ലതല്ലാത്തതായിരിക്കുന്നു? (രക്ഷയ്ക്കുള്ള ഏക വഴി യേശുക്രിസ്തു മാത്രമാണെന്ന് ബൈബിൾ പറയുന്നു. ദൈവവുമായി നേരായ പാതയിൽ സഞ്ചരിക്കുന്നതിനു മറ്റുള്ള മാതങ്ങൾ എന്താണ് ചെയ്യേണ്ടതെന്നാണ് പറയുന്നത്?)

## ഗയിം 8

**കയർ**

- 1 മീറ്റർ നീളമുള്ള കയർ 3 വിവിധ മരങ്ങളിലോ പോസ്റ്റുകളിലോ കെട്ടുക, 1 2 3 എന്നീ നമ്പറുകൾ
- മറ്റുള്ളവരെ കുട്ടിയോജിപ്പിക്കാൻ കഴിവുള്ള 6 ടാഗ്ഗറുകളെ വിളിക്കുക. (നിങ്ങളുടെ ക്ലാസ്സിൽ എത്ര വിദ്യാർത്ഥികളാണുള്ളത് എന്നതിനെ ആശ്രയിച്ച്) അവർ മറ്റുള്ളവരെ ടാഗചെയ്യാൻ ശ്രമിക്കും.

- മരത്തിൽ നിന്ന് 10 മീറ്റർ അകലത്തിൽ മറ്റു കുട്ടികൾ ഒരു വില്ല് രൂപത്തിൽ വിസ്തൃതമായി നിൽക്കുക. 6 ടാഗറുകളെ മറ്റുള്ളവരുടെയും മരത്തിന്റെയും മധ്യത്തിലായി നിർത്തുക.
- "കയർ പിടിച്ചെടുക്കുക" എന്ന അദ്ധ്യാപകൻ പറയുമ്പോൾ മറ്റു 6 ടാഗ്ഗർറുകളേയും മുറ്റത്തെ കയറുകളിൽ ഒന്ന് പിടിച്ചെടുക്കുക. ആര് കെട്ടപ്പെട്ട രീതിയിൽ ആകുന്നുവോ അവർ അവിടെ നിശ്ചലരാകുന്നു.
- അവർ കയറിന്റെ അടുത്ത് എത്തിയാൽ മറ്റൊരു കുട്ടി കയറിന്മേലുണ്ട്. തുടങ്ങുന്നതിനോ വരിക്ക് നീളം കൂട്ടുന്നതിനോ ആ കുട്ടിയുടെ കൈ പിടിക്കേണ്ടതാണ്. കയറിന്മേൽ നിന്ന് കുട്ടികളുടെ വരിയുമായി ബന്ധപെട്ടോ കയർ പിടിക്കുന്നവരുമായി ഉള്ള എല്ലാ കുട്ടികളും സുരക്ഷിതരും നിശ്ചലർ അല്ലാത്തവരാകുകയും ചെയ്യും.
- എല്ലാവരും ബന്ധിക്കപ്പെട്ടു നിശ്ചലരായി തീരുമ്പോൾ ഗയിം തുടരുവാനായി ഒരു വിസിൽ അടിക്കുക. അദ്ധ്യാപകൻ നമ്പർ 2 അല്ലെങ്കിൽ നമ്പർ 3 എന്നു ഉറക്കെ വിളിച്ചു പറയുമ്പോൾ കയറുമായി ബന്ധിപ്പിക്കപ്പെട്ട കുട്ടികൾ അവരുടെ കയർ വിട്ടു കെട്ടപ്പെടാത്ത വിധത്തിൽ മറ്റൊന്ന് തട്ടിയെടുക്കുക. നിശ്ചലരക്കാപ്പെട്ട കുട്ടികളും ആ സമയം ഓടാവുന്നതാണ്. വീണ്ടും തുടരുന്നതിന് മുമ്പായി ഓടുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കുവാൻ 6 ടൈഗറുകൾ 6 പടികൾ പിന്നോട്ട് ഇറങ്ങേണ്ടതാണ്.
- എല്ലാ കുട്ടികളും ഒന്നാം നമ്പർ ഉള്ള കയറിൽ ആയതിനാൽ അദ്ധ്യാപകൻ 1 എന്ന നമ്പർ പറയുകയില്ല പറഞ്ഞാൽ എല്ലാ കുട്ടികളും നിശ്ചലരാകുകയും കളി അവസാനിക്കുകയും ചെയ്യും.
- കുട്ടികൾ ഒന്നാം നമ്പർ കയറിൽ വിശ്വാസം അർപ്പിക്കാൻ കഴികയോ അവിടെ ഓടി എത്തുന്നത് വരെ കളി തുടരുക.
- 2 ഉം 3 ഉം കയറുകൾ ശൂന്യമായി ഇരിക്കുമ്പോൾ എല്ലാവരും ഒന്നാം നമ്പർ കയറിലേക്ക് ഓടുന്നത് എന്താണെന്ന് കുട്ടികളോട് ചോദിക്കുക.
- ദൈവത്തെ വിശ്വസിക്കുന്നത് ഇതിനു എത്രത്തോളം സമാനമാണെന്ന് കുട്ടികളോട് സംസാരിക്കുക. അവൻ എപ്പോളും വിശ്വസ്തനാണ്. ആദ്യം അവനിലേക്ക് ഓടി എത്തിയാൽ മറ്റെങ്ങോട്ടും ഓടി പോകേണ്ടി വരികയില്ല.




## ഹാജർ 8

ക്ലാസ്സിൽ ഹാജരുള്ള കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്കവിധത്തിൽ അടുത്തയാഴ്ച വന്ന് മറ്റൊരു കാർഡ് ലഭ്യമാകുന്നതിനായി അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:




**യോസേഫ്**

## ഗൃഹപാഠം 8

**അസൈന്മെന്റ്**

ഈ ആഴ്ചത്തെ നിങ്ങളുടെ അസൈന്മെന്റ് ആളുകളോട് ക്ഷമിക്കുക എന്നതാണ്. മോശമായ പെരുമാറ്റം നമ്മിൽ എല്ലാവരും അനുഭവിച്ചിട്ടുണ്ട്. നമുക്ക് അതിനെക്കുറിച്ച് കോപം വന്ന് പകരം വീട്ടുവാൻ ആഗ്രഹിക്കയോ അല്ലെങ്കിൽ അവരോടു ക്ഷമിക്കുന്നത് തിരഞ്ഞെടുത്ത് ദൈവത്തിൽ വിശ്വസിക്കുകയും ചെയ്യാം. ഈ ആഴ്ചയിൽ നിങ്ങളെ ചിലർ വിഷമിപ്പിച്ചു എന്നു നിങ്ങൾ ചിന്തിക്കുമ്പോൾ ഞാൻ അവരോടു ക്ഷമിക്കുന്നു എന്നും ചിന്തിക്കുക. നിങ്ങളത് ആ ആളോട് പറയണമെന്നില്ല നിങ്ങൾ തനിയെ ആയിരിക്കുമ്പോൾ നിങ്ങൾക്ക് അതുറക്കെ പ്രസ്താവിക്കാം. നിങ്ങൾക്കുള്ള കോപത്തിൽ നിന്ന് അത് നിങ്ങളെ വിടുവിക്കയും വീണ്ടും സമാധാനമായി ഇരിക്കുവാൻ കഴിയുകയും ചെയ്യും. ദൈവം നമ്മോടു എല്ലാവരോടും ക്ഷമിച്ചതിനാൽ നിങ്ങളും സ്വർഗീയ പിതാവിനെപ്പോലെ ആണ്. എത്രയും കൂടുതൽ നിങ്ങൾ മറ്റുള്ളവരോട് ക്ഷമിക്കുന്നുവോ അത്രയും സ്വാതന്ത്ര്യം നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും.

**വായന ഭാഗം**

ദിവസം 1 : പുറപ്പാട് 3:2-10
ദിവസം 2: പുറപ്പാട് 7:10-11, 20-21, 8:6-8, 16-22
ദിവസം 3:പുറപ്പാട് 9:2-3, 6-19, 10:3-5, 21-23
ദിവസം 4: പുറപ്പാട് 11:4, 12:12-14, 29-30
ദിവസം 5: പുറപ്പാട് 14:5-9, 13, 21-27

# 9. പാപത്തെ പിന്നിൽ ഉപേക്ഷിക്കുക



**ഹീറോ(വീരപുരുഷൻ): മോശെ**

പുറപ്പാട്: 1:1-2:15, 3:1-12, 4:10-17, (7:8-13:42), 14:5-31, അപ്പൊ.പ്രവൃ:7:20-34, എബ്രായർ 11:23-29

## മനഃപാഠ വാക്യം 9

2 തിമോഥെയോസ് 2:21 "ഇവയെ വിട്ടകന്ന തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥനു ഉപയോഗവുമായി നല്ല വേലെക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാന പാത്രം ആയിരിക്കും."

## ആവശ്യമായ കഥ 9





അത്താഴം ഉണ്ടാക്കിക്കൊണ്ടിരുന്ന അമ്മയ്ക്ക് അത്യാവശ്യമായി ഉടനെ തന്നെ ഒരു മുട്ട ആവശ്യമുള്ളതിനാൽ കമെറ്റ് കടയിലേക്ക് ഓടുകയായിരുന്നു. അവൻ കടയിൽ ചെന്ന് ഉറക്കെ വിളിച്ച് എങ്കിലും ആരെയും അവിടെ കണ്ടില്ല എന്നാൽ അല്പം പണം ആ കൌണ്ടറിൽ ഇരിക്കുന്നത് അവൻ കണ്ടു. ആരോ അത് മറന്നു വെച്ചതാണെന്നു തീർച്ചയായിരുന്നു. അതിനു ചുറ്റും ആരും ഇല്ലാതിരുന്നതിനാൽ ആ പണത്തെ സൂക്ഷിച്ചു നോക്കി അതെടുത്തു.

## പ്രധാനപാഠം 9

യാക്കോബിന്റെ കുടുംബ യിസ്രായേൽ രാജ്യത്ത് വളർച്ച പ്രാപിച്ചു. ഈജിപ്റ്റ്കാർ അവരെ അടിമകളാക്കി ഫറവോൻ അവരുടെ കൊച്ചു കുട്ടികളെ കൊല്ലുവാൻ ആഗ്രഹിച്ചു ഒരു യിസ്രായേല്യ മാതാവ് തന്റെ ഒരു ആൺകുട്ടിയെ ഒരു കുട്ടിയിലാക്കി നൈൽ നദിയിൽ ഒഴുക്കിവിട്ടു ഫറവോന്റെ മകൾ അവനെ എടുത്തു വളർത്തി മോശ എന്നു പേരിട്ടു. ദൈവത്തിന്റെ ജനങ്ങളുടെ ഭാഗ്യമായി തീരുവാൻ തനിക്കുള്ള കൊട്ടാരത്തിലെ ഉന്നതസ്ഥാനങ്ങൾ വെടിഞ്ഞു ദൈവത്തിൽ ഉള്ള വിശ്വാസം മോശ പ്രകടമാക്കി. അവൻ യിസ്രായേലിനെ രക്ഷിക്കാൻ ആഗ്രഹിച്ചു എന്നാൽ പാപത്തിനു അവൻ വഴിപ്പെട്ടു. ഒരു ദിവസം ഒരു യിസ്രായേല്യനെ അടിച്ച ഈജിപ്റ്റ് കാരനെ മോശ കൊന്നു. മോശയുടെ ഹൃദയത്തിൽ മറ്റൊരു പാപം കൂടിയുണ്ടായിരുന്നു, അഹങ്കാരം. അവൻ ആഗ്രഹിക്കുന്ന രീതിയിൽ യിസ്രായേലിനെ വിടുവിക്കാമെന്നു മോശ ചിന്തിച്ചു. അഹങ്കാരികളോട്

ദൈവം എതിർത്തുനിൽക്കുന്നു എന്നും താഴ്മ ഉള്ളവർക്ക് ദൈവം കൃപ നൽകുന്നു എന്നും ബൈബിൾ പറയുന്നു. യോസേഫിന്റെ ഹൃദയത്തിൽ പ്രവർത്തിച്ചതുപോലെ മോശയുടെയും ഹൃദയത്തിൽ പ്രവർത്തിക്കേണ്ടത് ആവശ്യമായിരുന്നു, മോശെയുടെ ഹൃദയത്തിൽ ദൈവം പ്രവർത്തിക്കേണ്ടിയിരുന്നു. മോശെ അവന്റെ ജീവിതകാലം മരുഭൂമിയിൽ ചിലവഴിച്ചു.

മോശ 40 വർഷത്തിനു ശേഷം, കത്തിയിട്ടും വെന്തുപോകാതെ മുൾപ്പടർപ്പിന്റെ ഉള്ളിൽ നിന്ന് ദൈവം മോശയോട് സംസാരിച്ചു. ദൈവം മോശയോട് തിരികെ പോകുവാൻ പറഞ്ഞു ഈ സമയത്ത് ദൈവം യിസ്രായേലിനെ രക്ഷിക്കുവാൻ വന്നു. മോശ ദൈവ ഹൃദയപ്രകാരം കാര്യങ്ങൾ ചെയ്തു. യിസ്രായേലിനെ രക്ഷിക്കുവാൻ മോശക്ക് കഴികയില്ലെന്നു താൻ മനസ്സിലാക്കി കാരണം അവൻ സംസാരത്തിൽ ദുർബലനും ആളുകളെ നയിക്കുന്നതിൽ കഴിവില്ലാത്തവനുമായിരുന്നു. എന്നാൽ അതായിരുന്നു മികച്ചത്. മിക്കപ്പോഴും നമ്മൾ തികഞ്ഞവരല്ലാത്ത സാഹചര്യങ്ങളിൽ ദൈവം നമ്മെ നയിക്കും. അത് ദൈവം നമ്മിലൂടെ ചെയ്യുമെന്നുള്ളത് സ്പഷ്ടമാണ്.

ഇന്ന് നേരത്തെ കമറ്റ് കടയിൽ നിന്ന് പണം മോഷ്ടിച്ചതിനെക്കുറിച്ചു ഞാൻ കേട്ടു. അവൻ മോഷണം നടത്തുമ്പോൾ ദൈവത്തിനു കമറ്റിനെ ഉപയോഗിക്കാൻ കഴികയില്ല. നമ്മുടെ അഹങ്കാരവും പാപവും വിട്ടുകളഞ്ഞു മാനസാന്തരപ്പെട്ടാൽ ദൈവത്തിനു നമ്മെ ഉപയോഗിക്കാൻ കഴിയും. അപ്പോൾ ദൈവം വിളിക്കുമ്പോൾ നമുക്ക് ഭയപ്പെടേണ്ട കാര്യമില്ല കാരണം അത് ദൈവം നമ്മളിലൂടെ ചെയ്യുന്നു എന്ന് നമുക്കറിയാം. ഈജിപ്തിലെ ചരിത്രത്തിലെ ദൈവത്തിന്റെ ശക്തിയുടെ വലിയ പ്രദർശനമായി മോശയെ ഇസ്രായേൽ മക്കളെ വിട്ടുവിക്കാൻ ദൈവം ഉപയോഗിച്ചു.

ഈജിപ്തിൽ 10 ബാധകളെ ദൈവം വരുത്തി. വെള്ളം രക്തമായി, പേൻ, നായീച്ച, മൃഗവ്യാധി, പരുക്കൾ, കല്മഴ, വെട്ടുക്കിളി, കൂരിരുട്ട്, അവസാനം ഈജിപ്തിലെ ആദ്യജാതന്മാർ എല്ലാം മരിച്ചു. അവസാന പാതയിൽ ഭക്ഷണത്തിനായി ആട്ടിൻകുട്ടിയെ അറുത്ത് രക്തം അവരുടെ കട്ടളക്കാലിന്മേൽ പുരട്ടുവാൻ അവരോടു പറഞ്ഞു. ദൈവത്തെ അനുസരിച്ച ഓരോ വീടുകളിലേയും ആദ്യജാതന്മാർ സംരക്ഷിക്കപ്പെട്ടു. ദൈവം തന്റെ സ്വന്തം പുത്രനായ യേശുവിനെ ഒരു കുഞ്ഞാടിനെപോലെ മരിക്കുവാൻ അയച്ചതിന്റെ ഒരു ചിത്രമായിരുന്നു അത്. അനേകരും യേശുവിൽ വിശ്വസിച്ചു മാനസാന്തരപ്പെട്ട് ദൈവത്തെ അനുസരിക്കുന്നതിനു പകരം അവരുടേതായ വഴിയിൽ രക്ഷപ്പെടുന്നതിനു ശ്രമിക്കുന്നുണ്ട്. നിങ്ങൾ ദൈവത്തിന്റെ മാർഗം തിരഞ്ഞെടുക്കുമോ?

യിസ്രായേൽ ദൈവത്തെ പിന്തുടർന്ന് ചെങ്കടലിലേക്ക് യാത്ര തുടർന്നപ്പോൾ ഈജിപ്ത്കാർ അവരെ പിന്തുടർന്നെത്തി. ദൈവം അവർക്കുവേണ്ടി യുദ്ധം ചെയ്തു അവരെ രക്ഷിക്കുമെന്നും അതിനാൽ ഭയപ്പെടേണ്ടതില്ലെന്നും മോശ യിസ്രായേൽ മക്കളോട് പറഞ്ഞു. ദൈവം ചെങ്കടൽ വിഭജിച്ചു ഇരുവശവും വെള്ളം കെട്ടിനിൽക്കുന്നതിന്റെ മദ്ധ്യത്തിൽ ഉള്ള ഉണങ്ങിയ വഴിയിലൂടെ യിസ്രായേൽ മക്കൾ നടന്നു. എന്നാൽ ഈജിപ്ത്കാർ വെള്ളത്തിൽ താണുപോയി. ദൈവത്തോടുള്ള അനുസരണത്തിലും സൌമ്യതയിലും മോശ യിസ്രായേൽ മക്കളെ നയിക്കുവാൻ തന്റെ ശിഷ്ട ജീവിതം ഉപയോഗിച്ചു.

തന്റെ പാപത്തിൽനിന്നു മാനസാന്തരപ്പെട്ട് ദൈവമുമ്പാകെ വിശുദ്ധനായി ജീവിക്കുവാൻ ഞാൻ തീരുമാനിക്കുന്നു.

## റെസലൂഷൻ 9

കമറ്റിനു ആ പണം തിരിച്ച് കൊടുക്ക എന്ന നല്ല കാര്യം ചെയ്യാൻ അവസരമുണ്ടായി. അവൻ അതിനെക്കുറിച്ച് ചിന്തിച്ചോണ്ടിരുന്നപ്പോൾ വളരെ സൌമ്യതയുള്ള അവന്റെ സ്നേഹിതാ പെപ്പി വന്നു. എനിക്ക് തീർച്ചയായും നിന്നെ





ആവശ്യമുണ്ട് കമെറ്റ് പറഞ്ഞു. കൂട്ടുകാറിയുടെ സഹായത്തോടെ അവൻ അപനം മടക്കി കൊടുത്ത് ശരിയായ കാര്യം ചെയ്തു.

## പ്രവർത്തനം 9

**ഒരു കഥ പറയുക**

മാസികകളോ ആളുകളുടെയോ സ്ഥലങ്ങളുടെയോ ചിത്രങ്ങളോ ക്ലാസിൽ കൊണ്ടുവരിക. (വികൃതമായതും അനുചിതമല്ലാത്തതുമായ ചിത്രങ്ങൾ ഒഴിവാക്കുക). കുട്ടികളുടെ 2 ഓ അതിലധികമോ ടീമുകളായി രൂപീകരിക്കുക. ഓരോ ടീമും മുറിച്ചെടുത്ത ചിത്രങ്ങൾ കൊണ്ട് പാപം, മാനസാന്തരം, പുതുജീവിതം എന്നിവ ഉൾപ്പെടുന്ന ഒരു കഥ ഉണ്ടാക്കുക.



## സമയരേഖ 9

മോശയുടെ ജീവിതത്തിന്റെ ഒരു രേഖ വരയ്ക്കുക.

ചോദ്യം: യോസേഫിന്റെ ജനനവും മോശയുടെ ജനനവും തമ്മിൽ എത്ര വ്യത്യാസമുണ്ട്?

ഉത്തരം: കൃത്യസമയം നമുക്കറിയുകയില്ല എന്നാൽ ഏതാണ്ട് 380 വർഷം

ചോദ്യം: എത്ര വർഷം മോശ ജീവിച്ചിരുന്നു?

ഉത്തരം: 120 വർഷം

## ഗയിം: 9

**10 കല്പനകൾ**



- ഈ പ്രവർത്തനത്തിനു 10 മുട്ടകൾ ആവശ്യമാണ് , തുടക്കാവുന്ന തുണിക്കഷണം, വസ്ത്രം അഴുക്കാകുന്നതിനു മനസ്സുള്ള ഒരു വോളണ്ടിയർ എന്നിവ ആവശ്യമാണ്.
- 10ലെ ഓരോ കല്പനകൾക്കും കുട്ടി ഓരോ മുട്ട കൈയ്യിലേന്തുക. മുട്ടകൾ പിടിക്കുന്നതിനു വിവിധ മാർഗങ്ങൾ ഉപയോഗിക്കുക. ഉദാഹരണത്തിന് അവന്റെ കൈകളിൽ മുട്ടിനു മദ്ധ്യത്തിൽ, കൈമുട്ടിൽ, വായിൽ തുടങ്ങിയവ.
- ഓരോ പ്രാവശ്യവും മുട്ട താഴെവീഴാതെ സൂക്ഷിക്കുന്നതിനു ബുദ്ധിമുട്ട് കൂടിവരും. ഒടുവിലായി, പത്താമത്തെ കല്പനകൾക്ക് മുട്ട അവന്റെ തലയിൽ വയ്ക്കുക.
- ഗയിമിന്റെ സമയത്ത് കല്പനകൾ പറഞ്ഞ് ഒരെണ്ണം ഉപയോഗിക്കുമ്പോൾ എത്ര എളുപ്പമാണെന്നും 10 എണ്ണം ഉപയോഗിക്കുമ്പോൾ എത്ര പ്രയാസമുള്ളതാണെന്നും മനസിലാക്കുക. ഉദാഹരണത്തിന് ആറാമത്തേത് ആരെയും കൊല്ലാതിരിക്കുന്നത് എളുപ്പമാണെന്ന് നിങ്ങൾ പറയുന്നതിനാൽ വളരെ എളുപ്പമുള്ള സ്ഥലത്ത് മുട്ട നിങ്ങൾക്ക് വയ്ക്കാം. കുട്ടികൾക്ക് മുട്ട എവിടെ വെക്കണമെന്നുള്ളതിനു ശബ്ദാരവത്തോടുകൂടി കുട്ടികൾ

പറഞ്ഞു സഹായിക്കണം. എല്ലാവരും പാപം ചെയ്തു എന്ന വിഷയം കാണിക്കുന്നതിന് ഒരു മുട്ട താഴെ ഇട്ടു.


- ഒടുവിലായി, കുട്ടിയുടെ തലയിൽ ഇരിക്കുന്ന മുട്ട പൊട്ടിക്കുക. കൊച്ചുകുട്ടികൾ ഒളിച്ചുവച്ചിരിക്കുന്ന കല്ല് എടുത്ത് മുട്ടയിൽ അടിച്ചു പൊട്ടിക്കണം. തല മുറിയാൻ സാദ്ധ്യത ഉള്ളതുകൊണ്ട് തലയിൽ ഇടിക്കരുത്. താൻ വൃത്തിഹീനനായിതീരുവാൻ പോകുന്ന എന്നുള്ള കാര്യം കുട്ടി മനസിലാക്കുന്നു എന്ന ഉറപ്പ് വരുത്തുക. ഇത് വളരെ ശക്തമായ ദൃശ്യ പാഠമാണ്.


## 10 കല്പനകൾ

1. അന്യ ദൈവങ്ങൾ നിനക്കുണ്ടാകരുത്
2. വിഗ്രഹങ്ങൾ ഉണ്ടാക്കുകയോ അവയെ നമസ്കരിക്കയോ ചെയ്യരുത്
3. ദൈവത്തിന്റെ നാമം വൃഥാ എടുക്കരുത്
4. വിശ്രമ ദിവസത്തെ സംരക്ഷിക്കുക(ശാബത്ത് നാലിനെ ശുദ്ധീകരിക്കുവാൻ ഓർക്ക)
5. നിന്റെ അപ്പനെയും അമ്മയേയും ബഹുമാനിക്കുക
6. കുല ചെയ്യരുത്
7. വ്യഭിചാരം ചെയ്യരുത്
8. മോഷ്ടിക്കരുത്
9. കള്ളസാക്ഷ്യം പറയരുത്(മറ്റുള്ളവരെ പ്രശ്നത്തിലാക്കുന്ന കള്ളം പറയരുത്)
10. ഒന്നും മോഹിക്കരുത്

## പ്രശ്നോത്തരികൾ 9

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വ | ഈ | ജി | പ്ത് | കു | കൊ | പ | ഭ | ശ |
| പ | ക | ർച്ച | വ്യാ | പ | ല്ല | ങ്ക | മോ | മേ |
| മേ | വി | ട്ടു | പോ | കു | കു | ചെ | അ | ൻ |
| ക | ഘ | ഫ | റ | വോ | ട്ടു | ർച്ച | വോ | ല്ല |
| മൃ | ൾപ്പ | ങ്ങ | വ്യാ | മൃ | ശ | റ | വ്യാ | ങ്ങ |
| ശി | ശ്രു | ക്ക | ൾ | ൾപ്പ | ഫ | പ്ര | ല്ല | ധി |
| ട്ടു | അ | ചെ | ങ്ക | ട | ൽ | ശ്രു | ഭ | ടി |
| കു | ഗ്നി. | മോ | മൃ | ർപ്പ് | ട | ൾപ്പ | വ | ട്ടു |





## ചോദ്യോത്തരങ്ങൾ 9

1. ദൈവം ക്ഷമിക്കുന്നവനെങ്കിൽ ഞാൻ പാപം ചെയ്യുന്നതിൽ തെറ്റുണ്ടോ? (റോമർ 7 ലെ ചിന്താക്കുഴപ്പം. ദൈവം നമ്മോടു ക്ഷമിക്കുമെങ്കിൽ പാപം ചെയ്യാതിരിക്കുന്നതിൽ എന്തുകൊണ്ട് ശ്രദ്ധ ആവശ്യമാണ്. പാപം എപ്പോഴും ദൈവത്തിന് എതിരും ശിക്ഷിക്കപ്പെടേണ്ടതുമാണ്. യേശു നമ്മോടു ക്ഷമിക്കും എന്നാൽ പാപത്തിനു അതിന്റേതായ പരിണിതഫലങ്ങൾ ഉണ്ട്. ഉദാഹരണത്തിന് ഞാൻ ക്ലാസ്സിൽ അപമര്യാദയായി ദൈവം എന്നോട് ക്ഷമിക്കുമെങ്കിലും ഞാൻ ശിക്ഷിക്കപ്പെടും.
2. വളരെ വളരെ തെറ്റായ ഒരു കാര്യം ഞാൻ ചെയ്താൽ? ഈ ചോദ്യത്തിനു പിന്നിലുള്ള ഉദ്ദേശം വലിയ പാപങ്ങൾ ദൈവം ക്ഷമിക്കുമെന്നാൽ നാം അനുതപിച്ചു ക്ഷമക്കായി യാചിക്കണം എന്നു കുട്ടികൾക്ക് മനസിലാക്കിക്കൊടുക്കാനാണ്. ഗുരുതരമായി നമ്മൾ ആരെയെങ്കിലും വേദനിപ്പിച്ചാൽ ദൈവം ക്ഷമിച്ചാലും നമുക്ക് ജയിലിൽ പോകാൻ കഴിയും മയക്കുമരുന്ന്, അക്രമം, ലൈംഗികം തുടങ്ങിയവ നമ്മുടെ മുഴുവൻ ജീവിതം തന്നെ മാറ്റിയെഴുതുന്നവയാണ്.
3. ഞാൻ ചില നല്ല കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിച്ച് തെറ്റായ കാര്യം ചെയ്തു(നമ്മുടെ ലക്ഷ്യങ്ങളും പ്രവൃത്തികളും തമ്മിലുള്ള ഒരു യുദ്ധം ആണിത്. നമ്മുടെ ഉദ്ദേശങ്ങളെ ദൈവം നോക്കുന്നു എന്നാൽ പൌലോസ് നാം നന്മ തുടരുകയോ പാപം ചെയ്തുകൊണ്ടിരിക്കുകയോ ചെയ്യാമോ? "ഉത്തരം:" തീർച്ചയായും ഇല്ല. "- റോമർ 3: 5-8).

## ഹാജർ 9




ക്ലാസ്സിൽ ഹാജരുള്ള കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്കവിധത്തിൽ അടുത്തയാഴ്ച വന്ന് മറ്റൊരു കാർഡ് ലഭ്യമാകുന്നതിനായി അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:
മോശ

## ഗൃഹപാഠം 9

**അസൈന്മെന്റ്**

നിങ്ങൾ പാപം ചെയ്യുമ്പോൾ എങ്ങനെ പ്രാർത്ഥിക്കണം എന്നതാണ് നിങ്ങളുടെ അസൈന്മെന്റ്. ഒളിക്കുകയോ അതിനെക്കുറിച്ച് കള്ളം പറയുകയോ ചെയ്യുന്നത് മറ്റൊരു പാപമാണ്. ഞാൻ അത്ര നല്ല മനുഷ്യനല്ല അതുകൊണ്ട് ഇതോ അതോ ചെയ്യുന്നതിന് അനുവാദം എനിക്കില്ല എന്നു പറഞ്ഞ് നിരാശയോടുകൂടെ പറഞ്ഞ നമ്മെ തന്നെ ശിക്ഷിക്കാറുണ്ട്. എന്നാൽ ഏറ്റവും നല്ല പ്രതികരണം, നാം പാപം ചെയ്തു എന്നു ഏറ്റുപറഞ്ഞു ആ പാപത്തിനു യേശുവിനോട് ക്ഷമ യാചിക്കയാണ് നിങ്ങളുടെ പാപത്തെ ഓർത്ത് നിരാശപ്പെട്ട് പോകുന്നതിനു ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. സ്വതന്ത്രനായി മറ്റുള്ളവർക്ക് പ്രോത്സാഹനം ആകുന്ന വിധത്തിൽ അവൻ അത് ക്ഷമിക്കുവാൻ ആഗ്രഹിക്കുന്നു.

**വായനഭാഗം**

ദിവസം 1: സംഖ്യാ 13:1-3, 17-25
ദിവസം 2: സംഖ്യാ. 13:26-33
ദിവസം 3: സംഖ്യാ. 14:1-9
ദിവസം 4: സംഖ്യാ. 14:10-16
ദിവസം 5: സംഖ്യാ. 14:17-24

# 10. അത് നിങ്ങൾക്ക് കഴിയും



**ഹീറോ (വീരപുരുഷൻ) : കാലേബ്**

സംഖ്യാ. 13:1-3, 13:17-14:9, 14:7-24, 14:30-45

## മന:പാഠവാക്യം 10

അപ്പൊ.പ്രവൃ. 1:8 "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു."

## ആവശ്യമുള്ള കഥ 10



സണ്ടേസ്കൂളിൽ മറ്റു കുട്ടികൾക്കൂടി യേശുവിൽ വിശ്വസിക്കുന്നതിന് നമ്മുടെ വിശ്വാസം പങ്കുവയ്ക്കുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നു പെപ്പി പഠിച്ചു. തിങ്കളാഴ്ച ഒഴിവുസമത്തിനു ശേഷം അവൾ പിൻപിലൂടെ അകത്തേക്ക് നടന്നു പോയപ്പോൾ ഒരു പെൺകുട്ടി തനിയെ ഇരിക്കുന്നത് പെപ്പിയുടെ ശ്രദ്ധയിൽ പെട്ടു. ക്ലാസിലേക്കുള്ള വഴിയിൽ അവൾ അവളുടെ കൂട്ടുകാരൻ കമറ്റിനോട് ആ ബെഞ്ചിൽ ഇരിക്കുന്ന കുട്ടിയെ കണ്ടോ അവൾ തീർച്ചയായും ഏകാന്തത അനുഭവിക്കുന്നു എന്നു അവളുടെ കൂട്ടുകാരൻ കമറ്റിനോട് പറഞ്ഞു. നിനക്ക് അവളെ സന്തോഷിപ്പിക്കുവാൻ കഴിയും അവളോട് യേശുവിനെക്കുറിച്ച് പറഞ്ഞു സഭയിലേക്ക് കൊണ്ടുവന്നാൽ അവൾ ഒരിക്കലും എകയായിരിക്കുകയില്ല എന്നു കമറ്റ് മറുപടി പറഞ്ഞു അപ്പോൾ പെപ്പി ഇപ്രകാരം പറഞ്ഞു "എന്നാൽ എനിക്ക് എന്തുചെയ്യാൻ കഴിയും? എന്താണ് അവളോട് പറയേണ്ടത് എന്നു എനിക്കറിയുകയില്ല മാത്രമല്ല എന്റെ മറ്റു കൂട്ടുകാർ എന്നെക്കുറിച്ച് എന്ത് ചിന്തിക്കും?"

## പ്രധാനപാഠം 10

100 കണക്കിന് വർഷങ്ങൾക്ക് ശേഷം അബ്രഹാമിനും യിസ്ഹാക്കിനും യാക്കൊബിനും കൊടുത്ത വാഗ്ദത്തം പൂർത്തീകരിക്കുന്നതിന് വേണ്ടി ദൈവം യിസ്രായേലിനെ നയിക്കുകയായിരുന്നു വാഗ്ദത്ത ദേശം ഒറ്റു നോക്കുവാൻ 12 ഒറ്റുകാരെ അയക്കാൻ ദൈവം മോശയോട് പറഞ്ഞു അവർ മടങ്ങിവന്നു പാലും തേനും ഒഴുകുന്ന ദേശമാണെന്നും ഒരു മുന്തിരിക്കുല 2 പേർ ഒരു തണ്ടിന്മേൽ ചുമന്നുകൊണ്ടു വരത്തക്കവണ്ണം അത്രക്ക് വലിപ്പമുള്ളതാണെന്നു പറഞ്ഞു. എന്നാൽ ഒറ്റുകാരിൽ 10 പേർ അവിടെ ഉള്ള ആളുകൾ മല്ലന്മാർ ആയതിനാൽ നമുക്ക് അവരുടെ ദേശം കൈവശമാക്കാൻ കഴികയില്ല എന്നും പറഞ്ഞു.

ഒറ്റുകാരിൽ ഒരാളായ കാലേബ് അവരെ തടഞ്ഞു "നമുക്ക് അത് ചെയ്യുവാൻ കഴിയുമെന്ന്" പറഞ്ഞു. സർവ്വശക്തനായ അവന്റെ ദൈവം അതിനു സഹായിക്കുമെന്ന് അവൻ വിശ്വസിച്ചു. അതുപോലുള്ള വിശ്വാസമാണ് ദൈവത്തിനു താല്പര്യമായിട്ടുള്ളത്.

എന്നാൽ ജനങ്ങൾ മറ്റു ഒറ്റുകാരെ വിശ്വസിച്ച് ഭയന്ന് വിറച്ച് അങ്ങോട്ടു പോകുന്നതിൽ മടികാണിച്ചു ദൈവം അവരോടു കോപിച്ച് 10 പേരും മരണ ശിക്ഷയ്ക്ക് വിധേയരായി. മരുഭൂമിയിൽ ചുറ്റിത്തിരിയുക എന്നത് ആയിരുന്നു യിസ്രായേൽ മക്കൾക്ക് കൊടുത്ത ശിക്ഷ. അവർ അനുസരണക്കേട് കാണിച്ചപ്പോൾ ദൈവം അവരോടു കൂടെ ഇല്ലാതിരുന്നതിനാൽ എളുപ്പത്തിൽ പരാജയപ്പെട്ടു. 40 വർഷം ഉഴന്നു നടന്നതിനു ശേഷം ആ തലമുറയിൽ കാലേബും മറ്റൊരു ഒറ്റുകാരൻ അവരോടു സഹകരിച്ച യോശുവയും ആയിരുന്നു. അവരുടെ വിശ്വാസത്തിന്റെ പ്രതിഫലമായി അവർ കണ്ട ദേശം അവർക്ക് കൊടുത്തു.

ഇന്ന് മുൻപ് നാം കണ്ടതുപോലെ പെപ്പി ഭയചികിത ആയിരുന്നു എങ്കിലും അവന്റെ വിശ്വാസത്തെ കുറിച്ച് പറഞ്ഞ കമറ്റ് പെപ്പിയെ സഹായിച്ചു. അസാദ്യമായ കാര്യങ്ങളുടെ മുമ്പിൽ അവനെ അനുസരിച്ച് നമ്മുടെ വിശ്വാസത്തിൽ ഉറച്ച് നിന്നാൽ ദൈവം പ്രസാദിക്കും. നിങ്ങൾ അതേ എന്നു പറഞ്ഞാൽ നിങ്ങൾ ചിന്തിക്കുന്നതിലും ഉപരിയായി ദൈവത്തിനു നിങ്ങളെക്കുറിച്ച് ഒരു പദ്ധതി ഉണ്ടെന്നു മനസ്സിലാക്കുക.

കടുകമണിയോളം വിശ്വാസം നിങ്ങൾക്കുണ്ടെങ്കിൽ മലകളെ മാറ്റുവാൻ നിങ്ങൾക്ക് കഴിയും എന്ന് യേശു പറഞ്ഞു. (മത്തായി 17:20) നമ്മുടെ വിശ്വാസം ഒരു വിത്തിനെപ്പോലെ സഭയിൽ നേതൃസ്ഥാനത്തുള്ളവരെ സേവിക്കയും അനുഗമിക്കയും ചെയ്താൽ വളർത്തുവാൻ കഴിയും. യോശുവ മോശയുടെ സഹായി ആയിരുന്നു(പുറപ്പാട് 24:13). മോശെ ദൈവത്തോട് സംസാരിക്കാൻ കൂടാരത്തിൽ പോകുമ്പോൾ യോശുവ തനിയെ കൂടാരത്തിൽ ദൈവത്തോടോത്ത് വസിക്കുമായിരുന്നു(പുറപ്പാട് 33:11). ദൈവവചനം വായിച്ചും പ്രാർത്ഥിച്ചും അതിനുവേണ്ടി പാട്ടുകൾ പാടിയും മറ്റുള്ളവരോടൊത്ത് മാത്രമല്ല നാം തനിയെ ആയിരിക്കുമ്പോളും ദൈവത്തോടൊത്ത് സമയം ചിലവഴിക്കുവാൻ കഴിയും. ദൈവ വചനത്തിലും നമ്മുടെ ജീവിതത്തിലും ദൈവം ചെയ്ത കാര്യങ്ങൾ നമുക്ക് ഓർക്കാൻ കഴിയും. ദൈവം ഈജിപ്തിൽ ചെയ്ത അത്ഭുതങ്ങൾ കാലേബും യോശുവയും കണ്ടു യോശുവ കാലേബിനൊത്ത് എല്ലാവരേയും പ്രോത്സാഹിപ്പിച്ചതുപോലെ നമ്മെ പ്രോത്സാഹിപ്പിക്കുന്ന കൂട്ടുകാരെ നമുക്ക് തിരഞ്ഞെടുക്കാൻ കഴിയും. അതിനു വിപരീതമായി യിസ്രായേൽ ബാക്കിയുള്ള എല്ലാവരും വിശ്വസിക്കാത്ത ഒറ്റുകാരോടൊത്ത് ചേർന്നു. ഒരു കൂട്ടുകാരന്റെ അവിശ്വാസം നിങ്ങളെ സ്വാധീനിക്കുന്നു എങ്കിൽ അവരിൽ നിന്ന് അകലം പ്രാപിച്ച് വിശ്വസിക്കുന്ന കൂട്ടുകാരോടൊത്ത് കൂടുതൽ സമയം ചിലവഴിക്കുക. നിങ്ങളുടെ വിശ്വാസത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ദൈവം നിങ്ങളെ വിളിക്കുമ്പോൾ അവനെ അനുസരിക്ക മാത്രമല്ല അവൻ നിന്നിൽ നിക്ഷേപിച്ചിരിക്കുന്ന അത്ഭുതകാര്യമായി ജീവിക്കയുംൻ അത് മറ്റുള്ളവർക്ക് പ്രചോദനമായി തീരണം.

ഞാൻ ദൈവത്തോട് അതേ എന്നു പറയുവാൻ തീരുമാനിക്കുന്നു. കർത്താവേ എന്റെ ജീവിതത്തിന്റെ പൂർണ്ണ നിയന്ത്രണം നിനക്ക് ഇഷ്ടമുള്ളത് ചെയ്യുവാൻ തക്കവണ്ണം നിനക്ക് നൽകുന്നു. വലുതോ ചെറുതോ അപകടമുള്ളതോ എന്തു തന്നെ ആയാലും എന്റെ ജീവിതം നിന്റേതാണ്. ഭയത്തോടും ഞരക്കവും ഇല്ലാതെ ജീവിക്കുവാൻ എന്നെ സഹായിക്കേണമേ. എന്നെക്കുറിച്ചുള്ള നിന്റെ വലിയ പദ്ധതികൾ കാണുവാൻ എന്റെ കണ്ണുകളെ തുറക്കേണമേ. നിനക്ക് നന്ദി.

## റെസലൂഷൻ 10



ഉച്ചഭക്ഷണ സമയത്ത് കമറ്റ് പറഞ്ഞു ഞാൻ നിന്റെ കൂടെ പൊയി മേശക്ക് സമീപം ബഞ്ചിൽ ഇരിക്കുന്ന ആ കുട്ടിയുടെ സമീപത്ത് പൊയ് ഇരിക്കാം. എന്താണ് പറയേണ്ടതെന്ന് എനിക്കറിയില്ല എന്നാൽ അവളോട് ദയ കാണിക്കുവാൻ ദൈവം

നമ്മെ സഹായിച്ചിരിക്കുന്നു. ആ പെൺകുട്ടിക്ക് ഭവനത്തിൽ പ്രശ്നങ്ങളുണ്ട് എന്നാൽ പുതിയ കൂട്ടുകാരെ ലഭിച്ച് യേശു അവളെ സ്നേഹിക്കുന്നു എന്നു മനസ്സിലാക്കിയാൽ കൂടുതൽ നന്നായി അവൾക്ക് തോന്നും.

## പ്രവർത്തനം 10

**ദൈവത്തിനു ഒരു എഴുത്ത്**



ഈ പ്രവർത്തനത്തിൽ ക്ലാസ്സിലെ ഓരോ കുട്ടിയും അവരുടെ ജീവിതത്തിൽ ദൈവം എന്താണ് ചെയ്തു തരേണ്ടതെന്നു പറയുന്ന ഒരു കഥ എഴുതുന്നു. വലിയ സ്വപ്നങ്ങൾ കാണാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ദൈവം വലിയവനാണ് ഈ ആഴ്ച മുഴുവൻ തങ്ങളുടെ ഭവനത്തിൽ ഈ കാര്യത്തിനു വേണ്ടിയോ കൂടുതൽ ചില കാര്യങ്ങൾ കൂട്ടി ചേർത്തോ കുട്ടികൾ പ്രാർത്ഥിക്കട്ടെ.

## സമയരേഖ 10

കാലേബിന്റെ ജീവിതത്തിന്റെ രേഖ വരയ്ക്കുക.

ചോദ്യം: കാലേബ് ജനിച്ചപ്പോൾ മോശക്ക് എത്ര വയസായിരുന്നു?


ഉത്തരം: നമുക്ക് ശെരിയായ പ്രായം അറിയില്ലെങ്കിലും മോശക്ക് 40 വയസായിരുന്നു എന്നു ചിന്തിക്കുന്നു.


ചോദ്യം: എത്ര വർഷം കാലേബ് ജീവിച്ചിരുന്നു?

ഉത്തരം: വ്യക്തമായ അറിവില്ലെങ്കിലും 110 വർഷം ജീവിച്ചിരുന്നതായി ചിന്തിക്കുന്നു.

## പ്രശ്നോത്തരികൾ 10

| | | | | | | | | |
|---|---|---|---|---|---|---|---|---|
| പ്ര | ൽ | നി | ർ | ലം | ഗോ | ഒ | തേ | വ |
| കു | ഉ | കാ | ലേ | ബ് | ത്ര | റ്റ | ശു | ഉ |
| പാ | റ്റ | ക | വ | ക്ക | ങ്ങ | യോ | ൻ | ശി |
| ഒ | ക്ഷ | ജ | ന | ങ്ങ | ൾ | ത്തം | കു | ക്ഷ |
| തേ | ൻ | ത്തം | ല്ല | യു | പാ | ജ | നി | ലം |
| ന | ശ | ൾ | ത് | ശു | യോ | ൽ | യു | വാ |
| വാ | ങ്ങ | പി | റ്റ | പി | റ്റ | ക്ക | കു | ശ |





## ചോദ്യോത്തരങ്ങൾ: 10

1.ഏതൊക്കെ പ്രയാസമുള്ള കാര്യങ്ങളാണ് നിങ്ങളോട് ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്?

(നിങ്ങളുടെ കുട്ടികളോട് വിവിധ സന്ദർഭങ്ങൾ സംസാരിക്കുക)

2. എന്നെ തന്നെ വേദനിപ്പിക്കയോ ദൈവം എന്നോട് ചെയ്യുവാൻ പറഞ്ഞു എന്നു വിശ്വസിക്കുന്ന ഒരു വിഷമഘട്ടത്തിൽ ഞാൻ ആകുകയോ ചെയ്താൽ ഞാൻ എന്ത് ചെയ്യും? ദൈവത്തെ വിശ്വസിച്ചതുകൊണ്ട് അനേകരുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട് അതുകൊണ്ട് എത്ര പ്രയാസമുള്ളതായാലും ദൈവത്തോട് അനുസരണക്കേട് കാണിക്കാതെ അവനെ അനുസരിക്കുന്നതാണ് എപ്പോളും അഭികാമ്യം.

3. ദൈവത്തിന്റെ ശബ്ദം കേട്ടു എന്ന് എനിക്ക് എങ്ങനെ ഉറപ്പിക്കാൻ കഴിയും? നിങ്ങളുടെ ഏത് തീരുമാനങ്ങളും നിർദ്ദേശിക്കപ്പെട്ട ഈ 3 നിയമങ്ങൾ കൊണ്ട് പരിശോധിക്കാൻ കഴിയും:

## ഗയിം 10

**ആരാണ് അപ്രത്യക്ഷമായത്?**

- ഒരു വൃത്തത്തിൽ കുട്ടികൾ ഇരുന്ന് അവരുടെ കണ്ണുകൾ അടയ്ക്കുക.
- അദ്ധ്യാപകൻ ഒരു കുട്ടിയെ തൊടുന്നു ആ കുട്ടി പോയി ഒളിക്കണം.
- ആരാണ് അപ്രത്യക്ഷമാകുന്നതെന്ന് കുട്ടികൾ അനുമാനിക്കട്ടെ.
- ഓപ്ഷൻ: വൃത്തത്തിന്റെ ചുറ്റും പല സാധനങ്ങൾ നിങ്ങൾക്ക് വയ്ക്കാം കുട്ടികൾ കാനുകൾ അടച്ചിരിക്കുമ്പോൾ അദ്ധ്യാപകൻ അതിൽ ഒന്ന് എടുത്ത് മാറ്റി എന്താണ് മാറ്റിയതെന്ന് കുട്ടികൾ അനുമാനിക്കണം.



## ഹാജർ 10

ക്ലാസ്സിൽ ഹാജരുള്ള കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്കവിധത്തിൽ അടുത്തയാഴ്ച വന്ന് മറ്റൊരു കാർഡ് ലഭ്യമാകുന്നതിനായി അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:




**ചരിത്ര പുസ്തകങ്ങൾ**

## ഗൃഹപാഠം 10

**അസൈന്മെന്റ്**

നിങ്ങളുടെ ജീവിതത്തിൽ ആരൊക്കെ അത് നല്ല കാര്യമാണെന്ന് അംഗീകരിക്കുമെന്ന് ചിന്തിക്കുക. ആ ആളുകളാണ് നിങ്ങളോടൊപ്പം കൂടുതൽ സമയം ചിലവഴിക്കാൻ ആഗ്രഹിക്കുന്നത്. അവയിൽ ചിലത് മാറ്റം വരുത്തുവാൻ ഓരോടിവസം നിങ്ങൾക്ക് എങ്ങനെ കഴിയുമെന്ന് ചിന്തിച്ച് കൂടുതൽ സമയം ആ കൂട്ടുകാരോടൊത്ത് ചിലവഴിക്കുവാൻ കഴിയും. നിങ്ങൾക്ക് അല്പം വിശ്വാസമുണ്ട്. വെള്ളം ചെടിക്ക് വളരുവാൻ സഹായകരമാകുന്നത് പോലെ ഇത് നിങ്ങളുടെ വിശ്വാസത്തെ വളർത്തുവാൻ സഹായിക്കും.

**വായനഭാഗം**

ദിവസം 1 : സംഖ്യാ. 22:1-8
ദിവസം 2: സംഖ്യാ 22:9-17
ദിവസം 3: സംഖ്യാ 22:18-25
ദിവസം 4: സംഖ്യാ 22:26-33
ദിവസം 5: സംഖ്യാ 22:34-41

# 11. അതിനെക്കുറിച്ച് ചിന്തിക്കപോലും ചെയ്യരുത്.



**ബൈബിൾ കഥ : ബിലയാം**

സംഖ്യാ 22:1-6, 22:9-38, 23:13-21, 24:10-13

## മന:പാഠ വാക്യം 11

എഫെസ്യർ 6:1 "മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ"

## ആവശ്യമായ കഥ



നഗരത്തിൽ നടക്കുന്ന ഒരു സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ബ്രൂസ് ആഗ്രഹിച്ചു. ഗൃഹപാഠം വേഗം തീർത്ത് വീട് ശുചിയാക്കാൻ അമ്മയെ സഹായിച്ചാൽ പോകുന്നതിനുള്ള അനുവാദം കിട്ടും. അവൻ ജോലി തീർത്ത് അവന്റെ അമ്മയോട് പറഞ്ഞു അമ്മേ പ്രധാന കേന്ദ്രത്തിൽ നടക്കുന്ന സമ്മേളനത്തിനു ഉച്ച കഴിഞ്ഞ് ഞാൻ പോയ്ക്കോട്ടെ. അമ്മ അവനോടു പറഞ്ഞു ഉച്ച കഴിഞ്ഞ് പറ്റില്ല ഞങ്ങൾ പുറത്തു പോകാൻ ആഗ്രഹിക്കുന്നു അതിനാൽ നീ വീട്ടിൽ കാണണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ബ്രൂസ് വളരെ ദു:ഖിതനും ആശയക്കുഴപ്പത്തിലുമായി. അവന്റെ അമ്മ പോകാൻ അനുവാദം തന്നില്ല എങ്കിൽ അത് എങ്ങനെ സാധ്യമാകും. ഈ സമയത്ത് തന്റെ സണ്ടേസ്കൂൾ കൂട്ടുകാരനായ കിപ് അവനെ വിളിച്ച് നീ വരുന്നുണ്ടോ. ഞങ്ങൾ നിനക്കുവേണ്ടി കാത്തിരിക്കണമോ എന്നു ചോദിച്ചു. അവൻ പറഞ്ഞു എനിക്ക് പോകാൻ പറ്റില്ല. കിപ് പറഞ്ഞു അത് ദൈവത്തെക്കുറിച്ചുള്ള ചില കാര്യങ്ങൾ ആണ്. നിനക്ക് പോകാം ദൈവമാണ് എല്ലാറ്റിനെക്കാളും വലിയത്.

## പ്രധാന പാഠം 11

യിസ്രായേൽ ജനത മരുഭൂമിയിൽ 40 വർഷം ഉഴന്നുനടന്നു എന്നത് നാം കണ്ടു. അവരുടെ യാത്രയിൽ മോവാബിന്റെ അതിർത്തി പ്രദേശത്ത് കൂടി നടന്നു മോവാബ്യർ അവരെ ഭയപ്പെട്ടിരുന്നതിനാൽ ബിലയാം എന്നു പേരുള്ള ഒരാളെ യിസ്രായേൽ ജനതയെ ശപിക്കുവാൻ മോവാബ്യ രാജാവായ ബാലാക്ക് അയച്ചു. ബിലയാം ദൈവത്തോട് ആലോചന ചോദിച്ചപ്പോൾ അങ്ങോട്ട് പോകരുത് എന്നു ദൈവം പറഞ്ഞു ബാലാക്ക് വിഷണ്ണനായി കൂടുതൽ ശ്രേഷ്ഠരായ ആളുകളെ ഏറ്റവും മെച്ചമായ വാഗ്ദാനങ്ങളുമായി ബിലയാമിന്റെ അടുക്കൽ അയച്ചു. ദൈവം എന്ത് പറയുന്നു എന്നറിവാൻ കാത്തിരിക്കുന്നതിനു ബിലയാം അവരോട് ആവശ്യപ്പെട്ടു ചിലപ്പോൾ ദൈവം പറയുന്നത് നമുക്ക് സമ്മതമെങ്കിൽ വീണ്ടും ചോദിക്കാൻ പ്രേരിപ്പിക്കപ്പെട്ടു അവനെ നിർബന്ധിക്കുന്നു.അവൻ പോകാൻ അനുവദിച്ചെങ്കിലും അവനോടു താല്പര്യക്കുറവ് തോന്നി. നാം ചിലപ്പോൾ ദൈവത്തെ നിർബന്ധിക്കുമ്പോൾ നാം ആഗ്രഹിക്കുന്ന കാര്യം അവൻ അനുവദിക്കുമെങ്കിലും അതിന്റെ പരിണിതഫലങ്ങൾ കൂടി അതിനൊപ്പം അനുഭവിക്കേണ്ടിവരും. മോവാബിലേക്ക് ബിലയാം പോകുന്ന വഴിയിൽ ഒരു ദൂതൻ അവന്റെ മുമ്പിലെത്തി അവനെ തടഞ്ഞു. ബിലയാം അവനെ കണ്ടില്ലെങ്കിലും അവന്റെ കഴുത കണ്ടു. ആദ്യം കഴുത റോഡിൽ നിന്ന് വയലിലേക്കിറങ്ങി പിന്നീട് ബിലയാമിന്റെ കാൽ മതിലിനോട് ചേർത്ത് ഞെക്കി.

പിന്നീട് വഴിയിൽ തന്നെ കിടന്നു. തന്റെ കഴുത മൂലം ബിലെയാം അസ്വസ്ഥനായപ്പോൾ കഴുത സംസാരിക്കാൻ ദൈവം അനുവദിച്ചു. കഴുത പറഞ്ഞു ഞാൻ മൂലം നീ അസ്വസ്ഥനാകുന്നത് എന്ത് ഇത്രയും നാൾ നിന്റെ വിശ്വസ്ഥനായ കഴുത അല്ലായിരുന്നോ ഞാൻ ഇതുപോലെ ഞാൻ എന്നെങ്കിലും ചെയ്തിട്ടുണ്ടോ. അപ്പോൾ അവനെ കൊല്ലുമായിരുന്ന ദൂതനെ കാണാൻ ബിലെയാമിനെ അനുവദിച്ചു. താൻ ചെയ്യുന്നത് തെറ്റാണെന്ന് ബിലെയാമിന് മനസിലായി. ബാലാക്ക് രാജാവിൽ നിന്ന് എത്ര വലിയ സമ്മാനങ്ങൾ ലഭിക്കുവാൻ സാദ്ധ്യത ഉണ്ടെങ്കിലും യിസ്രായേലിനെ ശപിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല എന്നു ബിലയാം തിരിച്ചറിഞ്ഞു. അവർ അവിടെ എത്തിയപ്പോൾ ബിലയാം യിസ്രായേലിനെ 4 പ്രാവശ്യം അനുഗ്രഹിക്കുകയും ഇനി ദൈവത്തോട് അനുസരണക്കേട് കാണിക്കുന്ന കാര്യം ചിന്തിക്കപോലും ഇല്ലെന്നു തീരുമാനിക്കുകയും ചെയ്തു.

ഇന്ന് ആദ്യം മാതാപിതാക്കളെ അനുസരിക്കാതെ സമ്മേളനത്തിനു പോകാൻ പ്രലോഭിക്കപ്പെട്ട ബ്രൂസിനെ നാം കണ്ടു. ദൈവത്തെ സംബന്ധിച്ചുള്ള സമ്മേളനം ആണെന്ന് കിപ് പറഞ്ഞതുപോലെ പല കാരണങ്ങൾ പറയുവാൻ എളുപ്പമാണ്. എന്നാൽ ദൈവം ആജ്ഞാപിക്കുന്നത് നമ്മുടെ മാതാപിതാക്കളെ അനുസരിക്കാനാണ്. ഒരു സമ്മേളനത്തിനു വേണ്ടി ദൈവത്തിന്റെ ആജ്ഞകൾക്ക് മാറ്റം വരുവാൻ പോകുന്നില്ല. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ(മത്തായി 26: 41) യേശു പറയുന്നു. നിങ്ങളുടെ ചിന്തകളെ ശ്രദ്ധിക്കുക  കാരണം തെറ്റുചെയ്യുവാൻ എത്രത്തോളം ചിന്തിക്കുന്നുവോ ശരിചെയ്യുവാൻ കൂടുതൽ പ്രയാസമായി വരും. ദൈവവചനം എന്ത് പറയുന്നു നിങ്ങൾക്ക് ഓർമ്മവരുമ്പോൾ അത് ഉടൻതന്നെ അനുസരിക്കുക. അതുമൂലം തെറ്റു ചെയ്യണമെന്നു ചിന്തിക്കാനുള്ള അവസരം ഉണ്ടാകയില്ല.

ഞാൻ ദൈവത്തെ വേഗത്തിൽ അനുസരിക്കുന്നതിനു തീരുമാനിക്കുന്നു. ഞാൻ തെറ്റുചെയ്യുന്നത് ചിന്തിക്കാൻ പോലും ഞാൻ അനുവദിക്കുകയില്ല.


## റെസലൂഷൻ 11

ആ നിമിഷത്തിൽ മാതാപിതാക്കളെ അനുസരിക്കേണ്ടതാണ് എന്ന ദൈവവചനം ബ്രൂസ് ഓർത്തു. അതിനാൽ അനുസരണയുള്ളവരായി നാം ആയിരിക്കാൻ ദൈവം ആഗ്രഹിക്കുന്നു. അപ്പോൾ അവൻ പറഞ്ഞു ഞാൻ പോകുന്നില്ല ദൈവവചനം പറയുന്നതാണ് നാം ചെയ്യേണ്ടതെന്ന് അവൻ കിപ്പിനോട് പറഞ്ഞു.



## പ്രവർത്തനം 11

റബർ ബാന്റ് റിങ്ങുകൾ(വലയങ്ങൾ) ആഴ്ചമുഴുവൻ ദൈവത്തെ നിർബന്ധിക്കയില്ല എന്നത് ഓർക്കുവാൻ റബർ ബാന്റുകൊണ്ട് വിരൽ വലയങ്ങളോ ബ്രേസ്ലെറ്റുകളോ കുട്ടികൾ ഉണ്ടാക്കട്ടെ.




1. ഒരു റബർബാന്റ് എടുത്ത് പകുതി
2. ആദ്യത്തെ റബർബാന്റു കൊണ്ടുണ്ടാക്കിയ കണ്ണിക്കകത്ത് കൂടെ മറ്റൊരു റബർ ബാന്റ് കടത്തുക.
3. ഒരു ചങ്ങല പോലെ വരത്തക്കവിധം റബർ ബാന്റ് പകുതിയായി മടക്കുക. നിങ്ങൾക്ക് ആവശ്യമായ വലിപ്പത്തിൽ ചങ്ങല രൂപപ്പെടത്തക്കവിധം ഇത് ആവർത്തിക്കുക.
4. അഗ്രങ്ങൾ ഒരുമിച്ചു കെട്ടുന്നതിന് മറ്റൊരു റബർ ബാന്റ് ഉപയോഗിക്കുക

## സമയ രേഖ 11

ബിലയാമിന്റെ കഴുതയുടെ സംഭവം നടന്ന സമയത്തെക്കുറിച്ച് ഒരു പോയിന്റ് മാർക്ക് ചെയ്യുക.

ചോദ്യം: ദൈവത്തിന്റെ ജനങ്ങൾ മരുഭൂമിയിൽ ഉഴന്നു നടക്കാൻ ആരംഭിച്ചപ്പോൾ മോശയ്ക്ക് എത്ര വയസായിരുന്നു.

ഉത്തരം: 80 വയസ്സ്

ചോദ്യം: എന്നാണ് ദൈവജനത്തിനു എതിരായി ബിലയാം പ്രവർത്തിക്കുവാൻ ആരംഭിച്ചത്?

ഉത്തരം: അവർ മരുഭൂമിയിൽ ഉഴന്നു നടന്നപ്പോൾ.


## പ്രശ്നോത്തരി 11

### ബൈബിളിലെ പുസ്തകങ്ങൾ

ഉല്പത്തി മുതൽ എസ്ഥേർ വരെയുള്ള ബൈബിളിലെ പുസ്തകങ്ങൾ ക്രമത്തിനു എഴുതുക

1. ഉല്പത്തി
2. പുറപ്പാട്
3. ലേവ്യാ
4. സംഖ്യാ
5. ആവർത്തനം
6. യോശുവ
7. ന്യായാധിപന്മാർ
8. രൂത്ത്
9. 1ശമുവെല്
10. 2 ശമുവേൽ
11. 1 രാജാക്കന്മാർ
12. 2 രാജാക്കന്മാർ
13. 1 ദിനവൃത്താന്തം
14. 2 ദിനവൃത്താന്തം
15. എസ്രാ
16. നെഹമ്യാവ്
17. എസ്ഥേർ

| | | | | | | | |
|---|---|---|---|---|---|---|---|
| നി | ക്യാ | മ്പ് | ചെ | യ്യു | പ്പെ | ട്ടു | യ |
| പ്ര | ർബ | ശ | ക്തി | മ | ത്ത | ത്താ | വാ |
| ഭൂ | ഇ | ന്ധി | യാം | ര | മ | ക്ക | ൾ |
| ല്ല | ഴ | ല | ക്ക | ക്തി | ക്ഷി | പാ | ദൈ |
| ത | ബി | യ്യു | ശ | ക | ജ | ച്ചു | വം |
| ജ | ന | ങ്ങ | ൾ | ഴ | ന | ങ്ങ | പം |
| ൻ | ത്താ | ച്ചു | ദ്ദൂ | ത | ൻ | പാ | ക |



## ചോദ്യോത്തരങ്ങൾ 11

1. ഞാൻ ആര് പറയുന്നതാണ് കേൾക്കേണ്ടത് (ആദ്യം ദൈവം ഭൂമിയിലെ എന്റെ അധികാരസ്ഥർ, മനസ്സിൽ സൂക്ഷിക്കുക എങ്കിലും നാം ദൈവത്തെ പിന്തുടരുന്നു എന്നും നാം കേൾക്കുന്നതും ചിന്തിക്കുന്നതും നമ്മുടെ മേൽ അധികാരം ഉള്ളവർ സമ്മതിക്കുന്നു എന്നും എപ്പോഴും ഉറപ്പുവരുത്താൻ കഴിയും).

2. എന്തെങ്കിലും തെറ്റായ കാര്യങ്ങൾ എന്റെ മാതാപിതാക്കൾ എന്നോട് ചെയ്യാൻ പറഞ്ഞാൽ എന്ത് ചെയ്യണം (നിങ്ങളുടെ മാതാപിതാക്കൾ ചിലപ്പോൾ പറയുന്നത് തെറ്റാണെന്ന് വിവിധ സാഹചര്യങ്ങളെക്കുറിച്ച് സംസാരിക്കുക. മാതാപിതാക്കളുടെ കാഴ്ചപ്പാടുകൾ മനസിലാക്കിയാൽ പല കാര്യങ്ങളിലും മാതാപിതാക്കൾ ആയിരിക്കും ശരി).
3. ഞാൻ എന്താണ് ഒരു യജമാനൻ(ബോസ്) ആയിത്തീരുന്നത്? (എന്റെ അനുഭവത്തിൽ, അവർക്ക് പ്രായപൂർത്തിയാകുംപോൾ കുറെ വർഷങ്ങൾ മാത്രം അവശേഷിക്കുമ്പോൾ, മറ്റൊരാളെ(മറ്റൊന്നിനെ) സേവിക്കുവാൻ ദൈവം അവരോടു പറയുമ്പോൾ കഴിവുള്ള വിദ്യാർത്ഥികളിൽ നിന്നുള്ള നേതാക്കന്മാർ, ദൈവം അവർക്ക് ശുശ്രൂഷ നൽകുന്നതുവരെ കാത്തിരിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. ഉദാഹരണത്തിന് യേശുവിനു 12 വയസ് ആയിരുന്നപ്പോൾ യേശു വെല്ലുവിളി ഉയർത്തുന്ന ചോദ്യങ്ങൾ മതനെതാക്കന്മാരോട് ചോദിച്ചു. എന്നാൽ 30 വയസ് ആകുന്നതുവരെ അവന്റെ ശുശ്രൂഷ തുടങ്ങാൻ ദൈവം അവനെ അനുവദിച്ചില്ല).


## ഗയിം 11

**കഴുതയെ മുറിവേല്പ്പിക്കരുത്**



- ഒരു കാർഡ് എടുത്ത് വാളിനുള്ള സ്ഥലം ഇട്ട് മദ്ധ്യഭാഗത്ത് ഒരു കഴുതയുടെ ചിത്രം വരയ്ക്കുക. കഴുതയ്ക്ക് ചുറ്റും ശൂന്യമായി കിടക്കുന്ന ഭാഗത്ത് ഉൾക്കൊള്ളത്തക്കവിധം ഒരു വാളും വരയ്ക്കുക.
- കുട്ടികളുടെ രണ്ടോ മൂന്നോ റ്റീമുകൾ രൂപം കൊടുത്തു ഓരോ റ്റീമിനും ഓരോ കുട്ടിയെ വീതം തിരഞ്ഞെടുക്കുക.
- വാൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടിയുടെ കയ്യിൽ കൊടുത്ത് അവരുടെ റ്റീം കണ്ണുകൾ അടക്കുവാൻ ആവശ്യപ്പെടുക.
- ഉച്ചത്തിൽ ദിശകൾ (വലത്ത്,ഇടത്ത്,മുകളിൽ, താഴെ) പറഞ്ഞു തിരഞ്ഞെടുക്കപ്പെട്ട കുട്ടി റ്റീമിനെ നയിക്കുക. കാർഡ്ബോർഡിന്റെ ശൂന്യമായ സ്ഥലത്തേക്ക് കഴുതയെ തൊടാതെ വാൾ കൊണ്ടെത്തിക്കുവാൻ ശ്രമിക്കുക.
- ഓരോ റ്റീമും പൂർത്തിയാക്കുമ്പോൾ അതിൽ വിജയികൾ ആകുന്നവർ തിരഞ്ഞെടുക്കപ്പെടും.

## ഹാജർ 11




ക്ലാസ്സിൽ ഹാജരുള്ള കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്കവിധത്തിൽ അടുത്തയാഴ്ച വന്ന് മറ്റൊരു കാർഡ് ലഭ്യമാകുന്നതിനായി അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:

**കർത്താവിന്റെ വാൾ**

## ഗൃഹപാഠം: 11

**അസൈന്മെന്റ്**

നിങ്ങൾ എതിർക്കുന്ന എന്തോ, നിങ്ങൾ ആഗ്രഹിക്കാത്തതാണ് എന്നാൽ ചെയ്യേണ്ടതുമായ എന്തോ നിങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്ന എന്നാൽ ചെയ്യാൻ പാടില്ലാത്തത്. അങ്ങനെയുള്ളവയെല്ലാം എഴുതുക എന്നതാണ് ഈ ആഴ്ചയിലെ നിങ്ങൾക്കുള്ള അസൈന്മെന്റ്.

അത് ഈ ഗൃഹപാഠത്തെപ്പോലെ എളുപ്പമുള്ള അസൈന്മെന്റോ നിങ്ങളുടെ മാതാപിതാക്കൾ നിങ്ങൾ ചെയ്യണമെന്ന് ആഗ്രഹിക്കുന്നവയോ ആകാം. നിങ്ങളുടെ ഹൃദയത്തിനും, കൂട്ടുകാർ, കുടുംബങ്ങൾ, ദൈവത്തെ സേവിക്കുന്നതിലുള്ള നിങ്ങളുടെ ഭാവി പ്രതീക്ഷകൾ എന്നിവയ്ക്ക് ഉണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് ചിന്തിക്കുക. അപ്പോൾ ദൈവത്തോട് യേശു നിന്റെ രാജാവാണെന്ന് പറഞ്ഞു ക്ഷമിക്കുവാനും ഹൃദയശുദ്ധീകരണത്തിനുമായി യേശുവിനോട് ആവശ്യപ്പെടാം. നിങ്ങളുടെ മത്സരബുദ്ധി ദൂരെമാറിയോ ഇല്ലയോ എന്നു കണ്ടുപിടിച്ച് നിങ്ങൾക്ക് ആവശ്യമുള്ള അത്രയും ആ പ്രാർത്ഥന ആവർത്തിക്കാം.

**വായനഭാഗം**

ദിവസം 1 : യോശുവ 5:13-6:5
ദിവസം 2: യോശുവ 6:6-11
ദിവസം 3: യോശുവ 6:12-19
ദിവസം 4: യോശുവ 6:20-23
ദിവസം 5: യോശുവ 6:24- 27

# 12. ദൈവത്തിന്റെ പക്ഷത്ത്



**വീരപുരുഷൻ(ഹീറോ) യോശുവ**

യോശുവ 1:1-11, 2:1-21, 3:14-4:7, 4:15-18, 5:10-6:11, 6:15, 6:20-25, എബ്രായർ 11:30-31

## മന:പാഠവാക്യം 12

യോഹന്നാൻ 1:12 “അവനെ കൈക്കൊണ്ട അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.”

## ആവശ്യമായ കഥ 12



കിപിന്റെ സ്കൂൾ വർഷം അവസാനിക്കാറായി. അവസാന പരീക്ഷക്ക് സമയമായി അവന്റെ സ്കോളർഷിപ്പ് നിലനിർത്തുന്നതിന് നന്നായി പഠിക്കേണ്ടതുണ്ട്. ആദ്യത്തെ പരീക്ഷയാണ് നാളെയെങ്കിലും ഇന്ന് കാർട്ടൂണുകൾ കാണുകയും കൂട്ടുകാരുമൊത്ത് കളിക്കയും ആയിരുന്നു. ദിവസാന്ത്യത്തിൽ ഉറങ്ങാൻ പോകുമ്പോൾ അവൻ ഇങ്ങനെ പ്രാർത്ഥിച്ചു നാളത്തെ എന്റെ പരീക്ഷയിൽ എന്നെ സഹായിക്കേണമേ എന്റെ സ്കോളർഷിപ്പ് നിലനിർത്തത്തക്കവിധം നന്നായി എഴുതേണ്ടതുണ്ട് എന്നെ ശ്രവിക്കുന്നതിനാൽ നന്ദി. എനിക്കറിയാം നീ എന്നെ സഹായിക്കുമെന്ന്.

## പ്രധാനപാഠം : 12

യോശുവ തന്റെ വിശ്വാസം കെട്ടിപ്പെടുത്തുന്നത് എങ്ങനെ എന്നത് ഓർക്കുക. ആ ജനതയെ നയിക്കുവാൻ ദൈവം യോശുവയെ തിരഞ്ഞെടുത്തു അവന്റെ കൂടെയിരിക്കുമെന്ന ദൈവം വാഗ്ദത്തം ചെയ്തു. 40 വർഷം ഉഴന്നുനടന്ന വാഗ്ദത്ത ദേശം കൈവശമാക്കുവാൻ ഉള്ള സമയം ആയി. 2 ഒറ്റുകാരെ യരിഹോ പട്ടണത്തിലേക്ക് യോശുവ അയച്ചു. പട്ടണ മതിലിന്റെ ഒരു ഭാഗത്തുള്ള രാഹാബ് എന്ന പേരുള്ള ഒരു വേശ്യയുടെ വീട്ടിൽ ഒറ്റുകാരെ ഒളിപ്പിച്ച് അവളുടെ വീടിന്റെ ജനൽ വഴിയായി രക്ഷപ്പെടുവാൻ അവൾ സഹായിച്ചു. ജനലിന്മേൽ ഒരു ചുവന്ന ചരട് കെട്ടിയിട്ടാൽ അവളെയും അവളുടെ കുടുംബങ്ങളേയും രക്ഷിക്കാമെന്ന് അവർക്ക് വാക്ക് കൊടുത്തു.

യോർദ്ദാൻ നദി മറികടക്കുവാൻ ദൈവത്തിന്റെ അധിവാസം ആയിരുന്ന നിയമത്തിന്റെ പെട്ടകം പുരോഹിതന്മാർ ചുമന്നുകൊണ്ട നദിയുടെ മദ്ധ്യത്തിലേക്ക് നീക്കി. നിങ്ങളുടെ കയ്യിൽ വെള്ളത്തിന്റെ ഊണ് വഹിക്കുന്നത് ഒന്ന് ഊഹിക്കുക. ഉണങ്ങിയ നിലത്തുകൂടെ കുറുകെ കടന്നു. ദൈവം അവർക്ക് ചെയ്തത് എപ്പോഴും ഓർമ്മിക്കുന്നതിനു നദീതീരത്ത് നിന്ന് 12 കല്ലുകൾ അവർ എടുത്തു. നമ്മുടെ ജീവിതത്തിലും ദൈവം ചെയ്യുന്നവയെക്കുറിച്ചും നമുക്ക് എഴുതാൻ കഴിയും. പിന്നീട് യിസ്രായേൽ പെസഹാ പെരുന്നാൾ ആചരിച്ചു. കുഞ്ഞാടിന്റെ രക്തം കട്ടളക്കാലിൽ പുരട്ടി ഈജിപ്തിൽ നിന്ന് വിടുവിക്കപ്പെട്ടു.

ഒരിക്കൽ ഊരിയവാലുമായി ഒരു മനുഷ്യൻ നിൽക്കുന്നത് യോശുവ കണ്ടു. യിസ്രായേൽ പക്ഷത്താണോ ശത്രു പക്ഷത്താണോ താൻ എന്നു യോശുവ അവനോടു ചോദിച്ചു. ഞാൻ ആരുടേയും പക്ഷമല്ല എന്ന് അവൻ പറഞ്ഞു. കർത്താവിന്റെ സൈന്യത്തിന്റെ സന്യാധിപൻ ആയിരുന്ന ആ മനുഷ്യൻ യേശുവായിരുന്നു! നാം നമ്മെത്തന്നെ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്നതുകൊണ്ടോ ആരാധനയ്ക്ക് പോകുന്നതുകൊണ്ടോ ദൈവം നമ്മുടെ പക്ഷത്താണെന്ന് നാം അനുമാനിക്കാറുണ്ട്. ചിലപ്പോൾ പരീക്ഷയ്ക്ക് പഠിക്കാതിരിക്കയോ പാപം ചെയ്ത് തെറ്റിലകപ്പെട്ട നമുക്ക് ആവശ്യമുള്ളവ ദൈവത്തോട് പ്രാർത്ഥിക്കയും എന്തുകൊണ്ട് ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കാതിരിക്കുകയും ചെയ്യുന്നു എന്നു നാം അത്ഭുതപ്പെടാറുണ്ട്. നാം ദൈവത്തിന്റെ പക്ഷത്ത് ചേരാതെ മറ്റു വഴിയില്ല. യേശുവിൽ വിശ്വസിക്കുന്നതിന്റെ നിദർശനമായ പെസഹാ ആഘോഷം മൂലം യിസ്രായേല്യർ ദൈവത്തിന്റെ പക്ഷത്ത് ചേർന്നു. രഹാബ് ദൈവത്തിന്റെ പക്ഷത്ത് ചേർന്നു ദൈവജനത്തെ സഹായിച്ച് അവളുടെ കിളിവാതിലിൽ ചുവപ്പ് ചരട് കെട്ടിയത് യേശുവിൽ വിശ്വസിക്കുന്നതിന്റെ മറ്റൊരു നിദർശനം ആണ്. പരീശന്മാർ, യേശുവിന്റെ കാലത്തെ ആത്മീയ നേതാക്കന്മാർ ദൈവത്തിന്റെ പക്ഷത്താണെന്ന് അനുമാനിച്ച് യേശുവിൽ വിശ്വസിക്കാതെ മറ്റുള്ളവരെ ദൈവത്തിൽ നിന്ന് അകറ്റിയിരുന്നു. ചുങ്കക്കാരും വേശ്യമാരും വിശ്വസിച്ച് മാനസാന്തപ്പെട്ടതിനാൽ അവരേക്കാൾ മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നു എന്നു യേശു പറഞ്ഞു(മത്തായി 21:31-32) നമ്മുടെ ആശ്രയം നമ്മുടെ മാതാപിതാക്കളുടെ വിശ്വാസത്തിലോ സഭയിൽ പോകുന്നതിലോ അവർ എവിടെ നിന്ന് വന്നു എന്നത് ചിന്തിച്ച് മറ്റുള്ളവരെ വിധിക്കരുത്. നിങ്ങൾ ഏതിൽ നിന്ന്(എവിടെനിന്ന്) വന്നു എന്നത് ഒരു വിഷയമല്ല രക്ഷയ്ക്കായി യേശുവിൽ വിശ്വസിക്കുക എന്നതാണ് അത്യന്താപേക്ഷിതം.

യിസ്രായേല്യർ പട്ടണത്തിനു ചുറ്റും നടന്നു അത്യുച്ചത്തിൽ ആർത്തു രാഹാബിന്റെ വീടൊഴികെയുള്ള മതിലിന്റെ ഭാഗം വീണു, യിസ്രായേല്യർ പട്ടണം തീവച്ചു നശിപ്പിച്ചു. രാഹാബ് ദൈവജനത്തോട് ചേർന്നു നിൽക്കുക മാത്രമല്ല ഭാവിയിലെ ദാവീദ് രാജാവിന്റെ വലിയ-വലിയമ്മയും യേശുവിന്റെ-വലിയ-വലിയ-വലിയ-വലിയമ്മയും ആയിത്തീർന്നു(മത്താ 1:5, 6, 16) തന്റെ ജീവിതാന്ത്യംവരെ യോശുവ യിസ്രായേലിനെ നയിച്ചു.

ക്രിസ്ത്യാനികളുടെ ഇടയിൽ ആയിരിക്കുന്നതുകൊണ്ട് ദൈവം നമ്മുടെ പക്ഷത്ത് ആണെന്ന് അർത്ഥമില്ല എന്നു ഞാ തിരിച്ചറിയുന്നു. ദൈവത്തെ വിശ്വസിക്കയും അനുസരിക്കയും ചെയ്തു അവന്റെ പക്ഷത്ത് ചേരുവാൻ ഞാൻ തീരുമാനിക്കുന്നു.

## റെസലൂഷൻ :12




കിപ്പിന്റെ പരീക്ഷ വളരെ പ്രയാസം ഏറിയതായിരുന്നതിനാൽ പഠിച്ചാലേ അവനു ജയിക്കാൻ കഴിയുമായിരുന്നുള്ളു അവന്റെ പരീക്ഷ കഴിഞ്ഞപ്പോൾ ദൈവം എങ്ങനെയെങ്കിലും അവനെ സഹായിക്കും എന്നു പ്രതീക്ഷിച്ചു. ശരിയായി ഒരുങ്ങാത്തതിനാൽ ആഴ്ചകൾക്ക് ശേഷം ഫലം വന്നപ്പോൾ കിപ് പരാജയപ്പെട്ടു. കിപിനു അവന്റെ അവന്റെ സ്കോളർഷിപ്പ് നഷ്ടപ്പെട്ടു. അവനു വളരെ വിഷമം തോന്നി അവന്റെ ഫോണ എടുത്ത് ആദ്രത തോന്നാൻ കൂട്ടുകാരനായ റ്റാഫിയെ വിളിച്ചു.



## പ്രവർത്തനം 12

**യെരിഹോമതിൽ**

ദൈവത്തെ അവരിൽ നിന്ന് അകറ്റി നിർത്തുന്ന ചിലതിനെ കുട്ടികൾ പ്രാർത്ഥിക്കയും പ്രതിഫലിപ്പിക്കയും ചെയ്യട്ടെ. യരിഹോ മതിലിന്റെ ഒരു കല്ലെന്ന നിലയിൽ ഓരോ കുട്ടിക്കും ഓരോ കടലാസ് കഷണം നൽകുക. അവർക്ക് കിട്ടിയ കട്ടയിൽ അവരെ തടയുന്നതോ ദൈവത്തിൽ നിന്ന് വേർതിരിക്കുന്നതോ ആയ കാര്യങ്ങൾ എന്തെന്ന് എഴുതുക. അതിനുശേഷം ഈ കടലാസുകൾ മടക്കി വീട്ടിൽ വിദ്യാർത്ഥികൾ കൊണ്ടുപോകട്ടെ. ആഴ്ച മുഴുവൻ ആ കടലാസിൽ നോക്കി അവനിൽ നിന്ന് വേർപെടുത്തുന്നവയെ ഓർത്ത് പ്രാർത്ഥിക്കുമ്പോൾ ദൈവം ആ കട്ടകളെ താഴെക്കിടും.



## സമയരേഖ 12


യോശുവയുടെ ജീവിതരേഖ വരയ്ക്കുക.

ചോദ്യം: യോശുവ ജനിച്ചപ്പോൾ മോശയ്ക്ക് എത്ര വയസായിരുന്നു.


ഉത്തരം: കൃത്യപ്രായം അറിയില്ല. മോശയ്ക്ക് 40 വയസ് ആണെന്ന് വിചാരിക്കപ്പെടുന്നു.

ചോദ്യം: യോശുവ എത്രകാലം ജീവിച്ചിരുന്നു? ഉത്തരം 110 വർഷം

## പ്രശ്നോത്തരികൾ 12




| | | | | | | | |
|---|---|---|---|---|---|---|---|
| വി | വി | രാ | യം | ദൈ | ബം | മ | അ |
| മ | അ | ബം | ഹാ | ട്ടം | വ | തി | ക്ഷി |
| ദൈ | വം | ന്ന | കു | ബ് | ഴ്ച | ല്യ | ച്ച |
| ല്യ | യം | ച്ച | ഗ്ര | യു | ദ്ധം | ക | കു |
| ത്രു | ക്ഷി | ത | ൾ | ഹം | ദ്ദ | ൾ | ട്ടം |
| ര | യോ | ശു | വ | ഹാ | ക്ക | ത | ബം |
| യ | രി | ഹോ | ശം | ത്രു | യോ | ശു | ൻ |
| ൻ | ബം | ഴ്ച | ശ | ഗ്ര | വി | ജ | യം |
| ശ | വീ | ക്ക | ട്ടം | ഹം | ദ്ദ | ശു | ക്ഷി |




## ചോദ്യോത്തരങ്ങൾ 12

1. ദൈവത്തിന്റെ ഹിതമല്ലാതിരുന്ന ഒരു കാര്യത്തിനു ദൈവത്തോട് സഹായം അവസാനമായി ചോദിച്ചത് എപ്പോഴാണ്? (ടി.വിയിൽ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന പോലുള്ള തമാശ കലർന്ന പ്രാർത്ഥനകൾ ജോലി ചെയ്യാൻ പാടില്ലെന്ന് പ്രാർത്ഥിക്കുക, മറ്റൊരു കുട്ടി ഗയിമിൽ തോൽക്കുമ്പോൾ പ്രാർത്ഥിക്കുക തുടങ്ങിയവ).
2. ദൈവം വളരെ വലിയവനാണ്. അവന് എങ്ങനെ എന്റെ അടുത്ത കൂട്ടുകാരനാകുവാൻ കഴിയും(ദൈവത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സംസാരിക്കുക. അവന്റെ മഹത്വം, എന്നാൽ അവന്റെ സ്നേഹവും അവൻ നമ്മെ പൂർണ്ണമായി അറിയുന്നു എന്ന സത്യവും ചർച്ച ചെയ്യുക).
3. എന്നിൽ നിന്ന് ദൈവത്തിനു എന്താണ് ആവശ്യമായിട്ടുള്ളത്? (വിവിധ ദാനങ്ങളും ശാരീരിക കഴിവുകളും ദൈവത്തിൽ നിന്ന് നാം സ്വായത്തമാക്കിയിട്ടുണ്ട്. ദൈവത്തിനു നമ്മെ ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ലോകത്തിൽ അവന്റെ മഹത്വം കാണിക്കുവാനും അവനുവേണ്ടി അനേകരിലേക്കു എത്തിച്ചേരാനും ഉപയോഗിക്കാൻ കഴിയും. എന്ത് വരം ആണ് നിങ്ങൾക്ക് ലഭിച്ചിട്ടുള്ളത്? എന്ത് കഴിവുകൾ ആണ് നിങ്ങൾക്കുള്ളത് ഓർക്കുക. നമുക്ക് ദാനങ്ങളും കഴിവുകളും ഇല്ലെങ്കിലും ദൈവത്തിനു ഞങ്ങളെ ഉപയോഗിക്കാൻ കഴിയും. ചിലപ്പോൾ നമ്മുടെ കുറവുകളിലൂടെ അവന്റെ മഹത്വം ചിലപ്പോൾ കാണിക്കും. നമുക്ക് വേണ്ടി അവൻ ആവശ്യപ്പെടുന്ന എല്ലാത്തിനും ഒരുക്കവും സന്നദ്ധതയും ഉള്ള ഹൃദയത്തെ ദൈവം കരുതുന്നു).

## ഗയിം 12


**ഇത് വരയ്ക്കുക**



- മന:പാഠവാക്യം ഉള്ള ഒരു പോസ്റ്റർ തയ്യാറാക്കുക. ചില വാക്കുകൾ ഒഴിവാക്കി അല്പം സ്ഥലം വെറുതെ ഇടുക.
- കളിക്കുന്നതിനു, കുട്ടികൾ ബൈബിളിൽ നിന്ന് വാക്യം കണ്ടെത്തി കാണാതായ(ഇല്ലാത്ത) വാക്കുകൾ കൂട്ടിച്ചേർത്ത് മന:പാഠവാക്യം പറയുക

- ഒഴിഞ്ഞ സ്ഥലങ്ങളിൽ ഇല്ലാത്ത വാക്കുകളിലൂടെ സ്ഥാനത്ത് കുട്ടികൾ അതിന്റെ ചിത്രം വരയ്ക്കട്ടെ. (ഇല്ലാത്ത വാക്കുകൾ ഒന്നിലധികം രീതിയിൽ കാണിക്കാവുന്നതാണ്)
- നിങ്ങളുടെ ഗ്രൂപ്പ് വലിയതാണെങ്കിൽ നാലോ ആറോ വീതം കുട്ടികൾ ആയിത്തിരിച്ച് ഓരോ റ്റീമിനും പോസ്റ്ററിന്റെ ഒരു കോപ്പി വീതം നൽകുക.
- എല്ലാ ചിത്രങ്ങളും വരച്ച് കഴിയുമ്പോൾ ശരിയായി മന:പാഠം ആക്കുന്നതുവരെ അനേക പ്രാവശ്യം പറയുവാൻ അനുവദിക്കുക.

## ഹാജർ 12




ക്ലാസ്സിൽ ഹാജരുള്ള കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്കവിധത്തിൽ അടുത്തയാഴ്ച വന്ന് മറ്റൊരു കാർഡ് ലഭ്യമാകുന്നതിനായി അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:

**യോശുവ**

## ഗൃഹപാഠം 12

**അസൈന്മെന്റ്**

ഈ ആഴ്ചത്തെ നിങ്ങളുടെ അസൈന്മെന്റ് ഒരു ഗ്രൂപ്പിന്റെ ഭാഗമാകാൻ നിങ്ങൾ ഒരു ക്രിസ്ത്യാനിയായി നടിക്കയാണോ അതോ യേശുവിനെ ശരിയായി വിശ്വസിക്കുന്നോ ഇത് ആദ്യത്തെ പ്രാവശ്യം ആണെങ്കിൽ, അതോ ഉറപ്പില്ലെങ്കിലോ യേശുവിൽ വിശ്വസിച്ച് ദൈവീക കുടുംബത്തിലെ ഒരംഗമായി ചെരുന്നതെങ്ങനെയെന്ന നിങ്ങളുടെ സണ്ടേസ്കൂൾ അദ്ധ്യാപകനോട് ചോദിക്കുക. നിങ്ങൾ യേശുവിനെ സ്വീകരിച്ചവനാണെങ്കിൽ അവരുടെ വസ്ത്രധാരണത്തെക്കുറിച്ചോ അവർ ഗയിമുകൾ നന്നായി കളിക്കുന്നതിനെക്കുറിച്ചോ നിങ്ങളിൽ നിന്ന് വ്യത്യസ്ഥരായവരോട് മാന്യമായി ഈ ആഴ്ചയിൽ സംസാരിക്കുക.

**വായനഭാഗം**

ദിവസം 1: യോശു. 7:1-12
ദിവസം 2: യോശു. 7:13-19
ദിവസം 3: യോശു. 7:20-26
ദിവസം 4: യോശു. 8:1-13
ദിവസം 5: യോശു. 8:14-29

# 13 ഒന്നും കൈവശം വയ്ക്കരുത്.



**ബൈബിൾ കഥ: ആഖാൻ**

യോശുവ 6:17-19, 7:1-12, 7:20-8:7, 8:18-27

## മന:പാഠവാക്യം 13

1 യോഹന്നാൻ 1:9 “നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.”

## ആവശ്യമായ കഥ 13



അദ്ധ്യാപകൻ ആവശ്യപ്പെടുന്നതിന് മുമ്പേ സയൻസിന്റെ ജോലി പൂർത്തീകരിക്കത്തക്കവണ്ണം കോമറ്റ് തന്റെ ക്ലാസ് മുറിയിൽ ആയിരുന്നു. അവന് ഉയർന്ന ഗ്രേഡ് വേണമെന്ന ആഗ്രഹം ഉണ്ടായിരുന്നു. ആ സമയത്ത് ഒരു കൂട്ടുകാരൻ ധൃതിയിൽ ഓടി വന്ന് കൊമറ്റിനെ ഇടിച്ചു. അവൻ ചെയ്ത വർക്കുകൾ എല്ലാം താഴെവീണ് നശിച്ചതിനാൽ അദ്ധ്യാപകന് കൊടുക്കുവാൻ അവന് ഒന്നും ഇല്ലാതെയായി. കോമറ്റ് വളരെ കോപിച്ച് എന്നാൽ ആ കുട്ടി അദ്ധ്യാപകന്റെയും സഹപാഠികളുടെയും മുമ്പിൽ വച്ചു കോമറ്റിനോട് ക്ഷമ ചോദിച്ചു. അപ്പോൾ കോമറ്റിനു ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അവനു മറ്റൊന്നും പറയാൻ പറ്റാതെയായതിനാൽ ക്ഷമ ചോദിച്ചതിനാൽ ഞാൻ ക്ഷമിച്ചു എന്ന് അവനോടു പറഞ്ഞു. എന്നാൽ വാസ്തവത്തിൽ അവനോടു കോമറ്റ് ക്ഷമിച്ചിരുന്നില്ല. അതിനുശേഷം ഒരു വലിയ പ്രധാനപ്പെട്ട പ്രോജെക്റ്റ് അദ്ധ്യാപകനിൽ നിന്ന് ലഭിക്കുവാൻ കോമറ്റ് കാത്തിരുന്നു. ഒരു ദിവസം അങ്ങനെ പ്രോജെക്റ്റ് അസൈൻ ചെയ്തു. കോമറ്റ് പറഞ്ഞു ഇതെന്റെ അവസരമാണ് അത് തുടങ്ങുവാൻ സമയം ആയപ്പോൾ കോമറ്റ് ഒരു സോഡാ വാങ്ങാൻ കടയിലേക്ക് പോയി. മറ്റെയാളിന്റെ(സഹപാഠിയുടെ) പ്രയത്നത്തിന്മേൽ അബദ്ധവശാൽ സോഡാ തെറിപ്പിക്കുക എന്നതായിരുന്നു അവന്റെ ഉദ്ദേശം.

## പ്രധാനപാഠം 13

കഴിഞ്ഞ ആഴ്ചയിൽ യോശുവയും യിസ്രായേൽ ജനതയും യരിഹോ പിടിച്ചടക്കി. അവന്റെ ആദ്യ നഗരത്തെ കത്തിച്ച് അവർക്കുവേണ്ടി ഒന്നും ബാക്കി വയ്ക്കരുത് എന്നു ദൈവം അവരോടു പറഞ്ഞു. ബാക്കി നഗരങ്ങളിലെ കൊള്ളമുതൽ യിസ്രായേൽ ജനത്തിനായിരുന്നു. നമ്മുടെ ജീവിതത്തിൽ

ആദ്യത്തെ എല്ലാം ദൈവത്തിനുള്ളതായതിനാൽ അത് ദൈവത്തിനു നൽകാൻ നാം കടം പെട്ടവർ ആണ്.

അടുത്ത പട്ടണമായ ഹായി പിടിച്ചെടുക്കുക എന്നത് എളുപ്പം ആയിരിക്കും എന്നു യോശുവയും യിസ്രായേൽ ജനവും ചിന്തിച്ചു. നേരത്തേ നടത്തിയ വിജയം വരിച്ച യുദ്ദ്ങ്ങളെക്കാൾ താരതമ്യേന എളുപ്പം വിജയിക്കാമെന്നു അവർ കരുതി. ദൈവം പരിശുദ്ധാത്മാവിനെ നമ്മുടെ

ഹൃദയങ്ങളിൽ പകർന്നിരിക്കുന്നത് പാപത്തിന്മേലുള്ള വിജയത്തിനും മാതാപിതാക്കളോട് കരുണയുള്ളവരായിരിക്കുന്നതിനും ദൈവത്തിനുവേണ്ടി ചില നല്ല കാര്യങ്ങൾ ചെയ്യുന്നതിനുമാണ്. ദൈവത്തിന്റെ സഹായത്താൽ ആതൻ എളുപ്പമായി തോന്നിയേക്കാം. ചില ആളുകളെ മാത്രം പട്ടണത്തിനെതിരായി യിസ്രായേൽ ജനം അയച്ചുവെങ്കിലും ഇപ്രാവശ്യം അവൻ ദയനീയമായി പരാജയപ്പെട്ടു. യോശുവ ദൈവത്തോട് നിലവിളിച്ചു. എന്തുകൊണ്ട് ഞങ്ങളോടൊപ്പം നീ വന്നില്ല ഈ ദേശത്തെ ആളുകൾ ഞങ്ങളെ എല്ലാം നശിപ്പിക്കയും നീ വലിയ ദൈവം ആണെന്ന് ആരും ചിന്തിക്കാതെ വരികയും ചെയ്യും. നിങ്ങൾ എഴുന്നേറ്റു പരാതിപ്പെടുന്നത് നിർത്തുവാനും അവർ പരാജയപ്പെട്ടത് ഒരാൾ യരിഹോവിൽ നിന്നുള്ള കൊള്ളമുതൽ ഒളിച്ചു വച്ച് ദൈവത്തോട് അസത്യം പറഞ്ഞു അനുസരണക്കേട് കാണിച്ചതിനാൽ ആണെന്നും ദൈവം അവരോടു പറഞ്ഞു. ഒരു ദിവസം നിങ്ങളുടെ മാതാപിതാക്കളോട് അസത്യം പറയുന്ന എന്നു വിചാരിക്കുക. നിങ്ങളുടെ മാതാപിതാക്കൾ അദ്ധ്യാപകർ, കൂട്ടുകാർ എന്നിവരിൽ നിന്ന് ചില കാര്യങ്ങൾ മറയ്ക്കാൻ കഴിയും എന്നാൽ ദൈവം എല്ലാം അറിയുകയും കാണുകയും ചെയ്യുന്നു. അല്പ ദിവസങ്ങൾക്ക് ശേഷം നിങ്ങളുടെ മാതാപിതാക്കളോട് ദയ കാണിക്കുന്നത് കൂടുതൽ പ്രയാസമായിത്തീരും. അപ്പോൾ നിങ്ങൾ വളരെ കരഞ്ഞു എന്തുകൊണ്ട് ദൈവം നിങ്ങളുടെ കൂടെയില്ലെന്നു ചോദിക്കും. അതിനുപകരം യോശുവ ചെയ്യുന്നതുപോലെ തെറ്റു സംഭവിച്ചെങ്കിൽ ചെയ്യേണ്ടതത്രേ. അങ്ങനെ ചെയ്യുമ്പോൾ അവൻ നിങ്ങളെ സ്നേഹിക്കുന്നതിനാലും നിങ്ങൾക്കുവേണ്ടി ഏറ്റവും നല്ലത് ചെയ്യുവാൻ ആഗ്രഹിക്കുന്നതിനാലും അവൻ വേഗത്തിൽ നിങ്ങളെ സഹായിക്കും. നാം നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞാൽ നമ്മുടെ പാപങ്ങൾ ക്ഷമിച്ച് വിശുദ്ധീകരിക്കത്തക്കവിധം വിശ്വസ്തൻ ആണ്. നിങ്ങൾ ചെയ്തത് തെറ്റാണെന്ന് ദൈവം നിങ്ങളെ കാണിക്കുമ്പോൾ തിരിച്ചുചെന്ന് അത് ശരിയാക്കണം. മാതാപിതാക്കളോട് നിങ്ങൾ അസത്യം പറഞ്ഞിട്ടുണ്ടെങ്കിൽ അവരോടു സത്യം തുറന്നു പറയുക. നിങ്ങൾ എന്തെങ്കിലും മോഷ്ടിച്ചിട്ടുണ്ടെങ്കിൽ തിരികെ കൊടുക്കുക. ആരോടെങ്കിലും ഔദാര്യമില്ലാതെ ഇടപെട്ടിട്ടുകിൽ അവരോടു ക്ഷമ ചോദിക്കുക. നിങ്ങൾ കോമറ്റിനെ പോലെ പക വച്ചു പുലർത്തുന്ന എങ്കിൽ അവരോടു ക്ഷമിച്ച് അവരോടു പകരം വീട്ടുന്നത് അവസാനിപ്പിക്കുക. ദൈവത്തിനുള്ളത് എന്തെങ്കിലും നിങ്ങൾ കൈവശം ആക്കിയിട്ടുണ്ടെങ്കിൽ അത് തിരികെ നൽകുക. എത്ര പെട്ടെന്ന് നിങ്ങൾ മാനസാന്തരപ്പെടുന്നുവോ അത്രയും വേഗം മുന്നോട്ടു പോയി വിജയത്തിൽ എത്തുവാൻ ദൈവം നിങ്ങളെ സഹായിക്കും.

ആഖാൻ എന്ന പേരുള്ള ഒരുവനാണ് പാപം ചെയ്തത് എന്നു ദൈവം യിസ്രായേലിന് കാണിച്ചുകൊടുത്തു. യരിഹോവിൽ തന്റെ കൂടാരത്തിന് അകത്ത് കുഴിച്ചിട്ട വസ്ത്രവും, വെള്ളിനാണയങ്ങളും സ്വർണ്ണക്കട്ടിയും അവർ കണ്ടെടുത്തു. അവനെയും അവന്റെ വസ്തുക്കളെയും അവർ നശിപ്പിച്ചു. പിന്നീട് ഹായി പട്ടണത്തോടു യുദ്ധം ചെയ്തപ്പോൾ ദൈവം അവരെ സഹായിക്കുകയും വിജയം വരിക്കുകയും ചെയ്തു.

ഞാൻ തെറ്റു ചെയ്യുമ്പോൾ മാനസാന്തരപ്പെടുവാനും ദൈവത്തിൽ നിന്ന് ഒന്നും ഒളിക്കാനോ കൈവശം വയ്ക്കുവാനോ ശ്രമിക്കയില്ലെന്നു തീരുമാനിക്കുന്നു.

## റെസല്യൂഷൻ 13



അവന്റെ അവസരത്തിനുവേണ്ടി നോക്കിക്കൊണ്ടിരുന്നപ്പോൾ കോമറ്റ് എന്താണ് ചെയ്യുവാൻ പോകുന്നതെന്ന് റ്റാഫിക്ക് മനസിലായി. മനസ്സിൽ പക സൂക്ഷിച്ച ക്ഷമിക്കാതെ ഇരിക്കുന്നത് ശരിയല്ല എന്നു റ്റാഫി അവനോടു പറഞ്ഞു. താൻ തെറ്റുകാരനാണെന്ന് കോമറ്റിനു മനസിലായി. അവൻ ദൈവത്തോട്

അപേക്ഷിക്കുകയും അവന്റെ കൂട്ടുകാരനോട് വാസ്തവമായി ക്ഷമിക്കുകയും ചെയ്യു.

## പ്രവൃത്തി 13

**അത് എന്റേതല്ല**



സ്വന്തമായ ഒരു വസ്തു മേശയുടെ മദ്ധ്യഭാഗത്ത് കുട്ടികൾ വയ്ക്കട്ടെ. അതിൽ ഒരു വസ്തു എടുത്ത് ഇത് നിങ്ങളുടെതാണോ എന്ന് ആരോടെങ്കിലും ചോദിക്കുക.അത് അവന്റേതല്ല എങ്കിൽ അത് എന്റേതല്ല എന്റേതല്ലാത്ത ഒന്നും ഞാൻ മോഹിക്കയോ എടുക്കയോ ചെയ്യുകയില്ലെന്ന ആ കുട്ടി ഉത്തരം പറയണം. എല്ലാവരും പങ്കെടുക്കത്തക്കവിധത്തിൽ ഓരോ വസ്തുക്കൾ കൊണ്ടും ഇത് ആവർത്തിക്കുക. ചെറിയ കുട്ടികൾ ആണെങ്കിൽ അത് എന്റേതല്ല എന്ന് മാത്രം പറഞ്ഞു ഉത്തരം ലഘുവക്കുക.

## സമയരേഖ 13

ആഖാന്റെ അനുസരണക്കേടിന്റെ കഥ സംഭവിച്ച സമയം ഒരു പോയിന്റ് മാർക്ക് ചെയ്യുക.

ചോദ്യം: ഹായി പിടിച്ചടക്കിയപ്പോൾ യോശുവയ്ക്ക് എത്ര വയസായിരുന്നു? ഉത്തരം: കൃത്യമായ വയസ് അറിയില്ല എന്നാൽ യോശുവയ്ക്ക് 70 വയസ് ആയിരുന്നു എന്നു ചിന്തിക്കാം.

ചോദ്യം: എപ്പോഴാണ് ആഖാൻ ദൈവത്തോട് അനുസരണക്കേട് കാണിച്ചത്? ഉത്തരം: യരിഹോ പിടിക്കുന്നതിനായി യിസ്രായേൽ മക്കളും യോശുവയും യുദ്ധം നടത്തിയപ്പോൾ.

## പ്രശ്നോത്തരികൾ 13

| 1 | 5 | 7 | 0 | 8 |
|---|---|---|---|---|
| 40 | 25 | 10 | 52 | 27 |

| 4 | 6 | 2 | 9 | . |
|---|---|---|---|---|
| 19 | 21 | 17 | 30 | 39 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 5 | 0 | 4 | 9 | 0 | 8 | 0 | . | 2 | 1 | 4 | 8 | 0 |
| 0 | 1 | 5 | 6 | 1 | 6 | 9 | 4 | 1 | 0 | . | 0 | 6 | 1 |
| 6 | 9 | 1 | 0 | 9 | 7 | 1 | 0 | . | 5 | 8 | 1 | 5 | 8 |
| 0 | 6 | 9 | 2 | 5 | 0 | 8 | 5 | 0 | 6 | 0 | 7 | 4 | 2 |
| 7 | 1 | 0 | 6 | 1 | . | 9 | . | 2 | 1 | 9 | 0 | 9 | 1 |
| 8 | . | 4 | 0 | 8 | 0 | 1 | 5 | 0 | 4 | 8 | 1 | 5 | 6 |
| 4 | 0 | 9 | 7 | . | 4 | . | 9 | 8 | 5 | 6 | 2 | 5 | 0 |
| 1 | 2 | 1 | 4 | 1 | 5 | 0 | 1 | 5 | 6 | 1 | 0 | . | 8 |
| 4 | 8 | 4 | 8 | 6 | 0 | 2 | 5 | 9 | 1 | 9 | 2 | 5 | 1 |
| 8 | 5 | 0 | 9 | 8 | 1 | 8 | 7 | 0 | . | 8 | 1 | 6 | 8 |
| 1 | 9 | 1 | 0 | . | 4 | . | 2 | . | 5 | 9 | . | 0 | 9 |
| 6 | 0 | . | 4 | 1 | 0 | 1 | 0 | 1 | . | 1 | 0 | . | 0 |
| 0 | 8 | 5 | 6 | 0 | 8 | 5 | . | 0 | 9 | 0 | . | 5 | 6 |
| 1 | . | 1 | 0 | 1 | . | 6 | 1 | . | 5 | 1 | 2 | 4 | 8 |
| 9 | 6 | 9 | . | 9 | 7 | 8 | 0 | . | 4 | . | 0 | 9 | . |
| 2 | 0 | 8 | 0 | . | 4 | 9 | 8 | 2 | 8 | 0 | . | 6 | 0 |
| 7 | 2 | 1 | . | 5 | 0 | 1 | . | 7 | 9 | 1 | 9 | 7 | . |
| . | 4 | . | 0 | 2 | 4 | 6 | 0 | . | 4 | 6 | 2 | 0 | 8 |
| 9 | 5 | 9 | 9 | 0 | . | 7 | 9 | 1 | . | 0 | 5 | . | 9 |
| 0 | 2 | 8 | 5 | 9 | 5 | . | 8 | 6 | 0 | 2 | . | 0 | 1 |

| | | | | | | | |
|---|---|---|---|---|---|---|---|
| സ്ല | ആ | ഖാ | ൻ | ദൈ | വ | ഹാ | യ |
| കു | ട്ടം | ബ | സ | ന്തോ | ഷി | ക്കു | ക |
| പ്ര | കോ | പി | പ്പി | ക്ക | പ്പെ | ട്ട | വ |
| ഭ്ര | ജ | പ | സ്ല | ക്ഷി | കോ | സ്ല | ർച്ച |
| യു | ദ്ധം | രാ | ച്ച | പാ | പം | ബം | ജ |
| ക്ഷി | യം | ജ | വി | വ | ട്ടം | ഭ്ര | സ |
| ദൈ | ച്ച | യം | യ് | കു | സ്ല | ക്ഷി | ച്ച |
| ഭ്ര | വം | ഹാ | ക്ഷി | ക | ക്കു | പ്പി | പ |




## ചോദ്യോത്തരങ്ങൾ 13

1. ദൈവം അറിയുന്ന ഏതെല്ലാം കാര്യങ്ങൾ ആണ് മുൻകാലങ്ങളിൽ ഒളിക്കപ്പെട്ടത്? (സംസാരിക്കുവാൻ അവസരം നൽകി ഉറപ്പായി ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അത് ആവർത്തിക്കേണ്ടതാണെന്ന അവരെ ഓർമ്മപ്പെടുത്തുക).
2. ദൈവവുമായുള്ള ബന്ധത്തിൽ ഒരു രണ്ടാമത്തെ അവസരം ഉണ്ടോ?(തീർച്ചയായും, നമ്മൾ അതേ കാര്യം തുടരാനാഗ്രഹിക്കുമ്പോൾ രണ്ടാമത്തെ അവസരങ്ങൾ ചോദിക്കാൻ ഞങ്ങളുടെ മാതാപിതാക്കളെ വഞ്ചിക്കാൻ ശ്രമിക്കുന്ന രീതികളെക്കുറിച്ചും ചിന്തിക്കുക)
3. അതെന്റെ ജീവിതമാണ്. എന്റെ സമയവും എന്റെ പണവും ശരിയല്ലേ?(ക്രിസ്തീയ ജീവിതത്തിന്റെ ഒരു പുതിയ തലത്തിലേക്ക് കടന്ന് എല്ലാം ദൈവത്തിൽ അർപ്പിക്കുമ്പോൾ നിങ്ങൾക്കുള്ളവ നിങ്ങളുടേതല്ല എന്ന നിങ്ങൾ കാണും).

## ഗയിം 13

**മൂസിക് പാസ്**




- ക്രമല്ലാത്ത ബൈബിൾ വാക്കുകൾക്ക് ഒപ്പം ഒരു ബൈബിൾ വാക്യത്തിന്റെ അക്ഷരം ഓരോ കുട്ടികൾക്കും നൽകുക.
- സംഗീതം കേൾപ്പിക്കുമ്പോൾ വൃത്തത്തിൽ കുട്ടികൾ നിന്ന് അവരുടെ കയ്യിലുള്ള കാർഡുകൾ കൈമാറുക.
- സംഗീതം നിൽക്കുമ്പോൾ വാക്യത്തിന്റെ ക്രമം അനുസരിച്ച് അവരുടെ പേപ്പറുകൾ വായിക്കുക.
- അനേക പ്രാവശ്യം കളി കഴിയുമ്പോൾ കുട്ടികൾ അവരുടെ കാർഡുമായി വന്ന് വാക്യത്തിന്റെ ക്രമ പ്രകാരം അവരെ ക്രമമായി നിർത്തുക.
- വാക്യം പല പ്രാവശ്യം ആവർത്തിക്കണം.



## ഹാജർ 13

ക്ലാസ്സിൽ ഹാജരുള്ള കുട്ടികൾക്ക് ഇന്നത്തെ ഹാജർ കാർഡ് നൽകുക. ഹീറോ ഗയിം കളിക്കത്തക്കവിധത്തിൽ അടുത്തയാഴ്ച വന്ന് മറ്റൊരു കാർഡ് ലഭ്യമാകുന്നതിനായി അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:




**ഒളിച്ചുവെക്കപ്പെട്ട സ്വർണ്ണം**

## ഗൃഹപാഠം 13

**അസൈന്മെന്റ്**

ഈ ആഴ്ചത്തെ അസൈന്മെന്റ് നിങ്ങൾ ദൈവത്തിൽ നിന്നും മറ്റുള്ളവരിൽ നിന്നും മറച്ചുവച്ച കാര്യങ്ങളും അവ എന്തുകൊണ്ട് മറച്ചുവച്ചു എന്നും എഴുതുക എന്നതാണ്. അത് നിങ്ങളെ എങ്ങനെ ബാധിച്ചു എന്നു ചിന്തിക്കുക. ദൈവവുമായുള്ള കൂട്ടായ്മയെ ബാധിക്കുന്നെങ്കിൽ അത് നല്ല കാര്യം അല്ല. എന്നാൽ ഹായിയിലെപ്പോലെ അത് നിങ്ങളുടെ ക്ലാസ്സിലുള്ളവരെയും യേശുവിനെ അനുഗമിക്കുന്ന ആളുകളേയും ബാധിക്കും. ചില കാര്യങ്ങൾ അത് വ്യക്തമാക്കാൻ കഴിയില്ല; എന്നാൽ അവ പ്രയോജനം ഉള്ളതും, സന്തോഷം ഉളവാക്കുന്നതും ഒരു ഗ്രൂപ്പായി താല്പര്യം ഉളവാക്കുന്ന അത്ര സൌഹൃദപരമല്ല. നിങ്ങൾക്കറിയാം എന്താണ് ചെയ്യരുതെന്ന്. ആ പാപം യേശുവിനോടോ മാതാപിതാക്കളോടോ വിശ്വസിക്കാവുന്ന അദ്ധ്യാപകനോടോ പാസ്റ്ററോടോ ഏറ്റു പറയുക. ദൈവത്തോട് ക്ഷമക്കായി അപേക്ഷിച്ചു അവന്റെ പാപക്ഷമമൂലം ഉണ്ടാകുന്ന വ്യത്യാസം ശ്രദ്ധിക്കുക.

വായനഭാഗം : ഈ ആഴ്ചയിൽ വായനഭാഗം ഇല്ല.